بِسْمِ اللهِ الرَّحْمٰنِ الرَّحِيْمِ     نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ     وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْد

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ


# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാള്യം 5

ലക്കം 45

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2020 നവംബർ 5/ഹി.ശം. 1399 നുബുവ്വത്ത് 5/1442 റബീഉൽ അവ്വൽ 18


## അല്ലാഹുവിന്റെ വചനം

وَمَنْ يَّعْمَلْ سُوْٓءًا اَوْ يَظْلِمْ نَفْسَهٗ
ثُمَّ يَسْتَغْفِرِ اللّٰهَ يَجِدِ اللّٰهَ
غَفُوْرًا رَّحِيْمًا
(النساء:111)

'വല്ലവനും ഒരു തിന്മ പ്രവർത്തിക്കുകയോ തന്റെ ആത്മാവിനോടു ദ്രോഹം ചെയ്യുകയോ ചെയ്തിട്ട് അല്ലാഹുവിനോടു പാപപ്പൊറുതിക്കായി പ്രാർഥിക്കുന്നതായാൽ അവൻ അല്ലാഹുവിനെ സർവഥാ പൊറുക്കുന്നവനും കരുണാമയനുമായി കണ്ടെത്തുന്നതാണ്.'(4:111)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബി(സ)യുടെ സാരോപദേശം:

☼(833) ഹദ്റത്ത്ആഇശാ(റ) നിവേദനം. അവർ പറഞ്ഞു: നബി(സ)തിരുമേനി നമസ്കാരത്തിൽ ദജ്ജാലിന്റെ പരീക്ഷണത്തിൽനിന്ന് അഭയം തേടിയിരുന്നത് ഞാൻ കേട്ടു.'

☼(834) ഹദ്റത്ത് അബൂബക്ർ(റ) നിവേദനം. അദ്ദേഹം ഒരിക്കൽ നബി(സ)തിരുമേനിയോടു നമസ്കാരത്തിൽ പ്രാർഥിക്കുവാൻ ഒരു പ്രാർഥന പഠിപ്പിച്ചുതരാൻ പറഞ്ഞു. നബി(സ)തിരുമേനി പറഞ്ഞു: 'താങ്കൾ ഇപ്രകാരം പ്രാർഥിച്ചുകൊള്ളുക. അല്ലാഹുവേ! ഞാൻ എന്റെ ആത്മാവിനോടുതന്നെ വളരെയേറെ അനീതി കാണിച്ചിരിക്കുന്നു. നീയല്ലാതെ പാപങ്ങൾ പൊറുക്കാനാരുമില്ലല്ലോ? അതുകൊണ്ട് നിന്റെ പക്കൽനിന്നുള്ള ഔദാര്യംകൊണ്ട് എന്റെ തെറ്റുകൾ എനിക്ക് പൊറുത്തുതരേണമേ; എന്നോടു കരുണകാണിക്കേണമേ. നീയാണ്, നീ മാത്രമാണ് പൊറുക്കുന്നവനും കാരുണികനും.

☼(868)ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബീഖത്താദ അൻസ്വാരീ നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: നമസ്കാരം ദീർഘിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ട് ഞാൻ നമസ്കാരത്തിൽ പ്രവേശിക്കും. അപ്പോൾ കുട്ടികളുടെ കരച്ചിൽ ഞാൻ കേൾക്കും. കുട്ടി കരയുമ്പോൾ മാതാവിനുണ്ടാകുന്ന സ്നേഹദുഃഖം ഞാൻ ശരിക്കും മനസ്സിലാക്കിയതിനാൽ എന്റെ നമസ്കാരം ഞാൻ ചുരുക്കും.(സ്വഹീഹ് ബുഖാരി, വാള്യം 2, കിതാബുൽഅദാൻ, പ്രസാധകർ ഖാദിയാൻ 2006)

**ഞാൻ പലപ്പോഴും അത്ഭുതപ്പെട്ടുപോയിട്ടുണ്ട്; ആളുകൾ തന്നെപ്പോലുള്ള മനുഷ്യരെ സ്വാഗതം ചെയ്യുന്നു. എന്നാൽ, ഖേദകരമെന്നു പറയട്ടെ അല്ലാഹുവിനെ സ്വാഗതം ചെയ്യുന്നില്ല.**

**ഓർമിക്കുക! ദുആ ചെയ്യുന്നതിന് വേഗം മറുപടി കിട്ടുകയാണെങ്കിൽ പൊതുവെ ഗുണകരമായിരിക്കുകയില്ല. വിളംബം വിജയത്തിന് നിമിത്തമാണ്.**

**സ്വപ്ന വ്യാഖ്യാനത്തിൽ ധനം, കരളാണ്. അതുകൊണ്ട് ദാനധർമങ്ങൾ ചെയ്യുന്നത് ജീവൻ നല്കുക എന്നാകുന്നു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**അല്ലാഹുവിന്റെ നിലപാടുമാറ്റലും കാരുണ്യമാണ്:**
'അല്ലാഹുവിന്റെ നിലപാടു മാറ്റലും കാരുണ്യമാണ്. നോക്കുക! യൂനുസ്(അ)ന്റെ ജനതയുടെ കാര്യത്തിൽ അല്ലഹു ഖണ്ഡിതമായ ഇൽഹാം നല്കി. ജനങ്ങൾ അലമുറയിട്ടുകരയാനും മുറവിളി കൂട്ടാനും തുടങ്ങിയപ്പോൾ ശിക്ഷ അകറ്റപ്പെട്ടു. അല്ലാഹു കരുണയോടെ ദൃഷ്ടി പതിപ്പിച്ചു. അതിനാൽ അല്ലാഹുവിന്റെ നിലപാടുമാറ്റലും ഒരു പ്രത്യേക കൃപയാണ്. അവന്റെ മുമ്പിൽ കരയുന്നവരും എളിമയും നിസഹായതയും പ്രകടിപ്പിക്കുന്നവരുമാണ് അത് പ്രയോജനപ്പെടുത്തുന്നത്. ഞാൻ പലപ്പോഴും അത്ഭുതപ്പെട്ടുപോയിട്ടുണ്ട്; ആളുകൾ തന്നെപ്പോലുള്ള മനുഷ്യരെ സ്വാഗതം ചെയ്യുന്നു. എന്നാൽ, ഖേദകരമെന്നു പറയട്ടെ അല്ലാഹുവിനെ സ്വാഗതം ചെയ്യുന്നില്ല.

**ദുആ സ്വീകാര്യതയിൽ വിളംബം വിജയത്തിനു നിമിത്തമാണ്:**
ഓർമിക്കുക!ദുആ ചെയ്യുന്നതിന് വേഗം മറുപടി കിട്ടുകയാണെങ്കിൽ പൊതുവെ ഗുണകരമായിരിക്കുകയില്ല. അതിനാൽ ദുആ ചെയ്ത് നിരാശരാവരുത്. ദുആ സ്വീകാര്യതയിൽ എത്രത്തോളം വിളംബമുണ്ടാകുകയും അതിന് ബാഹ്യമായി മറുപടി കിട്ടാതിരിക്കുകയും ചെയ്യുമ്പോൾ സന്തോഷിക്കുകയും നന്ദി പ്രകടിപ്പിക്കുകയും സുജൂദുകൾ ചെയ്യുകയും ചെയ്യേണ്ടതാണ്. കാരണം അതിൽ നേട്ടവും നന്മയുമുണ്ട്. വിളംബം വിജയത്തിന് നിമിത്തമാണ്.

**യൂനുസ്(അ)ന്റെ ജനതയിൽനിന്ന് ശിക്ഷ അകലാൻ കാരണം:**
വളരെ വലിയ വിജയത്തിനുവേണ്ടിയുള്ള അഭയമാണ് ദുആ. യൂനുസ്(അ)ന്റെ ജനത വിലാപവും പ്രാർഥനയും കാരണത്താൽ ശിക്ഷയിൽനിന്ന് രക്ഷപ്പെട്ടു. ഞാൻ മനസ്സിലാക്കുന്നത് സ്നേഹം(ഇവിടെ)കോപത്തിനാണ് പറയുന്നതെന്നാണ്. (അതായത് അല്ലാഹു അവരുടെമേൽ ശിക്ഷ ഇറക്കണം,വിവ:)
മത്സ്യത്തിനാണ് 'ഹൂത്ത്' എന്നു പറയുന്നത്. 'നൂൻ' വേഗത്തിനും മത്സ്യത്തിനും പറയും. ഹദ്റത്ത് യൂനുസിന്റെ അവസ്ഥ ഒരു ദേഷ്യത്തിന്റേതായിരുന്നു. വാസ്തവമെന്താണെന്നാൽ ശിക്ഷ അകന്നുപോയതുകൊണ്ട് അദ്ദേഹത്തിന് പ്രവചനവും ദുആകളുമെല്ലാം പാഴായിപ്പോയെന്നുള്ള പരാതിയുടേയും ആവലാതിയുടേയും വിചാരം വന്നു! തന്റെ കാര്യം പൂർത്തിയായില്ലെന്ന വിചാരവുമുണ്ടായി. ഇതായിരുന്നു കോപത്തിന്റെ അവസ്ഥ. ഇതിൽനിന്ന് തഖ്ദീർ അഥവാ വിധിയെ അല്ലാഹു മാറ്റുന്നു എന്ന ഒരു പാഠം ലഭിക്കുന്നുണ്ട്. കരയുകയും വിലപിക്കുകയും ദാനധർമങ്ങൾ ചെയ്യുകയും ചെയ്യുന്നതിലൂടെ കുറ്റത്തെ അല്ലാഹു പാടെ ഉപക്ഷിക്കുന്നു. ദാനധർമത്തിന്റെ നിയമം ഇതിലൂടെയാണ് പുറത്തു വന്നത്. ഈ മാർഗം അല്ലാഹുവിനെ പ്രീതിപ്പെടുത്തുന്നതിനുള്ളതാണ്. സ്വപ്ന വ്യാഖ്യാനത്തിൽ ധനം, കരളാണ്. അതുകൊണ്ട് ദാനധർമങ്ങൾ ചെയ്യുന്നത് ജീവൻ നല്കുക എന്നാകുന്നു. മനുഷ്യൻ ദാനധർമങ്ങൾ കൊടുക്കുന്ന നേരത്ത് എത്രത്തോളം സത്യസന്ധതയും സ്ഥൈര്യവുമാണ് കാണിക്കുന്നത്. കർമപരമായ വിധത്തിൽ കൊണ്ടുവന്ന് എന്തെങ്കിലും കാര്യം കാണിക്കാത്തിടത്തോളം പൊള്ളയായ സംസാരംകൊണ്ട് ഒന്നും നടക്കുകയില്ലെന്നതാണ് വസ്തുത. അതിനെ സ്വദഖ(ദാനധർമം)എന്നു പറയുന്നത് സത്യസന്ധന്മാരിൽ അത് അടയാളമിടുന്നു എന്നതുകൊണ്ടാണ്.' (മൽഫൂദാത്ത് വാള്യം 1, പേജ് 218 - 219, ഖാദിയാൻ 2018)

## അനുവദനീയമായ കാര്യങ്ങളിൽ അല്ലാഹുവിന്റെ പക്കൽ ഏറ്റവും വെറുക്കപ്പെട്ടത് സ്ത്രീകളെ മൊഴിചൊല്ലലാണ്.

**ആളുകൾ തങ്ങളുടെ സ്നേഹിതന്മാരുടെ വെറുപ്പും ജനതയുടെ വെറുപ്പും സഗൗരവം ശ്രദ്ധിക്കുമ്പോൾ മനുഷ്യൻ അല്ലാഹുവിന്റെ വെറുപ്പാണോ ശ്രദ്ധിക്കാതിരിക്കേണ്ടത്.**

സയ്യിദുനാ ഹദ്റത്ത് മുസ്വ്ലിഹ് മൗഊദ്(റ) പറയുന്നു. നബി(സ)തിരുമേനിപറഞ്ഞു: ഇന്ന അബ്ഗളൽ ഹലാലി യിൻദല്ലാഹിത്ത്വലാഖു അനുവദനീയമായ കാര്യങ്ങളിൽ അല്ലാഹുവിന്റെ പക്കൽ ഏറ്റവും വെറുക്കപ്പെട്ടത് സ്ത്രീകളെ മൊഴിചൊല്ലലാണ്. അനുവദനീയമായ കാര്യങ്ങളിൽ അല്ലാഹുവിന്റെ പക്കൽ ഏറ്റവും വെറുക്കപ്പെട്ടത് ത്വലാഖ് അഥവാ മൊഴിച്ചൊല്ലലാകുമ്പോൾ, അതിനെ സംബന്ധിച്ച് അത് അല്ലാഹു ഏറ്റവും വെറുക്കപ്പെട്ടതാണെന്ന് അയാൾ മനസ്സിലാക്കുമ്പോൾ അല്ലാഹുവിനോടു സ്നേഹമുള്ള ഒരു മുഅ്മിന്റെ മനസ്സ് അതിന്റെ അടുത്തേക്കുപോലും എങ്ങനെ പോകാനാണ്? അനുവദനീയമായ എല്ലാ എല്ലാ കാര്യങ്ങളും ചെയ്തുകൊള്ളണമെന്നത് നിർബന്ധമുള്ള കാര്യമല്ല. ബനാറസ്, കൊൽക്കൊത്ത, മദ്രാസ്, അല്ലെങ്കിൽ മുംബയ് തുടങ്ങിയ സ്ഥലങ്ങളിൽ പോകുന്നത് അനവദനീയമാണെന്ന് എല്ലാവർക്കും അറിയാം. പക്ഷേ, അവിടെ പോകുന്നവർ തീർച്ചയായും അവിടെ പോയേ തീരൂ എന്നർഥത്തിൽ പോകുന്നവർ എത്ര പേരുണ്ട്? പിന്നെ അവിടെ പോകാൻ പണമില്ലാത്തവർ അവർ കിടപ്പാടം വില്ക്കുകയും അനുവദനീയമായ കാര്യം തീർച്ചയായും ചെയ്യണം എന്ന് വിചാരിക്കുകയും ചെയ്യുമോ? ജനങ്ങൾ അങ്ങനെ പ്രവർത്തിക്കാത്തതുതന്നെ അനുവദനീയമായ എല്ലാ കാര്യങ്ങളും ചെയ്യേണ്ടത് നിർബന്ധമല്ലെന്ന് മനസ്സിലാക്കുന്നതുകൊണ്ടാണ്. മറിച്ച് ഉചിതമായ സാഹചര്യവും സന്ദർഭവും നോക്കേണ്ടത് അനിവാര്യമാണ്. ഒരു അനുവദനീയമായ കാര്യം ചെയ്യുന്നതുകൊണ്ട് വെറുക്കപ്പെടുന്ന സാഹചര്യമുണ്ടാകുമെങ്കിൽ അതു ചെയ്യാതിരിക്കേണ്ടതാണ്. ഉദാഹരണത്തിന് ഉള്ളി തിന്നുന്നത് അനുവദനീയമാണ്. പക്ഷേ, ഉള്ളി തിന്ന് മസ്ജിദിൽ പോകുന്നത് വിരോധമാണ്. കാരണം അവിടെയുള്ള ആളുകൾക്ക് അതിന്റെ മണം ബുദ്ധിമുട്ടുണ്ടാക്കും. ഇപ്രകാരം പച്ച നിറത്തിലുള്ള വസ്ത്രം ധരിക്കുകയോ പുതയ്ക്കുകയോ ചെയ്യുന്നത് അനുവദനീയമാണ്. അല്ലെങ്കിൽ കറുപ്പ് കലർന്ന ചെമപ്പു നിറത്തിലുള്ള വസ്ത്രം ധരിക്കുകയോ അല്ലെങ്കിൽ മഞ്ഞ നിറത്തിലുള്ള വസ്ത്രം ധരിക്കു

(ശേഷം പേജ് 12ൽ)

## ഈ ലക്കത്തിൽ


ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

ഖുത്വ്ബ ജുമുഅ 2020 ഒക്ടോബർ 02 (സമ്പൂർണ തർജമ)

പര്യടന റിപ്പോർട്ട് ഹുദൂർ അയ്യദഹുല്ലാഹ്


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

لَآ اِلٰهَ اِلَّا اللّٰهُ مُحَمَّدٌ رَّسُوْلُ اللّٰهِ

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

മുമ്പിൽവരാൻ എതിരാളികളെല്ലാവരേയും നാം വിളിച്ചു.

**ഇന്നസ്സുമൂമ ലശർറു മാഫിൽ ആലമി - ശർറസ്സുമൂമി അദാവത്തുസ്സ്വുലഹാഇ**

**'തവഫ്ഫാ' എന്ന പദത്തിനെ അടിസ്ഥാനമാക്കി 1000 രൂപ ഇനാം പ്രഖ്യാപിച്ചുകൊണ്ടുള്ള വെല്ലുവിളി. ഈ പദം 'ആത്മാവിനെ പിടിക്കൽ' അല്ലെങ്കിൽ 'മരിപ്പിക്കൽ' എന്ന അർഥത്തിലല്ലാതെ മറ്റേതെങ്കിലും അർഥത്തിൽ ഉപയോഗിച്ചിട്ടുള്ളതായി സ്ഥാപിക്കുവിൻ.**

ഈ ഗംഭീരമായ വെല്ലുവിളി സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) മുസ്ലിം ഉലമാക്കൾക്കുവേണ്ടി തന്റെ നിരവധി ഗ്രന്ഥങ്ങളിൽ സമർപിച്ചിട്ടുണ്ട്. അവയിലൊന്ന് 'ഹമാമത്തുൽ ബുശ്റാ'യുമാണ്. ഈ ഗ്രന്ഥം അദ്ദേഹം രചിച്ചത് അറബികളെ തബ്ലീഗ് ചെയ്യാൻ വേണ്ടിയാണ്. അതിനാൽ അദ്ദേഹത്തിന്റെ ഈ വെല്ലുവിളി അറബികളും അല്ലാത്തവരുമായ എല്ലാ മുസ്ലിം ഉലമാക്കളോടുമാണ്. ഏറ്റവുമാദ്യം അദ്ദേഹം ഈ വെല്ലുവിളി എഴുതിയത് തന്റെ 'ഇസാലയെ ഔഹാം' എന്ന ഗ്രന്ഥത്തിലാണ്. ആഗ്രന്ഥം 1891 ലാണ് എഴുതിയത്. രണ്ടു വർഷത്തിനുശേഷം ഈ വെല്ലുവിളി തന്റെ 'ഹമാമത്തുൽ ബുശ്റാ'എന്ന ഗ്രന്ഥത്തിലെഴുതി. അത് 1893 ൽ എഴുതിയ ഗ്രന്ഥമാണ്. മൂന്നാം തവണ ഈ വെല്ലുവിളി തന്റെ ഗ്രന്ഥമായ 'തിർയാഖുൽഖുലൂബിൽ' എഴുതി. 1899 ലാണ് അതെഴുതിയത്. നാലാം തവണ ഈ വെല്ലുവിളി 'ബറാഹീനെ അഹ്മദിയ്യ' അഞ്ചാം വാള്യത്തിലുമെഴുതി. 1905ന്റെ അവസാനത്തിലാണ് ആ ഗ്രന്ഥം എഴുതാൻ തുടങ്ങിയത്. ഈ എല്ലാ വെല്ലുവിളികളും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകളിൽ ഞങ്ങൾ അവതരിപ്പിക്കുന്നതാണ്. ഇൻശാഅല്ലാഹ്.

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മാർഗനിർദേശങ്ങളുടെ വെളിച്ചത്തിൽ ഈസാനബി വഫാത്തായിരിക്കുന്നുവെന്നതിനുള്ള കുറച്ചുതെളിവുകൾ ചുരുക്കിവിവരിക്കുകയാണ്. നമ്മുടെ പ്രിയപ്പെട്ട യജമാനർ സയ്യിദുനാ വ മൗലാനാ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ) മരിച്ചു കാണിച്ചുകൊണ്ട് മരണം എന്നത് നബിമാരുടെ സുന്നത്താണെന്ന് സ്ഥാപിച്ചുകാണിച്ചിരിക്കുന്നു. ഒരു ഹദീഥനുസരിച്ച് 124000 നബിമാർ ലോകത്തു വന്നിട്ടുണ്ട്. പക്ഷേ, എല്ലാവരും തങ്ങളുടെ ആയുസ്സു പൂർത്തിയാക്കി മരിച്ചുപോയിരിക്കുന്നു. അതുകൊണ്ടുതന്നെ ഹദ്റത്ത് ഈസാ(അ)യും മരിച്ചുകഴിഞ്ഞിരിക്കുന്നു. ശ്രീനഗറിലെ ഖാൻയാർ തെരുവിൽ അദ്ദേഹത്തിന്റെ ഖബ്റുണ്ട്. ഈസാ(അ) സ്ഥൂല ശരീരത്തോടെ ആകാശത്തുപോയി എന്ന വിശ്വാസം അനിസ്ലാമികമാണ്. വിശുദ്ധ ഖുർആനിലെ 200 ആയത്തിൽനിന്ന് അദ്ദേഹത്തിന്റെ മരണം സ്ഥാപിതമാകുന്നുണ്ട്. മൂന്നാം അധ്യായമായ ആലുഇംറാൻ വചനം 56 ൽ അല്ലാഹു പറയുന്നു: *യാ ഈസാ ഇന്നീ മുത്തവഫ്ഫീക്ക വ റാഫിഉക്ക ഇലയ്യ വ മുത്വഹ്ഹിറുക്ക മിനല്ലദീന കഫറൂ വ ജായിലുല്ലദീനത്തബഊക്ക ഫൗഖല്ലദീന കഫറൂ ഇലാ യൗമിൽ ഖിയാമത്തി* ഓ ഈസാ! ഞാൻ നിന്നെ മരിപ്പിക്കുകയും എന്നിലേക്ക് ഉയർത്തുകയും അവിശ്വാസികളുടെ ആക്ഷേപങ്ങളിൽനിന്ന് നിന്നെ പരിശുദ്ധനാക്കുകയും നിന്നെ പിന്തുടരുന്നവരെ പുനരുഥാന നാൾവരെയും നിഷേധിച്ചവർക്കുപരിയായ നിലയിൽ ആക്കുകയും ചെയ്യും.'

ഇവിടെ 'മുതവഫ്ഫീക്ക' എന്നതിന്റെ അർഥം 'മരണം' 'ആത്മാവിനെ പിടിക്കൽ' എന്നതാണ്. പക്ഷേ, അനഹ്മദി ഉലമാക്കൾ ഹദ്റത്ത് ഈസാ(അ) ജീവിച്ചിരിക്കുന്നുവെന്ന് സ്ഥാപിക്കുന്നതിനുവേണ്ടി, അദ്ദേഹത്തെ ആകാശത്തിൽ കൊണ്ടെത്തിക്കുന്നതിനുവേണ്ടി 'മുതവഫ്ഫീക്ക' എന്നതിന്റെ അർഥം ശരീരം പിടിച്ചെടുക്കലെന്നും സ്ഥൂലശരീരത്തോടെ ആകാശത്തുപൊക്കിയെടുത്തുമെന്നുമാണ് പറയുന്നത്.

ചിന്തിക്കേണ്ട കാര്യം 'മുതവഫ്ഫീക്ക' എന്ന വാഗ്ദാനം പുലർന്നിട്ടില്ലെങ്കിൽ അടുത്ത മൂന്നു വാഗ്ദാനങ്ങളും പുലർന്നിട്ടില്ല എന്നതാണ്. അത്തരം ചിന്ത അല്ലാഹുവിന്റെ ഉദ്ദേശ്യത്തിനു വിരുദ്ധവും ഒരു നബിയുടെ മഹിമാവിലാസത്തിന് പോറലേൽപിക്കുന്നതുമല്ലാതെ മറ്റൊന്നുമല്ല. ഹദ്റത്ത് ഇമാം ബുഖാരി(റഹ്) ഹദ്റത്ത് ഇബ്നു അബ്ബാസ്(റ)ന്റെ നിവേദനം രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ പക്കൽ 'മുത്തവഫ്ഫീക്ക' എന്നതിന്റെ അർഥം 'മുമീത്തുക്ക' എന്നാണ്; ഞാൻ നിന്നെ മരിപ്പിക്കുന്നവനാണ്. ഇമാം ബുഖാരി(റഹ്) ഒരു സ്വഹാബിയിൽനിന്നും 'മുതവഫ്ഫീക്ക' എന്നതിന് മറ്റൊരു അർഥമുള്ളതായി നിവേദനം രേഖപ്പെടുത്തിയിട്ടില്ല. ഇമാം മുസ്ലിമും(റഹ്) മറ്റൊരു നിവേദനവും രേഖപ്പെടുത്തിയിട്ടില്ല. അതായത് എല്ലാ സ്വഹാബിമാരും താബിയീങ്ങളും തബഅതാബിയീങ്ങളും മുതവഫ്ഫീക്ക എന്നതിന്റെ അർഥത്തിൽ ഹദ്റത്ത് ഇബ്നു അബ്ബാസ്(റ)നെ പിൻപറ്റുകയാണ് ചെയ്തിട്ടുള്ളത്. തെളിവുകൾ മുകളിൽ പറഞ്ഞതുതന്നെയാണ്. ഒരാളിൽനിന്നും ഇതിനുവിരുദ്ധമായി നിവേദനം ചെയ്യപ്പെട്ടിട്ടില്ല. ഹദ്റത്ത് ശാഹ് വലിയുല്ലാഹ് മുഹദ്ദഥ് ദഹ്ലവി തന്റെ ഗ്രന്ഥമായ രിസാല 'അൽഫൗസുൽകബീർ വ ഫതഹുൽ ഖബീർ –ഇത് നബി(സ) തിരുമേനിയുടെ വാകൃങ്ങൾകൊണ്ടുള്ള ഖുർആനിന്റെ തഫ്സീറാണ്– ൽ മുത്തവഫ്ഫീക്കയുടെ അർഥം മുമീത്തുക്ക എന്നു വിവരിച്ചിരിക്കുന്നു. ഇതല്ലാതെ മറ്റൊന്നും പറഞ്ഞിട്ടില്ല. ത്വബ്റാനിയിലും മുസ്തദർക്കിലും ഹദ്റത്ത് ആഇശ(റ)യിൽനിന്ന് നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: 'എല്ലാ ഓരോ നബിയും അദ്ദേഹത്തിന് മുമ്പേ വന്ന നബിയുടെ പകുതി ആയുസ്സ് പ്രാപിക്കുന്നു. ഹദ്റത്ത് ഈസാ(അ)120 വയസ്സുവരെ ജീവിച്ചിരുന്നുവെന്ന് ജിബ്രീൽ എന്നോടു പറഞ്ഞു. 60 വയസ്സിന്റെ തലയ്ക്കൽ ഇവിടെനിന്ന് വിടപറയുമെന്നാണ് ഞാൻ കരുതുന്നത്.' മജ്മഉൽബഹാറിന്റെ കർത്താവ് ഹദ്റത്ത് ഈസാ(അ)യെസംബന്ധിച്ച്ഇമാംമാലിക്(റഹ്)ന്റെഅഭിപ്രായം വിവരിച്ചിരിക്കുന്നു: വ ഖാല മാലിക്കുൻ മാത്ത. ഇമാം മാലിക്കിന്റെ മതം ഹദ്റത്ത് ഈസാ (അ) വഫാത്തായിരിക്കുന്നുവെന്നാണ്. ഇമാം ഇബ്നുൽഖയ്യിം(റഹ്)ന്റെ ഗ്രന്ഥമായ മദാരിജുസ്സാലിക്കീനിൽ ഈ ഹദീഥ് വിവരിച്ചിരിക്കുന്നു: നബി(സ)തിരുമേനി പറഞ്ഞു:'മൂസായും ഈസായും ജീവിച്ചിരുന്നെങ്കിൽ അവർക്ക് എന്നെ പിൻപറ്റാതെ നിരവാഹമില്ലായിരുന്നു.' സയ്യിദുനാ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ) മിഅ്റാജ് രാവിൽ ഹദ്റത്ത് ഈസായെ ഹദ്റത്ത് യഹ്യായോടൊപ്പം രണ്ടാനാകാശത്തു കണ്ടു. ഇവിടെ ഹദ്റത്ത് ഈസാ(അ) ജീവിച്ചിരിപ്പുണ്ടെങ്കിൽ അദ്ദേഹത്തെ മരിച്ചുപോയ ആത്മാക്കളോടൊപ്പം കണ്ടതിന്റെ അർഥമെന്താണ്? ഇമാം ഇബ്നുഹസം–അദ്ദേഹത്തിന്റെ പ്രശസ്തി വിവരിക്കേണ്ട ആവശ്യമില്ല, ഹദ്റത്ത് ഈസാ(അ) മരിച്ചുപോയെന്ന് വിശ്വസിക്കുന്ന ആളായിരുന്നു. ഫാളിലും മുഹദ്ദിഥും മുഫസ്സിറുമായ ഇബ്നുതീമിയ ഹദ്റത്ത് ഈസാ(അ) മരിച്ചുപോയെന്ന് വിശ്വസിക്കുന്ന ആളായിരുന്നു. അപ്രകാരംതന്നെ റഈസുൽ മുതസ്സ്വവഫ്ഫീൻ ശെയ്ഖ് മുഹ്യിദ്ദീൻ ബിൻ അറബി വഫാത്തെ മസീഹ് അംഗീകരിക്കുന്ന ആളായിരുന്നു. ഈസാ നബി ജീവിച്ചിരിക്കുന്നുവെന്ന മുസ്ലിമീങ്ങളുടെ വിശ്വാസം ക്രൈസ്തവപാതിരിമാർക്ക് മുസ്ലിമീങ്ങളെ ആക്രമിക്കാനുള്ള പൂർണമായ അവസരം നല്കി. ക്രൈസ്തവ പാതിരിമാർ മുസ്ലിമീങ്ങളെ പരസ്യമായി വെല്ലുവിളിച്ചുകൊണ്ട് ചോദിക്കുന്നു, 'ആരാണ് ശ്രേഷ്ഠൻ' എന്നു പറയുക; രണ്ടായിരംവർഷമായി ആകാശത്തു ജീവിച്ചിരിക്കുകയും അവസാന കാലത്ത് പരിഷ്കരണത്തിന് വീണ്ടും വരികയും ചെയ്യുന്ന ഈസായോ മരിച്ച് മണ്ണിൽ മറയടക്കപ്പെട്ട മുഹമ്മദോ?' മുസ്ലിം ഉലമാക്കളുടെ കൈയിൽ ഇതിന് ഒരു മറുപടിയുമില്ല. ഈ അനിസ്ലാമിക വിശ്വാസം ഇസ്ലാമിന് ആഴത്തിലുള്ള മുറിവാണേല്പിച്ചത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഈസാ നബി ജീവിച്ചിരിക്കുന്നുവെന്ന് തെറ്റായ വിശ്വാസം ഇസ്ലാമിനെ വിഴുങ്ങാനാഗ്രഹിക്കുന്നു. ഹദ്റത്ത് ഈസാ(അ) ജീവിച്ചിരിക്കുന്നുവെന്ന വിശ്വാസം ആദ്യകാലങ്ങളിൽ ഒരു തെറ്റിന്റെ വർണം മാത്രം ഉൾക്കൊള്ളുന്നതായിരുന്നു. എന്നാൽ, ഇന്ന് ആ തെറ്റ് ഒരു പെരുമ്പാമ്പായി തീർന്നിരിക്കുന്നു. അത് ഇസ്ലാമിനെ വിഴുങ്ങാനാഗ്രഹിക്കുന്നു. പ്രാരംഭകാലത്ത് ഈ തെറ്റുകൊണ്ട് വിഷമങ്ങളൊന്നുമുണ്ടായിരുന്നില്ല. അത് തെറ്റെന്ന രൂപത്തിൽ മാത്രമായിരുന്നു. എന്നാൽ, ക്രൈസ്തവമതത്തിന്റെ പുറപ്പെടലോടെ അവർ മസീഹിന്റെ ജീവിച്ചിരിക്കലിനെ അദ്ദേഹത്തിന്റെ ദൈവത്വത്തിനുള്ള ഒരു വൻതെളിവായി നിശ്ചയിച്ചു. അപ്പോഴാണ് ഇത് ഭയാനകമായ കാര്യമായിത്തീർന്നത്. (അഹ്മദി ഔർ ഗയ്ർ അഹ്മദിയോം മെ ഫറഖ് കിയാ ഹെ, റൂഹാനീ ഖസാഇൻ വാള്യം 20 പേജ് 465)

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'പ്രതാപവാനായ അല്ലാഹു തന്റെ പരിശുദ്ധ ഗ്രന്ഥത്തിൽ ഹദ്റത്ത് യേശുമസീഹിന്റെ മരണം വെളിപ്പെടുത്തി. ഈയാളുകൾ അദ്ദേഹം ഇന്നും ജീവനോടെ ഇരിക്കുന്നുവെന്ന് മനസ്സിലാക്കുന്നത് എണ്ണമറ്റ കുഴപ്പങ്ങളാണ് ഇസ്ലാമിന് വരുത്തിവെച്ചിട്ടുള്ളത്. ഇത് വിദ്വേഷപരമായ കാര്യമാണ്. ഈസായെ ആകാശത്തിൽ ജീവിച്ചിരിക്കുന്നവനും എല്ലാത്തിനേയും നിലനിറുത്തുന്നവനുമാക്കുകയും സയ്യിദുൽ അമ്പിയാ(സ)യെ ഭൂമിയിൽ മരിച്ചവനായി കരുതുകയും ചെയ്യുന്നു. (ആയിനയെ കമാലാത്തെ ഇസ്ലാം, റൂഹാനീ ഖസാഇൻ വാള്യം 5, പേജ് 42)

**ഈസാമസീഹിന്റെ മരണത്തിൽമാത്രം ശക്തി ചെലുത്തുക. ശക്തമായ തെളിവുകൾ കൊണ്ട് ക്രിസ്ത്യാനികൾക്ക് മറുപടി കൊടുക്കുക. ഈയൊരു ചർച്ച മാത്രമെയുള്ളു. ഇതിൽ നിങ്ങൾ വിജയിക്കുമ്പോൾ ക്രൈസ്തവമതത്തെ ഭൂമിലോകത്ത് നിന്ന് വിപാടനം ചെയ്യുന്നതായിരിക്കും.**

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: എന്റെ സ്നേഹിതരേ! എന്റെ ഒരു അവസാന വസ്വിയ്യത്ത് ഇനി കേൾക്കുക. രഹസ്യമായൊരു കാര്യം പറയുകയാണ്. ഇത് നല്ലവണ്ണം ഓർത്തുകൊള്ളുവിൻ! ക്രിസ്ത്യാനികളുമായി നിങ്ങൾക്കു നടത്തേണ്ടിവരുന്ന എല്ലാ വാദപ്രതിവാദങ്ങളിലും ദിശ മാറ്റുക. മസീഹ് ഇബ്നുമർയം എന്നെന്നേക്കുമായി മരിച്ചുപോയിരിക്കുന്നുവെന്ന് ക്രിസ്ത്യാനികളിൽ സ്ഥാപിക്കുക. ഈ ഒരു സംവാദം മാത്രം ജയിക്കുന്നതുകൊണ്ട് ഭൂമിലോകത്തുനിന്ന് ക്രൈസ്തവമതം ഉന്മൂലനം ചെയ്യപ്പെടുന്നതായിരിക്കും. മറ്റു വലിയ വലിയ വഴക്കുകളിൽ നിങ്ങളുടെ പ്രിയപ്പെട്ട സമയം പാഴാക്കാതിരിക്കുക. ഈസബ്നു മർയമിന്റെ വഫാത്തിൽമാത്രം ശക്തി ചെലുത്തുക. ശക്തമായ തെളി

(ശേഷം പേജ് 9ൽ)

## തിരുനബിയുടെ തിരുമൊഴികൾ:

**അബൂഹുറയ്റ(റ) നിവേദനം. ഒരു ദിവസം നബി(സ)തിരുമേനി നമസ്കാരാനന്തരം തിരിഞ്ഞുനിന്ന് പറഞ്ഞു:'ഹേ ഇന്നവനേ!താങ്കൾക്ക് നമസ്കാരമൊന്നു നന്നാക്കിക്കൂടേ? നമസ്കരിക്കുന്നവൻ താൻ എങ്ങനെയാണ് നമസ്കരിച്ചതെന്ന് ആലോചിക്കുന്നില്ലേ? തീർച്ചയായും ഒരാൾ നമസ്കരിക്കുന്നത് അയാൾക്കുവേണ്ടിമാത്രമാണ്.'**

**(മുസ്ലിം, ഹദീഥ് 327)**

ത്വാലിബെ ദുആ
K.Muhammad Shareef &Family, Ahmadiyya Jama-ath Vaniyambalam, Kerala

## ഖുത്ബ ജുമുഅ

നിങ്ങൾ നിസ്സഹായാവസ്ഥയിൽ ആകുമെന്നല്ല ഞാൻ ആശങ്കപ്പെടുന്നത്. മറിച്ച് ഭൗതികലോകം നിങ്ങൾക്ക് വിശാലമാകുകയും പിന്നെ നിങ്ങൾ അത്യാഗ്രഹത്തിൽ മത്സരിക്കുകയും ചെയ്യുമോ എന്നാണ് എനിക്ക് ആശങ്ക.

മുസ്‌ലിമീങ്ങൾ ദാറുൽഅർഖമിൽ അഭയംപ്രാപിക്കുന്നതിനുമുമ്പേ ഹദ്റത്ത് അബൂബക്റിന്റെ തബ്‌ലീഗിലൂടെ ഒമ്പതാമനായാണ് ഹദ്റത്ത് അബൂഉബയ്ദ(റ) ഇസ്‌ലാം സ്വീകരിച്ചത്.

ഹിജ്റ 10 ൽ ഹദ്റത്ത് അബൂഉബയ്ദയും നബി(സ)തിരുമേനിയോടൊപ്പം ഹജ്ജ്ചെയ്തിരുന്നു.

നബി(സ)തിരുമേനി ഹദ്റത്ത് അബൂ ഉബയ്ദയുടെ അനുസരണത്തിന്റെ അവസ്ഥ കേട്ടപ്പോൾ പറഞ്ഞു: 'റഹ്മഹുല്ലാഹു അബാ ഉബയ്ദ.' അതായത് അല്ലാഹു അബൂഉബയ്ദയോട് കാരുണ്യം കാണിക്കുമാറാകട്ടെ. അദ്ദേഹം അനുസരണത്തിന്റെ നിലവാരം സ്ഥാപിച്ചിരിക്കുന്നു.'

**അമീനുൽഉമ്മത്ത്, സ്വർഗവാസി എന്ന് സുവാർത്ത ലഭിച്ച നബി(സ)തിരുമേനിയുടെ ഉന്നതനായ ബദ്‌രി സ്വഹാബി ഹദ്റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹിന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച**

നമ്മൾ നേരത്തേയും ഈ പ്രയാസങ്ങളിലൂടെകടന്ന് പോയിട്ടുള്ളവരാണ്. ഇനിയും ഇൻശാ അല്ലാഹ്, അല്ലാഹുവിന്റെ സഹായത്താൽ ഈ കടമ്പ മറികടക്കുന്നതായിരിക്കും. എന്നാൽ, ഇവരുടെ ചെയ്തികൾ, ഇവർ പിന്മാറുന്നില്ലെങ്കിൽ ഇവരുടെ നാശം ഉറപ്പാണ്.

അഹ്മദിയ്യാ വിരോധികൾക്ക് മുന്നറിയിപ്പ്. പാക്കിസ്താനീ അഹ്മദികളോടു അല്ലാഹുമായുള്ള ബന്ധം ശക്തമാക്കാനും ദുആ ചെയ്തുകൊണ്ടിരിക്കാനും ഉപദേശം

ഞാൻ നിങ്ങളോടൊപ്പം കടമകൾ യഥാവിധി നിർവഹിക്കുന്ന ഒരു അമീനെ(വിശ്വസ്തനെ) തീർച്ചയായും അയക്കുന്നതാണ്.' അങ്ങനെ നബി(സ)തിരുമേനി, ഹദ്റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹ്(റ)ന്റെ കൈ പിടിച്ചുകൊണ്ട് പറഞ്ഞു: 'ഹാദാ അമീനുൻ ഹാദിഹിൽ ഉമ്മത്തി' അതായത് ഇദ്ദേഹം ഈ ഉമ്മത്തിലെ അമീൻ ആകുന്നു.

ഹദ്റത്ത് അബൂഉബയ്ദ ബിൻ ജർറാഹ്(റ)കവചത്തിന്റെ രണ്ടു ഭാഗങ്ങളിൽ ഒന്നിനെ തന്റെ പല്ലുകൊണ്ട് കടിച്ചു പിടിക്കുകയും ശക്തമായിവലിച്ചു പുറത്തെടുക്കുകയുംചെയ്തു. ആ വലിയുടെ ശക്തിയിൽ ഹദ്റത്ത് അബൂ ഉബയ്ദ(റ) നിലത്തു ഇടുപ്പു കുത്തിവീണു. അതിൽ ഹദ്റത്ത് അബൂഉബയ്ദായുടെ മുന്നിലെ ഒരു പല്ല് പൊട്ടിപ്പോയി. തുടർന്ന് അദ്ദേഹം വളയത്തിന്റെ മറുഭാഗവും തന്റെ പല്ലുകൊണ്ട് കടിച്ചു ശക്തമായി വലിച്ചു പുറത്തെടുത്തു. അതോടെ ഹദ്റത്ത് അബൂ ഉബയ്ദയുടെ രണ്ടാമത്തെ പല്ലും പൊട്ടിപ്പോയി.

ശത്രുക്കളെ കീഴ്പ്പെടുത്തിയാൽ കുട്ടികളേയും സ്ത്രീകളേയും വൃദ്ധന്മാരേയും വധിക്കരുത്. മൃഗങ്ങളെ കൊല്ലരുത്. കരാറുകൾ ലംഘിക്കരുത്. ഉടമ്പടി ചെയ്തശേഷം നിങ്ങൾതന്നെ അത് ലംഘിക്കുന്നവരാകരുത്.

**ഖുത്ബ ജുമുഅ 2020 ഒക്ടോബർ 2/1399 അഖാഅ് 2**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുതആല ബിനസ്രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ- اَلْحَمْدُ لِلّٰهِ رَبِّ
الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ- اِهْدِنَا الصِّرَاطَ
الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

ബദ്‌രീസ്വഹാബാക്കളെ സംബന്ധിച്ച അനുസ്മരണത്തിൽ ഇന്ന് ഹദ്റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹിനെ പറ്റിയാണ് വിവരിക്കുന്നത്. ഹദ്റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹിന്റെ പേര് ആമിർ ബിൻ അബ്ദുല്ലാഹ് എന്നായിരുന്നു. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് അബ്ദുല്ലാഹ് ബിൻ ജർറാഹ് എന്നാണ്. ഹദ്റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹ് തന്റെ സംജ്ഞാനാമംകൊണ്ട് ഏറെ പ്രസിദ്ധനായിരുന്നു. അദ്ദേഹത്തിന്റെ വംശാവലിയാണെങ്കിൽ അദ്ദേഹത്തിന്റെ പിതാമഹൻ ജർറാഹുമായി ചെന്നുചേരുന്നു. ഉമയ്മ ബിൻത് ഗനം എന്നായിരുന്നു അദ്ദേഹത്തിന്റെ മാതാവിന്റെ പേര്. അവരുടെ ബന്ധം ഖുറയ്ശി ഗോത്രത്തിലെ കുടുംബമായ ബനു ഹാരിഥ് ബിൻ 'ഫിഹ്റു'മായിട്ടായിരുന്നു.(അൽ ഇസ്വാബ ഫീ തമീസി സ്സ്വഹാബ ഭാഗം 3, പേജ് 475, ആമിർ ബിൻ അബ്ദുല്ലാഹ്(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 2005).

ഹദ്റത്ത് അബൂ ഉബയ്ദാ(റ)യുടെ രൂപലാവണ്യം ഇങ്ങനെ വിവരിക്കപ്പെടുന്നു: നല്ല പൊക്കമുള്ള ആളായിരുന്നു, ശരീരം മെലിഞ്ഞതായിരുന്നു. മുഖത്ത് മാംസം കുറവായിരുന്നു. മുൻഭാഗത്തുള്ള രണ്ട് പല്ലുകൾ, ഉഹുദ് യുദ്ധത്തിൽ നബി(സ) തിരുമേനിയുടെ കവിളിൽ തറച്ച ആണി പല്ലുകൾ കൊണ്ട് വലിച്ചെടുത്തതുകാരണം പൊട്ടി പോവുകയുണ്ടായി. അദ്ദേഹത്തിന്റേത് ഇടതൂർന്ന താടിയല്ലായിരുന്നു. അദ്ദേഹം താടിയിൽ ഖിളാബ്(കളർ) തേക്കുമായിരുന്നു.(സയ്റുസ്സ്വഹാബ വാള്യം 2, പേജ് 135, ഹദ്റത്ത് അബൂഉബയ്ദാ ബിൻ അൽജർറാഹ്, പ്രസാധകർ ദാറുൽ ഇശാഅത്ത്, ഉർദുബാസാർ, കറാച്ചി 2004)

ഹദ്റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹ്(റ) നിരവധി വിവാഹം കഴിച്ചിരുന്നു. പക്ഷേ, അവരിൽ രണ്ടു ഭാര്യമാരിൽ മാത്രമേ മക്കളുണ്ടായിരുന്നുള്ളു. അദ്ദേഹത്തിന് രണ്ട് ആൺമക്കളായിരുന്നു. ഒരാളുടെ പേര് യസീദ് എന്നും മറ്റൊരാളുടെ പേര് ഉമയ്ർ എന്നുമായിരുന്നു.(രോശൻ സിത്താരെ, ഗുലാം ബാരി സയ്ഫ് സാഹിബ്, വാള്യം 2, പേജ് 41)

നബി(സ)തിരുമേനി തന്റെ ജീവിതകാലത്തു തന്നെ സ്വർഗത്തെക്കുറിച്ച് സുവാർത്ത നൽകിയ പത്ത് സ്വഹാബാക്കളിൽ പെട്ടായാളാണ് ഹദ്റത്ത് അബൂഉബയ്ദ(റ). ഇവർ 'അശ്റ മുബശ്ശറ' (സുവാർത്ത നൽകപ്പെട്ട 10 പേർ) എന്നറിയപ്പെടുന്നു. (ഉസുദുൽ ഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ, വാള്യം 3, പേജ് 22, ആമിർ ബിൻ അബ്ദുല്ലാഹ്, പ്രസാധകർ ദാറുൽഫിക്ർ ബെയ്റുത്ത് 2003)

ഹദ്റത്ത് അബൂ ഉബയ്ദ, ഖുറയ്ശികളിലെ മാന്യരും സൽസ്വഭാവികളും ലജ്ജയുള്ളവരുമായ ആളുകളുടെ ഗണത്തിൽപ്പെടുന്നു.(അൽ ഇസ്വാബ ഫീ തമീസി സ്സ്വഹാബ ഭാഗം 3, പേജ് 477, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 2005).

മുസ്‌ലിമീങ്ങൾ ദാറുൽഅർഖമിൽ അഭയംപ്രാപിക്കുന്നതിനുമുമ്പേ ഹദ്റത്ത് അബൂബക്റിന്റെ തബ്‌ലീഗിലൂടെ ഒമ്പതാമനായാണ് ഹദ്റത്ത് അബൂഉബയ്ദ(റ) ഇസ്‌ലാം സ്വീകരിച്ചത്.(അശറ മുബശ്ശറ, ബശീർ സാജിദ്, പേജ് 798, അൽബദ്ർ പബ്ലിക്കേഷൻസ്, ഉർദു ബാസാർ ലാഹോർ 2000) (സയ്റുസ്സ്വഹാബ, വാള്യം 2, പേജ് 124, പ്രസാധകർ ദാറുൽഇശാഅത്ത് കറാച്ചി)

ഹദ്റത്ത് അനസ്(റ)നിവേദനം. നബി(സ)തിരുമേനി പറയുന്നു: 'എല്ലാ ഉമ്മത്തിനും ഒരു അമീൻ(വിശ്വസ്തൻ)ഉണ്ട്. എന്റെ ഉമ്മത്തിലെ അമീൻ, അബൂ ഉബയ്ദ ബിൻ ജർറാഹ് ആകുന്നു. (സ്വഹീഹുൽ ബുഖാരി, കിതാബു ഫളാഇൽ അസ്ഹാബുന്നബി(സ), ബാബ് മനാഖിബ് അബീ ഉബയ്ദാ ബിൻ അൽജർറാഹ്, ഹദീഥ് 3744)

സ്വഹീഹ് ബുഖാരിയിലേയും സ്വഹീഹ് മുസ്‌ലിമിലേയും നിവേദനം അനുസരിച്ച് നജ്റാനിലെ ആളുകൾ, സ്വഹീഹ് മുസ്‌ലിമിലെ നിവേദനം അനുസരിച്ച് യമനിലെ ആളുകൾ നബി(സ) തിരുമേനിയുടെ സന്നിധിയിലെത്തി. അവർ പറഞ്ഞു: 'ഞങ്ങൾക്ക് ദീൻ പഠിപ്പിച്ചു തരുന്നതിന് ആരെയെങ്കിലും ഞങ്ങളുടെകൂടെ അയച്ചാലും!'

മറ്റൊരു നിവേദനത്തിൽ പറയുന്നു. അവർ പറഞ്ഞു: ‘ഞങ്ങളുടെ കൂടെ വിശ്വസ്തനായ ഒരാളെ അയച്ചു തന്നാലും!’അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: ‘ഞാൻ നിങ്ങളോടൊപ്പം കടമകൾ യഥാവിധി നിർവഹിക്കുന്ന ഒരു അമീനെ(വിശ്വസ്തനെ)തീർച്ചയായും അയക്കുന്നതാണ്.’ അങ്ങനെ നബി(സ)തിരുമേനി, ഹദ്റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹ്(റ)ന്റെ കൈ പിടിച്ചുകൊണ്ട് പറഞ്ഞു: ‘ഹാദാ അമീനുൻ ഹാദിഹിൽ ഉമ്മത്തി’ അതായത് ഇദ്ദേഹം ഈ ഉമ്മത്തിലെ അമീൻ ആകുന്നു. (സ്വഹീഹുൽ ബുഖാരി, കിതാബു ഫളാഇൽ അസ്ഹാബുന്നബി(സ), ബാബ് മനാഖിബ് അബീ ഉബയ്ദാ ബിൻ അൽജർറാഹ്, ഹദീഥ് 3745)(സ്വഹീഹ് മുസ്ലിം, കിതാബു ഫളാഇൽ അസ്ഹാബുന്നബി(സ), ബാബു മിൻ ഫളാഇലി അബീ ഉബയ്ദാ ബിൻ അൽജർറാഹ്, ഹദീഥ് നമ്പർ 2419–2420)

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. നബി(സ) തിരുമേനി പറയുന്നു: അബൂബക്ർ(റ), ഉമർ(റ), അബൂ ഉബയ്ദ ബിൻ ജർറാഹ്(റ), ഉസയ്ദ ബിൻ ഹുളയ്ർ(റ), ഥാബിത് ബിൻ ഖയ്സ് ബിൻ ശമ്മാസ്(റ), മുആദ് ബിൻ ജബൽ(റ), മുആദ് ബിൻ അംറ് ബിൻ ജുമൂഹ്(റ) എന്നിവർ എത്ര നല്ല ആളുകളാണ്.’ അതായത് അവരെ പ്രശംസിക്കുകയുണ്ടായി.(ജാമിഉത്തിർമുദി, അബ്വാബുൽ മനാഖിബ്, മുആദ് ബിൻ ജബൽ, സയ്ദ് ബിൻഥാബിത്(റ.മാ)ഹദീഥ് 3795)

അതായത് അവിടന്ന് ഒരിക്കൽ ഒരു സദസിൽ അവരെ പ്രശംസിച്ചിരുന്നു. ഒരു സദസ്സിൽ അദ്ദേഹത്തെ കുറിച്ച് പറഞ്ഞിട്ടുണ്ടാകും. അതിന്റെ ഉദാഹരണം ഹദ്റത്ത് അബൂഹുറയ്റ (റ)വിവരിക്കുകയാണ്.

ഒരിക്കൽ ഹദ്റത്ത് ആഇശായോട് ചോദിച്ചു: നബി(സ)തിരുമേനി തനിക്കുശേഷം ആരെയെങ്കിലും പിൻഗാമി ആക്കുമായിരുന്നെങ്കിൽ ആരെയാണ് ആക്കുമായിരുന്നത്? അപ്പോൾ ഹദ്റത്ത് ആഇശാ(റ) പറഞ്ഞു: ‘ഹദ്റത്ത് അബൂബക്റിനെ.’ ജനങ്ങൾ ചോദിച്ചു: ‘ഹദ്റത്ത് അബൂബക്റിനു ശേഷം ആരെയാണ് ആക്കുക?’ ഹദ്റത്ത് ആഇശാ (റ) പറഞ്ഞു:‘ഹദ്റത്ത് ഉമറിനെ.’ ജനങ്ങൾ ചോദിച്ചു: ‘ഹദ്റത്ത് ഉമറിനുശേഷം ആരെയാക്കുമായിരുന്നു?’ ഹദ്റത്ത് ആഇശാ(റ) പറഞ്ഞു: ‘ഹദ്റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹിനെ.’(സ്വഹീഹ് മുസ്ലിം, കിതാബു ഫളാഇലുസ്സ്വഹാബ, ബാബു ഫളാഇലി അബൂബക്ർ സിദ്ദീഖ് ഹദീഥ് നമ്പർ 2385)

മറ്റൊരു നിവേദനത്തിൽ പറയുന്നു: ‘ഹദ്റത്ത് ആഇശായോട് അബ്ദുല്ലാഹ് ബിൻ ശഖീഖ്(റ) ചോദിച്ചു: ‘നബി(സ)തിരുമേനിക്ക് തന്റെ സ്വഹാബാക്കളിൽ ഏറ്റവും പ്രിയപ്പെട്ടത് ആരായിരുന്നു?’ ഹദ്റത്ത് ആഇശാ(റ) പറഞ്ഞു: ‘ഹദ്റത്ത് അബൂബക്ർ.’ അദ്ദേഹം ചോദിച്ചു: ‘ഹദ്റത്ത് അബൂബക്റിനു ശേഷം ആരായിരുന്നു?’ ഹദ്റത്ത് ആഇശാ (റ) പറഞ്ഞു: ‘ഹദ്റത്ത് ഉമർ.’ അദ്ദേഹം ചോദിച്ചു: ‘ഹദ്റത്ത് ഉമറിന് ശേഷം ആരായിരുന്നു?’ഹദ്റത്ത് ആയിശ പറഞ്ഞു: ‘ഹദ്റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹ്.’ അദ്ദേഹംചോദിച്ചു: ‘പിന്നെ ആരെയായിരുന്നു?’ നിവേദകൻ പറയുന്നു: ‘തുടർന്ന് ഹദ്റത്ത് ആഇശാ(റ) മൗനം പാലിച്ചു.(ജാമിഉത്തിർമുദി, കിതാബുൽ മനാഖിബ്, ബാബു മനാഖിബ് അബീ ബക്ർ സിദ്ദീഖ്(റ), ഹദീഥ് 3657)

‘സീറത്ത് ഖാത്തമുന്നബിയ്യീൻ’ എന്ന ഗ്രന്ഥത്തിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) വിവരിക്കുന്നു: ‘ഹദ്റത്ത് ആഇശാ(റ)യുടെ വീക്ഷണത്തിൽ അബൂ ഉബയ്ദയ്ക്ക് വലിയ വിലയും നിലയുമാണുണ്ടായിരുന്നത്. അവർ പറയുന്നു: ‘ഉമറിന്റെ വഫാത്തിന്റെ സമയത്ത് അബൂ ഉബയ്ദ ജീവിച്ചിരുന്നെങ്കിൽ അദ്ദേഹതന്നെ ഖലീഫയാകുമായിരുന്നു.’ (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദറത്ത് മിർസാ ബശീർ അഹ്മദ് എം.എ. (റ)പേജ് 123)

ഒരു നിവേദനത്തിൽ പറയുന്നു: ഹദ്റത്ത് ഉമർ, തന്റെ വഫാത്ത് വേളയിൽ പറഞ്ഞു: ‘ഇന്ന് ഹദ്റത്ത് അബൂഉബയ്ദ ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ ഞാൻ അദ്ദേഹത്തെ ഖലീഫയായി നാമനിർദേശം ചെയ്യുമായിരുന്നു. എന്റെ റബ്ബ് അതേക്കുറിച്ച് എന്നോട് ചോദിച്ചാൽ അതായത്, എന്തുകൊണ്ടാണ് അദ്ദേഹത്തെ നാമനിർദ്ദേശം ചെയ്തതെന്ന് ചോദിച്ചാൽ, നിന്റെ റസൂൽ(സ), അബൂഉബയ്ദ ഈ ഉമ്മത്തിലെ അമീൻ (വിശ്വസ്തൻ) ആണെന്ന് പറയുന്നത് ഞാൻ കേട്ടിരുന്നുവെന്നും അതുകൊണ്ടാണ് ഞാൻ അദ്ദേഹത്തെ പിൻഗാമിയായി നിശ്ചയിച്ചതെന്നും പറയുമായിരുന്നു.’(അത്ത്വബക്കാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ് ഭാഗം 3, പേജ് 313, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012) (അൽ ഇസ്വാബ ഫീ മഅ്രിഫത്തിസ്സ്വഹാബ വാള്യം 6, പേജ് 172, മുൻദിർ ബിൻ ഖുദാമ(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995).

ഹദ്റത്ത് അബൂഉബയ്ദ(റ) സത്യവിശ്വാസം സ്വീകരിച്ചപ്പോൾ അദ്ദേഹത്തിന്റെ പിതാവ് അദ്ദേഹത്തെ ഒരുപാട് ഉപദ്രവിച്ചിരുന്നു. അദ്ദേഹം ഹബ്ശ ഹിജ്റത്തിൽ ഭാഗഭാക്കായിരുന്നു. ഹദ്റത്ത് അബൂ ഉബയ്ദ(റ) മദീനയിലേക്ക് ഹിജ്റത്ത് ചെയ്ത് വന്നപ്പോൾ നബി(സ)തിരുമേനിയുടെ വദനം അദ്ദേഹത്തെ കണ്ടതിൽ പ്രസന്നമായി. ഹദ്റത്ത് ഉമർ(റ) മുന്നോട്ടുവന്നു അദ്ദേഹത്തെ ആലിംഗനം ചെയ്തു. അദ്ദേഹം ഹദ്റത്ത് കുൽഥൂം ബിൻ ഹിദമിന്റെ വീട്ടിലാണ് താമസിച്ചത്. ഇത് ഉമ്മുകുൽഥൂം അല്ല. മറിച്ച് അദ്ദേഹം ഹദ്റത്ത് കുൽഥൂം ബിൻ ഹിദമിന്റെ വീട്ടിൽ താമസിച്ചു.(രോശൻ സിത്താരെ, ഗുലാം ബാരി സയ്ഫ് സാഹിബ്, വാള്യം 2 പേജ് 11–12) (അത്ത്വബക്കാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ് ഭാഗം 3, പേജ് 313, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)

ഹദ്റത്ത് അബൂഉബയ്ദ(റ)യുടെ സാഹോദര്യ ബന്ധത്തെ സംബന്ധിച്ച് വിവിധ നിവേദനങ്ങളുണ്ട്. ചിലരുടെ വീക്ഷണത്തിൽ നബി(സ)തിരുമേനി, ഹദ്റത്ത് അബൂ ഉബയ്ദയെ ഹദ്റത്ത് അബൂഹുദയ്ഫയുടെ സ്വതന്ത്രനാക്കപ്പെട്ട അടിമ ഹദ്റത്ത് സാലിമിന്റെ സഹോദരനാക്കി. മറ്റു ചിലരുടെ അഭിപ്രായത്തിൽ നബി(സ)തിരുമേനി അദ്ദേഹത്തെ മുഹമ്മദ് ബിൻ മസ്ലമയുടെ സഹോദരനാക്കി. ചിലർ പറയുന്നത് അദ്ദേഹത്തെ ഹദ്റത്ത് സഅ്ദ് ബിൻ മുആദിന്റെ സഹോദരനാക്കിയെന്നാണ്.(അത്ത്വബക്കാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ് ഭാഗം 3, പേജ് 313, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012) (അൽ ഇസ്വാബ ഫീ മഅ്രിഫത്തിസ്സ്വഹാബ ഭാഗം 3, പേജ് 476, ആമിർ ബിൻ അബ്ദുല്ലാഹ്(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2005).

ഹദ്റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹ്(റ), ബദ്ർ, ഉഹുദ് തുടങ്ങി എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയുടെ കൂടെ പങ്കെടുത്തിരുന്നു. (അത്ത്വബക്കാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ് ഭാഗം 3, പേജ് 313, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1990)

ബദ്ർ യുദ്ധാവസരത്തിൽ ഹദ്റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹ്ന്റെ പ്രായം 41 വയസ്സായിരുന്നു. (അത്ത്വബക്കാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ് ഭാഗം 3, പേജ് 316, അബൂ ഉബയ്ദ ബിൻ ജർറാഹ്, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)

ബദ്ർ യുദ്ധ ദിവസം, ഹദ്റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹ്(റ) മുസ്ലിമീങ്ങളുടെ ഭാഗത്തുനിന്ന് രണാങ്കണത്തിലെത്തി. അദ്ദേഹത്തിന്റെ പിതാവ് അബ്ദുല്ലാഹ്, നിഷേധികളുടെ ഭാഗത്ത് നിന്ന് യുദ്ധമൈതാനത്ത് എത്തിയിരുന്നു. പിതാവും പുത്രനും നേർക്കുനേർ വന്നു. അദ്ദേഹം യുദ്ധവേളയിൽ മകനെ ലക്ഷ്യമാക്കാൻ ആഗ്രഹിച്ചു. എന്നാൽ, ഹദ്റത്ത് അബൂ ഉബയ്ദ അദ്ദേഹത്തിൽനിന്ന് മുഖംതിരിച്ച് ഒരു ഭാഗത്തേക്ക് മാറിക്കൊണ്ടിരുന്നു. പക്ഷേ, പിതാവ് വിടാൻ തയ്യാറല്ലായിരുന്നു. അദ്ദേഹത്തെ എങ്ങനെയെങ്കിലും വധിക്കാനാണ് അയാൾ ആഗ്രഹിച്ചത്. അദ്ദേഹത്തിനും അതു ചെയ്യാൻ കഴിയുമായിരുന്നു. പക്ഷേ, അദ്ദേഹം പിതാവിൽനിന്ന് ഒഴിഞ്ഞുമാറാനും അദ്ദേഹത്തെ വധിക്കാതിരിക്കാനും സ്വയം അദ്ദേഹത്തിൽനിന്ന് രക്ഷപ്പെടാനുമാണ് ശ്രമിച്ചത്. എന്നാൽ, പിതാവ് തന്നെവിടാതെ പിന്നാലെ കൂടിയിരിക്കുകയാണെന്ന് കണ്ടപ്പോൾ, ഹദ്റത്ത് അബൂഉബയ്ദക്ക് കുടുംബബന്ധത്തേക്കാളും തൗഹീദിനോടുള്ള ആവേശം പ്രോജ്ജ്വലമായി. പിന്നെ കുടുംബബന്ധം ഒന്നുമല്ലാതായിത്തീർന്നു. പിതാവ് തന്നെ വധിക്കാൻ ഉറച്ച ലക്ഷ്യത്തോടെയാണ് വന്നിരിക്കുകയാണെന്ന് അദ്ദേഹം കണ്ടപ്പോൾ താൻ തൗഹീദിൽ വിശ്വസിച്ചിരിക്കുന്നു എന്ന ഒറ്റക്കാരണത്താൽത്തന്നെ തന്നെ വധിക്കുമെന്നായപ്പോൾ തൗഹീദിനോടുള്ള ആവേശം കുടുംബബന്ധത്തെ അതിജയിച്ചു. അങ്ങനെ പിതാവ് അബ്ദുല്ല തന്റെ പിന്നിൽനിന്ന് മാറുന്നില്ലെന്ന അവസ്ഥയിലെത്തിയപ്പോൾ മകൻ അബു ഉബയ്ദ ബിൻ ജർറാഹ്ന്റെ കൈയാൽത്തന്നെ അയാൾ വധിക്കപ്പെട്ടു. അതായത് അവസാനം അദ്ദേഹത്തിന് സ്വന്തം പിതാവിനെ നിർബന്ധിതാവസ്ഥയിൽ വധിക്കേണ്ടിവന്നു.(സയ്റുസ്സ്വഹാബ വാള്യം 2, പേജ് 124, പ്രസാധകർ ദാറുൽഇശാഅത്ത് കറാച്ചി)

ഉഹുദ് യുദ്ധം ദിവസം, അബ്ദുല്ലാഹ് ബിൻ കമിഅ, നബി(സ)തിരുമേനിയുടെ നേർക്ക് ശക്തമായി കല്ലെറിഞ്ഞു. അങ്ങനെ നബി(സ)തിരുമേനിയുടെ പരിശുദ്ധ വദനത്തിൽ മുറിവുപറ്റി. നബി(സ)തിരുമേനിയുടെ പരിശുദ്ധ ദന്തങ്ങൾ ശഹീദാക്കപ്പെട്ടു. അപ്പോൾ അയാൾ, താൻ ഇബ്നു കമിഅ ആണെന്ന് വിളിച്ചുപറഞ്ഞു. നബി(സ)തിരുമേനി തന്റെ മുഖകമലത്തിൽ നിന്ന് ചോരതുടച്ചുകൊണ്ട് പറഞ്ഞു: ‘അല്ലാഹു നിന്നെ എളിമയിലാകട്ടെ.’ നിവേദകൻ പറയുന്നു, പിന്നെ അങ്ങനെതന്നെ സംഭവിക്കുകയും ചെയ്തു. അല്ലാഹു ആ മലയിൽ, അയാൾക്കെതിരെ ഒരു കാട്ടാടിനെ നിയോഗിച്ചു. അത് പലവട്ടം കൊമ്പുകൊണ്ട് അയാളെകുത്തികൊന്നു. എത്രത്തോളമെന്നാൽ അയാളെ തുണ്ടംതുണ്ടമാക്കിക്കളഞ്ഞു.’ (അൽമുഅ്ജബുൽ കബീർ ലിത്ത്വബ്റാനി, ഭാഗം 8, പേജ്154, ഹദീഥ് 7596, മക്തബ ഇബ്നു തീമിയ ഖാഹ്റ 1994)

ഈ സംഭവത്തെ പറ്റി ഹദ്റത്ത് ആഇശാ(റ) നിവേദനം. അവർ പറഞ്ഞു: ഹദ്റത്ത് അബൂബക്ർ(റ) വിവരിക്കുന്നു: ഉഹുദ് യുദ്ധദിവസം, നബി(സ)തിരുമേനിയുടെ മുഖത്തേക്ക് കല്ലെറിയപ്പെട്ടു. അത് ശക്തമായിക്കൊള്ളുകയും നബി(സ) തിരുമേനിയുടെ ഇരുമ്പു കവചത്തിന്റെ രണ്ടു ഭാഗങ്ങൾ മുറിഞ്ഞ് വളയം പൊട്ടി നബി(സ)തിരുമേനിയുടെ മുഖത്തേക്ക് പതിക്കുകയും ചെയ്തു. ഹദ്റത്ത് അബൂബക്ർ(റ) പറയുന്നു: ‘ഞാൻ ഭയപ്പെട്ടുകൊണ്ട് നബി(സ)തിരുമേനിയുടെ അടുത്തേക്ക് പോകുമ്പോൾ ഒരാൾ വളരെ ധിറുതിയിൽ നബി(സ)തിരുമേനിയുടെ അടുത്തേക്ക് വരുന്നത് കണ്ടു. അയാൾ പറന്നുവരുന്നതു പോലെയാണ് തോന്നിയത്. അപ്പോൾ ഞാൻ ദുആ ചെയ്തു: ‘അല്ലാഹുവേ! അയാളെ നബി(സ)തിരുമേനിക്കും ഞങ്ങൾക്കും സന്തോഷത്തിന് നിമിത്തമാക്കേണമേ! ഞങ്ങൾ നബി(സ)തിരുമേനിയുടെ അടുത്തെത്തിയപ്പോൾ, അബു ഉബയ്ദ ബിൻ ജർറാഹ് എന്നെ മുൻ കടന്നതായിട്ടാണ് ഞാൻ കണ്ടത്. അദ്ദേഹംഎന്നോട് പറഞ്ഞു; അബൂബക്ർ! അല്ലാഹുവിനെ മുൻനിറുത്തി താങ്കളോട് പറയുകയാണ്, നബി(സ)തിരുമേനിയുടെ പരിശുദ്ധ മുഖത്തുതുളച്ചു കയറിയിട്ടുള്ള ആ കവചത്തിന്റെ കഷണങ്ങൾ പുറത്തെടുക്കാൻ എന്നെ അനുവദിച്ചാലും!’ അതായത് ഇരുമ്പുകവചത്തിന്റെ ആണി താടിയെല്ലിൽ അമർന്നു പോയത് മാറ്റാൻ എന്നെ അനുവദിക്കുക. ഹദ്റത്ത് അബൂബക്ർ(റ) പറയുന്നു:‘ഞാൻ അദ്ദേഹത്തിന്

അത് ചെയ്യുവാൻ സമ്മതം കൊടുത്തു.’ അങ്ങനെ ഹദ്റത്ത് അബൂഉബയ്ദ ബിൻ ജർറാഹ് (റ) കവചത്തിന്റെ രണ്ടു ഭാഗങ്ങളിൽ ഒന്നിനെ തന്റെ പല്ലുകൊണ്ട് കടിച്ചു പിടിക്കുകയും ശക്തമായി വലിച്ചു പുറത്തെടുക്കുകയുംചെയ്തു. ആ വലിയുടെ ശക്തിയിൽ ഹദ്റത്ത് അബൂ ഉബയ്ദ(റ) നിലത്തു ഇടുപ്പു കുത്തിവീണു. അതായത് അത് അത്രയും ശക്തമായി ഉള്ളിലേക്ക് അമർന്നു പോയിട്ടുണ്ടായിരുന്നു. അതിൽ ഹദ്റത്ത് അബൂ ഉബയ്ദായുടെ മുന്നിലെ ഒരു പല്ല് പൊട്ടിപ്പോയി. തുടർന്ന് അദ്ദേഹം വളയത്തിന്റെ മറുഭാഗവും തന്റെ പല്ലുകൊണ്ട് കടിച്ചു ശക്തമായിവലിച്ചു പുറത്തെടുത്തു. അങ്ങനെ ഹദ്റത്ത് അബൂ ഉബയ്ദയുടെ രണ്ടാമത്തെ പല്ലും പൊട്ടിപ്പോയി. ഉഹുദ് യുദ്ധത്തിൽ ജനങ്ങൾ ചിന്നിച്ചിതറിയപ്പോൾ ഹദ്റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹ്, നബി(സ)തിരുമേനിയുടെ കൂടെ ഉറച്ചുനിന്ന സ്വഹാബാക്കളിൽ പെടുന്നു.(അത്ത്വബക്കാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ് ഭാഗം 3, പേജ് 313, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1990)

ഹിജ്റ 6-ാം വർഷം ദുൽഖഅ്ദ് മാസത്തിൽ ഹുദയ്ബിയ്യാ സന്ധിയിൽ, ഉടമ്പടി തയ്യാറാക്കിയപ്പോൾ അതിന്റെ രണ്ട് പകർപ്പുകൾ തയ്യാറാക്കപ്പെട്ടു. സാക്ഷിയായി അതിൽ രണ്ട് പക്ഷത്തുനിന്നും നിരവധി ബഹുമാനിതരായ ആളുകൾ ഒപ്പുവച്ചിരുന്നു. മുസ്‌ലിമീങ്ങളുടെ ഭാഗത്തുനിന്ന് ഒപ്പു വച്ചവർ ഹദ്റത്ത്അബൂബക്ർ(റ), ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് ഉഥ്മാൻ(റ), ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ), ഹദ്റത്ത് അബൂ ഉബയ്ദാ ബിൻ ജർറാഹ്(റ) എന്നിവരായിരുന്നു. (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദറത്ത് മിർസാ ബശീർ അഹ്മദ് എം.എ.(റ)പേജ് 769)

അബൂ ഉബയ്ദ ബിൻ ജർറാഹിനെ നബി(സ) തിരുമേനി നിരവധി സരിയ്യത്തുകളിൽ-‘സരിയ്യത്തി’ന്റെ ബഹുവചനമാണ് സറായാ- അയച്ചിട്ടുണ്ട്. അതായത് അവ Expendition ആകുന്നു. അതിൽ അദ്ദേഹത്തെ നിയോഗിച്ചിട്ടുണ്ട്.

ദുൽഖസ്സയിലേക്ക് സരിയ്യത്ത് (സൈനികനീക്കം): ഈ സൈന്യത്തെ ഹിജ്റ 7 റബീഉൽ ആഖർ മാസത്തിലാണ് അയച്ചത്. ഇത് സംബന്ധിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ(റ) തന്റെ സീറത്തുഖാത്തമുന്നബിയ്യീൻ എന്ന ഗ്രന്ഥത്തിൽ എഴുതുന്നു: റബീഉൽ ആഖർ മാസത്തിൽ, നബി(സ)തിരുമേനി ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമ അൻസ്വാരിയെ ദുൽഖസ്സയിലേക്ക്അയച്ചു. ഈ സ്ഥലം മദീനയിൽനിന്ന് 20 മൈൽ അകലെയാണ്. അന്ന് ആ സ്ഥലത്ത് ബനൂ ഥഅ്ലബയാണ് വസിച്ചിരുന്നത്. ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമയും അദ്ദേഹത്തിന്റെ 10 സുഹൃത്തുക്കളും രാത്രിയിലാണ് അവിടെ എത്തിയത്. അപ്പോൾ അവിടെ ആ ഗോത്രത്തിലെ 100 യുവാക്കൾ യുദ്ധത്തിന് തയ്യാറായിരിക്കുന്നത് കണ്ടു. സ്വഹാബാക്കളുടെ സംഘത്തെ അപേക്ഷിച്ച് ഈ സംഘം പത്തിരട്ടി അധികമായിരുന്നു. ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമ, ഉടൻതന്നെ ആ സൈന്യത്തിനു മുന്നിൽ അണിനിരന്നു. യുദ്ധത്തിനുള്ള ഉദ്ദേശ്യത്തിലാണ് പോയതെങ്കിൽ ഇത്ര കുറച്ച് ആളുകളുമായി പോകില്ലായിരുന്നു. രാത്രി ഇരുപക്ഷത്തിനുമിടയിൽ നല്ലതുപോലെ അമ്പെയ്ത്തു നടന്നു. അങ്ങനെ മുഷ്ടിയിലൊതുങ്ങുന്ന ആ സ്വഹാബാക്കളെ, കുഫ്ഫാർ പരാജിതരാക്കി. അവർ വളരെകുറച്ചുപേർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇസ്‌ലാമിന്റെ ഈ സമർപ്പിതരായ 10 പേരും നിമിഷനേരംകൊണ്ട് ശഹീദാക്കപ്പെട്ടു. ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമയുടെ എല്ലാ സുഹൃത്തുക്കളും ശഹീദാക്കപ്പെട്ടു. പക്ഷേ, മുഹമ്മദ് ബിൻ മസ്‌ലമ രക്ഷപ്പെട്ടു. കാരണം ശത്രുക്കൾ മറ്റുള്ളവരെപ്പോലെ അദ്ദേഹവും മരിച്ചുകിടക്കുകയാണെന്ന് കരുതി ഒഴിവാക്കി പോയതാണ്. അവർ അദ്ദേഹത്തിന്റെ വസ്ത്രവും മറ്റും അഴിച്ചുകൊണ്ടുപോയി. ഒരുപക്ഷേ, ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമ അവിടെത്തന്നെ കിടന്ന് മരണപ്പെടുമായിരുന്നു. എന്നാൽ, യാദൃച്ഛികമെന്ന് പറയട്ടെ, ഒരു മുസൽമാൻ ആ വഴിക്ക് പോവുകയുണ്ടായി. അദ്ദേഹം മുഹമ്മദ് ബിൻ മസ്‌ലമയെ തിരിച്ചറിയുകയും അദ്ദേഹത്തെ എടുത്ത് മദീനയിലെത്തിക്കുകയുംചെയ്തു. നബി(സ)തിരുമേനി അദ്ദേഹത്തിന്റെ അവസ്ഥയെ സംബന്ധിച്ച് അറിഞ്ഞപ്പോൾ, അവിടന്ന് ഖുറയ്ശിയും മുതിർന്ന സ്വഹാബിയുമായ ഹദ്റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹിനെ, ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമയുടെ പ്രതികാരം ചോദിക്കാൻ ദുൽഖസ്സയിലേക്ക്അയച്ചു. അതിനിടയിൽ, ബനൂഥഅ്ലബ ഗോത്രം, മദീനയുടെ ഗ്രാമീണമേഖലയിൽ യുദ്ധം ചെയ്യാൻ ഉദ്ദേശിക്കുന്നതായി അറിയാനിടയായി. അതുകൊണ്ട് നബി(സ)തിരുമേനി, ഹദ്റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹിന്റെ നേതൃത്വത്തിൽ 40 കർമസന്നദ്ധരായ സ്വഹാബാക്കളെ അവിടേക്ക് അയക്കാൻ ഉത്തരവിട്ടു. രാത്രിതന്നെ യാത്ര പുറപ്പെട്ട് അവിടെ എത്താനായിരുന്നു കൽപന. ഹദ്റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹ്, നിർദ്ദേശാനുസരണം യുദ്ധധ്വനി ഉയർത്തി. കൃത്യം സ്വുബ്ഹി നമസ്കാര സമയത്ത് അവരെ കണ്ടുമുട്ടി. അവർ അപ്രതീക്ഷിതമായ യുദ്ധം കാരണം കുറച്ചൊക്കെ ചെറുത്തുനിന്ന് തിരിച്ചോടിപ്പോയി. അടുത്തുള്ള പൊന്തക്കാടുകളിൽഒളിച്ചു. ഹദ്റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹ്, സമരാർജിത സ്വത്തുക്കൾ കൈയടക്കി മദീനയിൽ തിരിച്ചെത്തി.’ (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദറത്ത് മിർസാ ബശീർ അഹ്മദ് എം.എ.(റ)പേജ് 668) വാസ്തവത്തിൽ അന്യായത്തിന്, അക്രമത്തിന് പകരം ചോദിക്കാനാണ് അല്ലെങ്കിൽ ശിക്ഷ നൽകാനാണ് ഈ യുദ്ധം ചെയ്തത്.

മറ്റൊരു യുദ്ധം ‘ദാത്തുസ്സലാസിൽ’ എന്നറിയപ്പെടുന്നു. ഇതിനെ ദാത്തുസ്സലാസിൽ എന്നു പറയുന്നതിന് ഒരു കാരണമുണ്ട്. ശത്രുക്കൾ ഒന്നിച്ചുചേർന്ന് യുദ്ധം ചെയ്യാൻവേണ്ടി പരസ്പരം ചങ്ങല കൊണ്ട് തങ്ങളെ കെട്ടിയിരുന്നു. അങ്ങനെ ഒരു അണിയായി യുദ്ധം ചെയ്യുകയായിരുന്നു ഉദ്ദേശ്യം. അല്ലെങ്കിൽ ചിന്നഭിന്നമാകാതെ ഒന്നിച്ച് പോരാടാൻ വേണ്ടിയാണ് ഇങ്ങനെ ചെയ്യുന്നത്. മറ്റൊരു കാരണം കാണപ്പെടുന്നത് അവിടെയുണ്ടായിരുന്ന അരുവിയുടെ പേര് അസ്സലാസിൽ എന്നായിരുന്നു. ചിലരുടെ വീക്ഷണത്തിൽ ഹിജ്റ 8-ാം വർഷത്തിൽ ചിലർ പറയുന്നത് 7-ാം വർഷം എന്നാണ്, ബനൂ ഖുളാഅയിലെ ആളുകൾ, മദീനയെ ആക്രമിക്കാൻ പദ്ധതിയിടുന്നതിനായി നബി(സ)തിരുമേനിക്ക് അറിയിപ്പ് ലഭിക്കാനിടയായി. അപ്പോൾ നബി(സ)തിരുമേനി, ഹദ്റത്ത് അംറ് ബിൻ ആസ്വിയെ 300 മുഹാജിർ, അൻസ്വാർ സ്വഹാബാക്കളോടൊപ്പം അവരെ പരാജയപ്പെടുത്തുവാൻ അയക്കുകയുണ്ടായി. അവരോടൊപ്പം 30 കുതിരകളുണ്ടായിരുന്നു. ഈ സ്ഥലത്തേക്ക് മദീനയിൽനിന്ന് പത്ത് ദിവസത്തെ യാത്ര വേണ്ടിയിരുന്നു. ഹദ്റത്ത് അംറ് ബിൻ ആസ്(റ), ബനൂ ഖുളാഅയുടെ പ്രദേശത്തെത്തി. നബി(സ)തിരുമേനിക്ക് അവിടെ നിന്ന് ‘ശത്രുക്കളുടെ എണ്ണം അധികമാണെന്നും അതുകൊണ്ട് കൂടുതൽ സൈന്യത്തെ അയച്ചു തരണമെന്നും’ പറഞ്ഞ് സന്ദേശം അയച്ചു. നബി(സ)തിരുമേനി സന്ദേശം കിട്ടിയ ഉടൻതന്നെ, മുഹാജിരീങ്ങളുടേയും അൻസ്വാറിന്റേയും രണ്ട് സംഘത്തെ ഹദ്റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹിന്റെ നേതൃത്വത്തിൽ അയച്ചുകൊണ്ട് പറഞ്ഞു: ‘നിങ്ങൾ അംറിന്റെ കൂട്ടത്തിൽ ചേരണം, ഭിന്നിക്കരുത്. എന്ത് തീരുമാനവും കൂടിയാലോചിച്ച് എടുക്കേണ്ടതാണ്.’ അങ്ങനെ ഈ സൈന്യം, ഹദ്റത്ത് അംറ് ബിൻ ആസ്വിന്റെ സൈന്യ ത്തെ കണ്ടുമുട്ടി. പിന്നെ നേതൃത്വത്തെ കുറിച്ച് പ്രശ്നമുദിച്ചു. ഹദ്റത്ത് അബൂ ഉബയ്ദ(റ), തന്റെ സ്ഥാനമനുസരിച്ച് നേതൃത്വത്തിന് യോഗ്യനായിരുന്നു. എന്നാൽ, ഹദ്റത്ത് അംറ് ബിൻ ആസ് താനാണ് മുഴുവൻ സൈന്യത്തേയും നയിക്കുക എന്ന് ശഠിച്ചു പറയുകയുണ്ടായി. അപ്പോൾ ഹദ്റത്ത് അബൂഉബയ്ദ(റ) സന്തോഷപൂർവ്വം അദ്ദേഹത്തിന്റെ നേതൃത്വം അംഗീകരിക്കുകയുണ്ടായി. കാരണം നബി(സ)തിരുമേനി ഭിന്നിക്കരുതെന്ന് കൽപ്പിച്ചിട്ടുണ്ടായിരുന്നു. അങ്ങനെ അദ്ദേഹത്തിന്റെ കീഴിൽ വളരെ ധീരതയോടെ ശത്രുക്കൾക്കെതിരിൽ പൊരുതുകയും ശത്രുക്കൾ പരാജിതരാകുകയുംചെയ്തു. വിജയത്തിനുശേഷം അവർ മദീനയിൽ തിരിച്ചെത്തി. നബി(സ)തിരുമേനി ഹദ്റത്ത് അബൂ ഉബയ്ദയുടെ അനുസരണത്തിന്റെ അവസ്ഥ കേട്ടപ്പോൾ പറഞ്ഞു: ‘റഹ്മഹുല്ലാഹു അബാ ഉബയ്ദ.’ അതായത് അല്ലാഹു അബൂഉബയ്ദയോട് കാരുണ്യം കാണിക്കുമാറാകട്ടെ. അദ്ദേഹം അനുസരണത്തിന്റെ നിലവാരം സ്ഥാപിച്ചിരിക്കുന്നു.’ (റഹ്മത്തെ ദാരയ്ൻ കെ സൗ ശീദാഇ, ത്വലിബ് ഹാശ്മി, പേജ് 33, അൽബദ്ർ പബ്ലിക്കേഷൻസ് ഉർദു ബാസാർ ലാഹോർ 2003)(ശറഹ് സർഖാനി, വാല്യം 2, പേജ് 357-360, സരിയ്യ ദാത്തുസ്സലാസിൽ ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1996)

‘സീഫുൽ ബഹ്ർ’ ആണ് മറ്റൊരു യുദ്ധം. ഈ യുദ്ധങ്ങളിലൊന്നും ഇതിലെ സൈന്യങ്ങളിൽ നബി(സ)തിരുമേനി പങ്കെടുത്തിരുന്നില്ല. അതുകൊണ്ടാണ് ‘സരിയ്യത്ത്’ എന്നറിയപ്പെടുന്നത്. ഈ സൈനിക വ്യൂഹം ഹിജ്റ 8-ാം വർഷം സമുദ്രതീരത്തൂടെ പുറപ്പെട്ടു. അവിടെ ബനൂ ജുഹയ്നയുടെ ഒരു ഗോത്രം വസിച്ചിരുന്നു. ഈ സരിയ്യത്തിന് ജയ്ശുൽ ഖബത് എന്നും അറിയപ്പെടുന്നുണ്ട്. ഇതിന് കാരണമായി പറയുന്നത്, ആഹാരസാധനങ്ങൾ കുറഞ്ഞ കാരണം സ്വഹാബാക്കൾ വൃക്ഷങ്ങളുടെ ഇലകൾ ഭക്ഷിക്കാൻ നിർബന്ധിതരായിത്തീർന്നു. അത് ഖബത് എന്നറിയപ്പെടുന്നു. ഖബത് എന്നതിന്റെ മറ്റൊരു അർഥം ‘ഇല പൊഴിയുക’ എന്നുമുണ്ട്. ഈ യുദ്ധത്തെ സംബന്ധിച്ച്, സ്വഹീഹ് ബുഖാരിയിൽ വന്നിട്ടുണ്ട്. അതിൽ ഇങ്ങനെ വിവരിക്കുന്നു: ജാബിർ(റ)നിവേദനം. നബി(സ)തിരുമേനി ഞങ്ങളോട് പറയുകയുണ്ടായി, ഞങ്ങൾ 300 പേരുണ്ടായിരുന്നു. ഞങ്ങളുടെ അമീർ ഹദ്റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹ് ആയിരുന്നു. ഞങ്ങൾ ഖുറയ്ശികളുടെ കച്ചവടസംഘത്തെ നിരീക്ഷിക്കാൻ ഇരുന്നു. ഖുറയ്ശി സംഘവുമായി യുദ്ധത്തിനുള്ള ഒരു ഉദ്ദേശ്യവുമുണ്ടായിരുന്നില്ല. സമുദ്രതീരത്ത് ഞങ്ങൾ അരമാസത്തോളം കഴിച്ചുകൂട്ടി. ഞങ്ങൾക്കാണെങ്കിൽ നല്ലതുപോലെ വിശപ്പുണ്ടായിരുന്നു. എത്രത്തോളമെന്നാൽ ഞങ്ങൾ ഇലകളാണ് തിന്നിരുന്നത്. ചില സന്ദർഭങ്ങളിൽ സൈനികനീക്കം യുദ്ധത്തിനായിരുന്നില്ല. മറിച്ച് മറ്റുലക്ഷ്യങ്ങളായിരുന്നു. ചിലപ്പോൾ യുദ്ധങ്ങളെയും അഭിമുഖീകരിക്കേണ്ടിവന്നിട്ടുണ്ട്. അതുകൊണ്ട് രണ്ടു നിലയ്ക്കും ഇത് ‘സരിയ്യത്ത്’ എന്നറിയപ്പെടുന്നു. ഇതിൽ നബി(സ)തിരുമേനി പങ്കെടുത്തിരുന്നില്ല. ഏതായിരുന്നാലും പറയുന്നു, ഞങ്ങൾക്ക് ഇലകളും തിന്നേണ്ടി വന്നിട്ടുണ്ട്. അതുകൊണ്ട് ഈ സൈനികനീക്കത്തെ ജയ്ശുൽ ഖബത് എന്നു പറയുന്നു. ഇതിനിടയിൽ സമുദ്രം, ഞങ്ങൾക്കുവേണ്ടി അംബർ എന്ന ഒരു സമുദ്രജീവിയെ ഇട്ടുതന്നു. അതായത് ഒരു സമുദ്ര ജീവിയെ സമുദ്രം പുറന്തള്ളി. അത് തനിയെ പുറത്തെത്തി. അതിന് കരയിൽ, വെള്ളം ഇല്ലാതെ ജീവിക്കാൻ കഴിയുമായിരുന്നില്ല. അങ്ങനെ അത് ചത്തു. ഏതായിരുന്നാലും പറയുന്നു: സമുദ്രത്തിൽ നിന്ന് ഒരു ജീവി വന്നു. അത് ഒരു മത്സ്യം തന്നെയായിരുന്നു. വളരെവലിയ മത്സ്യമായിരുന്നു. ഞങ്ങൾ പകുതിമാസത്തോളം അതിന്റെ ഇറച്ചി മാത്രമാണ് ഭക്ഷിച്ചിരുന്നത്. അതിന്റെ കൊഴുപ്പ് ശരീരത്തിൽ തേക്കുകയും ചെയ്തിരുന്നു. അങ്ങനെ ഞങ്ങളുടെ ശരീരം വീണ്ടും പഴയതുപോലെ ഊർജ്ജസ്വലമായി. ഹദ്റത്ത് അബൂഉബയ്ദ(റ) അതിന്റെ വാരിയെ

ല്ലിൽനിന്ന് ഒരു എല്ലെടുത്തു. അത് നാട്ടിവെച്ചു. കൂട്ടത്തിൽ ഉയരമുള്ള വ്യക്തിയെ വിളിച്ചു. സുഫ്‌യാൻ ബിൻ ഉഅയ്നയുടെ നിവേദനത്തിൽ ഇങ്ങനെ പറയുന്നു, അദ്ദേഹം വാരിയെല്ലുകളിൽ നിന്ന് ഒന്നെടുത്തു നാട്ടി നിറുത്തി. പിന്നെ ഒരാളെ ഒട്ടകപ്പുറത്തിരുത്തി അതിലൂടെകടത്തി വിട്ടു. ഹദ്റത്ത് ജാബിർ(റ) പറയുന്നു: 'സൈന്യത്തിൽ ഉണ്ടായിരുന്ന ഒരാൾ, മൂന്നുദിവസം മുമ്മൂന്ന് ഒട്ടകങ്ങളെ അറുത്തു. പിന്നെ ഹദ്റത്ത് അബൂ ഉബയ്ദ വിലക്കുകയുണ്ടായി. അംറ് ബിൻ ദീനാർ പറയുന്നു: അബൂസാലിഹ് ദക്‌വാൻ ഞങ്ങളോട് പറഞ്ഞു, ഖയ്സ് ബിൻ സഅ്ദ് തന്റെ പിതാവിനോട് പറഞ്ഞു: ഞാനും ആ സൈന്യത്തിലുണ്ടായിരുന്നു. ഞങ്ങൾക്ക് വിശക്കാൻ തുടങ്ങിയപ്പോൾ ഹദ്റത്ത് അബൂ ഉബയ്ദ പറഞ്ഞു: 'ഒട്ടകത്തെ അറുക്കുക. ഞാൻ ഒട്ടകത്തെ അറുത്തു.' പറയുന്നു: 'ഞങ്ങൾക്ക് വീണ്ടും വിശപ്പു തുടങ്ങി. ഹദ്റത്ത് അബൂ ഉബയ്ദ(റ)പറഞ്ഞു: 'ഒട്ടകത്തെ അറുക്കുക.' ഞാൻ ഒട്ടകത്തെ അറുത്തു. വീണ്ടും വിശപ്പു തുടങ്ങിയപ്പോൾ ഹദ്റത്ത് അബൂ ഉബയ്ദ പറഞ്ഞു: 'ഒട്ടകത്തെ അറുക്കുക.' ഒട്ടകത്തെ യാത്രക്കുവേണ്ടി കൊണ്ടുപോയതായിരുന്നു. അതിനു പുറത്ത് സാധനങ്ങൾ ഉണ്ടായിരിക്കാം. ഞങ്ങൾക്ക് അവയെതന്നെ അറുത്ത് ഭക്ഷിക്കേണ്ടതായിവന്നു. പറയുന്നു: ഞാൻ ഒട്ടകത്തെ അറുത്തു. ഖയ്സ് പറയുന്നു: വീണ്ടും വിശക്കാൻ തുടങ്ങി. ഹദ്റത്ത് അബൂ ഉബയ്ദ പറഞ്ഞു: 'ഒട്ടകത്തെ അറുക്കുക.' പിന്നെ അദ്ദേഹം അത് വിലക്കുകയുണ്ടായി. അതായത് ഇനി ഒട്ടകത്തെ അറുക്കരുതെന്ന് പറഞ്ഞു.

മറ്റൊരു നിവേദനത്തിൽ പറയുന്നു; ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ്(റ) നിവേദനം. ജയ്ശുൽഖബതിനോടൊപ്പം ഞാൻ പോരാടാൻ പുറപ്പെട്ടു. ഹദ്റത്ത് അബൂ ഉബയ്ദയെ നേതാവായി നിശ്ചയിച്ചിരുന്നു. ഞങ്ങൾക്ക് നല്ലതുപോലെ വിശക്കാൻ തുടങ്ങി. സമുദ്രം ഒരു മത്സ്യത്തെ കരയിലേക്കിട്ടു. ജീവനുള്ളത് ആയിരുന്നില്ല. മറിച്ച് ചത്തതായിരുന്നു. ഞങ്ങൾ അത്തരം മത്സ്യത്തെ കണ്ടിട്ടുണ്ടായിരുന്നില്ല. വലിയ മത്സ്യം ആയിരുന്നു. അതിന്റെ രൂപം പറയുന്നതനുസരിച്ച് അത് തിമിംഗലമായിരിക്കും. അതിന് അമ്പർ എന്നു പറയുന്നു. ഞങ്ങൾ അതിന്റെ മാംസം പകുതിമാസത്തോളം ഭക്ഷിച്ചുകൊണ്ടിരുന്നു. പിന്നെ ഹദ്റത്ത് അബൂ ഉബയ്ദ അതിന്റെ എല്ലുകളിൽ ഒന്നെടുത്തു പിടിച്ചു. ഒരാൾക്ക് അതിനടിലൂടെ പോകാൻ കഴിയുമായിരുന്നു. ഇബ്നു ജുറയ്ജ് പറയുന്നു; അബൂ സുബയ്ർ എന്നോട് പറഞ്ഞു: അതായത് അദ്ദേഹം ഹദ്റത്ത് ജാബിറിൽ നിന്നു കേട്ടതാണ്, അബൂഉബയ്ദ പറഞ്ഞു; നിങ്ങൾ ഈ മത്സ്യം ഭക്ഷിക്കുക. ഇത് ചത്തതാണെങ്കിലും ഭക്ഷിക്കുന്നതിൽ കുഴപ്പമില്ല. ഞങ്ങൾ മദീനയിലെത്തിയപ്പോൾ ഞങ്ങൾ അതേപ്പറ്റി നബി(സ)തിരുമേനിയോടു പറഞ്ഞു. അതായത് ഞങ്ങൾക്ക് ഇന്ന രീതിയിൽ ചത്ത ഒരു മത്സ്യത്തെ കിട്ടിയിരുന്നു. ഞങ്ങൾക്ക് അത്യാവശ്യമായതുകൊണ്ട് ഞങ്ങൾ അത് തിന്നുകൊണ്ടിരുന്നു. നബി(സ)തിരുമേനി പറഞ്ഞു: അല്ലാഹുവാണ് ഭക്ഷണം തന്നത്. അതിൽനിന്ന് നിങ്ങൾക്ക് ഭക്ഷിക്കാവുന്നതാണ്. അല്ലാഹു നിങ്ങളുടെ അവസ്ഥ കണ്ടിട്ട് നിങ്ങൾക്ക് അയച്ചുതന്നതാണ്. അത് നിങ്ങൾ കഴിച്ചതിൽ ഒരു കുഴപ്പവുമില്ല. നിങ്ങൾ ബാക്കി കൊണ്ടുവന്നിട്ടുണ്ടെങ്കിൽ എനിക്കും തരിക! അവരിലൊരാൾ അതിൽനിന്ന് ഒരു പങ്ക് നബി(സ)തിരുമേനിക്ക് കൊടുത്തു. നബി(സ)തിരുമേനിയും അത് തിന്നു. അതായത് അവർ തിരിച്ചു വരുമ്പോൾ അതിന്റെ ബാക്കിവന്ന മാംസം കൊണ്ടുവന്നിട്ടുണ്ടായിരുന്നു. അത് നബി(സ)തിരുമേനി തിന്നുകയുണ്ടായി.

ഹദ്റത്ത് സയ്യിദ് സയ്നുൽ ആബിദീൻ വലിയുല്ലാഹ് ഷാഹ് സാഹിബ്(റ), തന്റെ(ബുഖാരിയുടെ) വ്യാഖ്യാനത്തിൽ സീഫുൽ ബഹ്ർ എന്ന ഈ സൈനിക നീക്കത്തെ പറ്റി എഴുതുന്നു: 'സീഫുൽ ബഹ്ർ, അതിനെ ഖബത് എന്നും പറയപ്പെടുന്നു. ഈ പറയപ്പെടുന്ന സൈനികനീക്കം യുദ്ധം ചെയ്യണമെന്ന ഉദ്ദേശ്യത്തോടെ ആയിരുന്നില്ല, മറിച്ച് ഈ സൈനിക നീക്കത്തിൽ നിയോഗിക്കപ്പെട്ടവരെ, കച്ചവട സംഘത്തെ സംരക്ഷിക്കാനാണ് അയച്ചിരുന്നത്. ഈ സൈന്യത്തിൽ, ഇബ്നു സഅ്ദിന്റെ അഭിപ്രായത്തിൽ 300 മുഹാജിരീങ്ങളും അൻസ്വാറും ഉണ്ടായിരുന്നു. ഹദ്റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹ്(റ) ഇതിന്റെ അമീറായിരുന്നു. ഇത് സീഫുൽ ബഹ്ർ സൈനികനീക്കമെന്ന പേരിൽ പ്രസിദ്ധമാണ്. സൈനികനീക്കം നടത്തുന്ന വഴിയിൽ അടുത്തുതന്നെ ഖുൽസം ഉൾക്കടലിന്റെ തീരത്ത് സംരക്ഷണ തമ്പും സ്ഥാപിക്കുകയുണ്ടായി. അതായത് വിവിധ സംഘങ്ങൾ സഞ്ചരിച്ചിരുന്ന ഖുൽസം ഉൾക്കടലിന്റെ തീരത്ത്, സംരക്ഷണാർഥം ഒരു താവളം സ്ഥാപിച്ചു. അതുകൊണ്ടാണ് അത് 'സീഫുൽ ബഹ്ർ'എന്നറിയപ്പെടുന്നത്. ഈ സൈന്യത്തെ അയച്ചതിന്റെ ഉദ്ദേശ്യം, സംരക്ഷണാർഥം ഒരു ക്യാമ്പ് സ്ഥാപിക്കുക എന്നതായിരുന്നു. ആരെയാണ് സംരക്ഷിക്കേണ്ടത് എന്ന് തുടർന്നു പറയുന്നുണ്ട്. സീഫ് എന്നാൽ, കടൽത്തീരം എന്നാണ് അർഥം. ഇബ്നു സഅ്ദ്, സരിയ്യത്തുൽ ഖബത് എന്നഗ്രന്ഥത്തിൽ അതേക്കുറിച്ച് ചുരുക്കി വിവരിക്കുന്നുണ്ട്. ഖബത് എന്നാൽ, വൃക്ഷത്തിന്റെ ഇല എന്നാണ് അർഥം. സാദെരാഹ്(പാഥേയം) അതായത് യാത്രയ്ക്കുള്ള ഭക്ഷണസാമഗ്രികൾ കഴിഞ്ഞപ്പോൾ സൈനികർക്ക് വൃക്ഷത്തിന്റെ ഇലകൾ തിന്നേണ്ടതായി വന്നു. ഇബ്നു സഅ്ദ്, ഹിജ്റ 8 ലാണ് ഈ സൈനിക നീക്കമെന്ന് പറയുന്നു. ഇത് ഹുദ്ന കാലത്ത് അതായത് ഹുദയ്ബിയ സന്ധിയുടെ അവസരത്തിലായിരുന്നു. നബി(സ)തിരുമേനി ദീർഘദൃഷ്ടിയോടെ കാര്യങ്ങൾ കൈകാര്യംചെയ്തു. അങ്ങനെ സംരക്ഷണം മുൻനിറുത്തി മേൽ പറഞ്ഞ സംരക്ഷണസേനയെ 'സീഫുൽ ബഹ്ർ' എന്ന സ്ഥലത്തേക്ക് അയച്ചു. ഈ സൈനിക ക്യാമ്പ് സ്ഥാപിച്ചത് സംരക്ഷണസേന എന്ന നിലയ്ക്കായിരുന്നു. സിറിയയിൽനിന്ന് വരുന്ന ഖുറയ്ശി സംഘവുമായി ഏറ്റുമുട്ടൽ ഒഴിവാക്കുകയായിരുന്നു ഉദ്ദേശ്യം. സിറിയയിൽനിന്ന് കച്ചവട സംഘം വരുന്നുണ്ടായിരുന്നു. അവർ ഉപദ്രവിക്കപ്പെടാൻ ഇടവരരുത്. അങ്ങനെ ഖുറയ്ശികൾക്ക് (ഹുദയ്ബിയ)സന്ധി ലംഘിക്കാനുള്ള ഒരു അവസരവും ലഭിക്കരുത്. ഹുദയ്ബിയസന്ധി നടന്നു കഴിഞ്ഞിരുന്നു. അതുകൊണ്ട് അവിടെ ആരെങ്കിലും അവരുടെ സംഘത്തെ എതിർക്കുകയാണെങ്കിൽ, മുസ്‌ലിമീങ്ങൾ തങ്ങളെ ആക്രമിച്ചിരിക്കുന്നു എന്ന കാരണവുമായി ഹുദയ്ബിയ്യാ സന്ധി അവസാനിപ്പിച്ചുവെന്ന് പറയാൻ ഖുറയ്ശികൾക്ക് അവസരം ലഭിക്കുന്നതാണ്. അതുകൊണ്ട് ഒരു ഒഴികഴിവും കിട്ടാതിരിക്കാനാണ് നബി(സ)തിരുമേനി അവരെ അവിടേക്ക് അയച്ചു ഖുറയ്ശികളുടെ സംഘത്തെ സംരക്ഷിക്കാൻ ക്യാമ്പ് സ്ഥാപിച്ചത്.' വീണ്ടും എഴുതുന്നു: ഇബ്നു സഅ്ദിന്റെ അഭിപ്രായത്തിൽ ഈ സ്ഥലത്തേക്ക് മദീനയിൽ നിന്ന് അഞ്ച് ദിവസത്തെ യാത്രാ ദൂരമുണ്ടായിരുന്നു.(സ്ഹീഹുൽബുഖാരി, കിതാബുൽ മഗാസി, ബാബ് ഗസ്‌വ സാഫുൽ ബഹ്ർ, വാള്യം 9, പേജ് 239, പ്രസാധകർ നള്ാറത്ത് ഇശാഅത്ത് റബ്‌വ)

ചുരുക്കത്തിൽ ഈ സംഘം യുദ്ധത്തിനുള്ളതല്ലായിരുന്നു. മറിച്ച് സത്യനിഷേധികളെ സംരക്ഷിക്കാനാണ് അയച്ചത്. ഞാൻ നേരത്തെ പറഞ്ഞതുപോലെ സമാധാനം സ്ഥാപിക്കാൻ ശത്രുക്കളേയും സംരക്ഷിക്കാൻ ഏർപ്പാടുചെയ്യുകയാണ്. ഉടമ്പടി ചെയ്യപ്പെട്ടിരുന്നു. ഉടമ്പടി ലംഘിക്കാൻ സത്യനിഷേധികൾക്ക് ഒരുവിധ ഒഴികഴിവും കിട്ടാതിരിക്കാൻ ആണ് ഇങ്ങനെ ചെയ്തത്. ഏതായിരുന്നാലും അല്ലാഹുവിന്റെ വിധിയും നടപ്പിൽവരേണ്ടതായിരുന്നു. ഉടമ്പടി ലംഘിക്കപ്പെട്ടു. സത്യനിഷേധികൾ ഉടമ്പടി ലംഘിച്ചു. അത് പിന്നീട് അത് മക്ക വിജയത്തിൽ കലാശിച്ചു.

ഹദ്റത്ത് അബൂഹുറയ്റ(റ)നിവേദനം. 'മക്കാ വിജയദിവസം നബി(സ)തിരുമേനി വന്ന് മക്കയിൽ പ്രവേശിച്ചു. ഹദ്റത്ത് സുബയ്റിനെ സൈന്യത്തിന്റെ ഒരുവശത്തും ഹദ്റത്ത് ഖാലിദ് ബിൻ വലീദിനെ സൈന്യത്തിന്റെ മറുഭാഗത്തും നിയമിച്ചു. ഹദ്റത്ത് അബൂഉബയ്ദയെ കാൽനടക്കാരുടെയും താഴ്‌വരയുടെ ഇറക്കത്തിൽ താമസിക്കുന്നവരുടോയും നേതാവായി നിശ്ചയിച്ചു.(സ്വഹീഹ് മുസ്‌ലിം, കിതാബുൽ ജിഹാദ്, ബാബു ഫതഹ് മക്ക, ഹദീഥ് 1780)

നബി(സ)തിരുമേനി ബഹ്റയ്ൻകാരുമായി യുദ്ധകാര്യത്തിൽ സ്വുൽഹ് (സന്ധി) സമ്മതിച്ചു. അവരുടെ മേൽനോട്ടത്തിനായി ഹദ്റത്ത് അലി ബിൻ ഹള്റമിയെ അമീറായി നിയോഗിച്ചു. നബി(സ) തിരുമേനി, ഹദ്റത്ത് അബൂ ഉബയ്ദയെ അവിടെ യുദ്ധക്കരം പിരിക്കാൻ പറഞ്ഞയക്കുകയുണ്ടായി. ഹദ്റത്ത് അബൂഉബയ്ദ(റ) യുദ്ധക്കരവുമായി തിരിച്ചുവന്നപ്പോൾ, അദ്ദേഹം തിരിച്ചെത്തിയത് ജനങ്ങൾ അറിയാനിടയായി. എല്ലാവരും നബി(സ) തിരുമേനിയുടെ പിന്നിൽ ഫജ്ർ നമസ്കാരം അനുഷ്ഠിച്ചു. നബി(സ)തിരുമേനി നമസ്കരിപ്പിച്ചതിനു ശേഷം തിരിഞ്ഞുനോക്കി. അവരെ കണ്ടപ്പോൾ പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു: 'അബൂഉബയ്ദ എന്തോ കൊണ്ടുവന്നതായി നിങ്ങൾക്കറിയാമെന്ന് തോന്നുന്നു.' ജനങ്ങൾ പറഞ്ഞു: 'അതെ. യാ റസൂലല്ലാഹ്!'നബി(സ)തിരുമേനി പറഞ്ഞു: 'നിങ്ങൾ സന്തോഷിക്കുക നിങ്ങൾക്ക് ഏറ്റവും നല്ലത് വരാൻ പ്രതീക്ഷയർപ്പിക്കുക. നിങ്ങൾ നിസ്സഹായാവസ്ഥയിൽ ആകുമെന്നല്ല ഞാൻ ആശങ്കപ്പെടുന്നത്. മറിച്ച് ഭൗതികലോകം നിങ്ങൾക്ക് വിശാലമാകുകയും പിന്നെ നിങ്ങൾ അത്യാഗ്രഹത്തിൽ മത്സരിക്കുകയും ചെയ്യുമോ എന്നാണ് എനിക്ക് ആശങ്ക. ഭൗതികതയിൽ അകപ്പെടുന്തോറും, ഭൗതികസൗകര്യങ്ങൾ ലഭിക്കുന്തോറും, നിങ്ങൾ അത്യാഗ്രഹത്തിൽ അകപ്പെടുകയും അത് നിങ്ങളെ നശിപ്പിക്കുകയും ചെയ്യുമോ എന്നാണ് ഞാൻ ഭയപ്പെടുന്നത്. നിങ്ങൾ പട്ടിണിയിൽ ആകുമെന്നല്ല എനിക്ക് ആശങ്ക. മറിച്ച് ഭൗതികതയിൽ

## തിരുനബിയുടെ തിരുമൊഴികൾ:

**അബൂഹുറയ്റ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: 'ജമാഅത്ത് നമസ്കാരം നിങ്ങളിലൊരാൾ തനിയെ നമസ്കരിക്കുന്നതിനെക്കാൾ 25 മടങ്ങ് ശ്രേഷ്ഠമാകുന്നു.' (മുസ്‌ലിം, ഹദീഥ് 322)**

ത്വാലിബെ ദുആ:
Rahman Shakeer & Family, Ahmadiyya Jama-ath Karulai, Kerala

## തിരുനബിയുടെ തിരുമൊഴികൾ:

**അബൂഹുറയ്റ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: 'മുനാഫിഖുകൾക്ക് ഏറ്റവും പ്രയാസകരമായ നമസ്കാരം ഇശാ നമസ്കാരവും സ്വുബ്ഹി നമസ്കാരവുമാകുന്നു.' (മുസ്‌ലിം, ഹദീഥ് 325)**

ത്വാലിബെ ദുആ:
P.Abdul Ameer, Sadr, Ahmadiyya Jama-ath Pathapiriyam, Kerala

അകപ്പെട്ട് അത്യാഗ്രഹത്തിൽ നിങ്ങൾ സ്വയം നശിപ്പിക്കപ്പെടുമോഎന്നാണ് എനിക്ക് ഭയം.'

ചുരുക്കത്തിൽ ഇതൊരു മുന്നറിയിപ്പാണ്. ഇത് എല്ലാവരും മുന്നിൽവെക്കേണ്ട ഉപദേശമാണ്. ഇത് പരിഗണിക്കാത്തതുകാരണം മുസ്‌ലിം ബഹുഭൂരിപക്ഷത്തിന്റെ കൈയിൽ പണം വരുന്നുണ്ടെങ്കിലും അത്യാഗ്രഹത്തിൽ അവരുടെ നേതാക്കന്മാർ മുൻപന്തിയിലാണ്. അവരുടെ ഭൗതിക അത്യാഗ്രഹം കണക്കില്ലാതെ വർധിച്ചിരിക്കുന്നു. അല്ലാഹുവിന്റെ നാമം ഉച്ചരിക്കുന്നുവെങ്കിലും ഭൗതിക സമ്പത്തിനും മേന്മക്കുമാണ് പ്രാധാന്യം നൽകുന്നത്. അതിനാൽ നമുക്കും ഈ നിലയ്ക്ക് എപ്പോഴും നമ്മുടെ അവസ്ഥകൾ വിലയിരുത്തേണ്ടതായിട്ടുണ്ട്. നബി(സ)തിരുമേനിയുടെ പ്രവചനം അനുസരിച്ച് സമ്പത്ത് വരുന്നതാണ്. എന്നാൽ, ഈ സമ്പത്ത് കാരണം നാം നമ്മുടെ ദീനിനെ വിസ്മരിക്കാൻ പാടില്ല.'

ഹിജ്റ 10 ൽ ഹദ്‌റത്ത് അബൂഉബയ്ദയും നബി(സ)തിരുമേനിയോടൊപ്പം ഹജ്ജ്ചെയ്തിരുന്നു.(അശറ മുബശ്ശറ, ബശീർ സാജിദ്, പേജ് 801, അൽബദ്ർ പബ്ലിക്കേഷൻസ് ഉർദു ബാസാർ ലാഹോർ 2000)

നബി(സ)തിരുമേനി വഫാത്തായപ്പോൾ അവിടത്തെ ഖബ്ർ ലഹദു വേണോ ലഹദല്ലാത്തതു വേണോ എന്നത് സംബന്ധിച്ച് ജനങ്ങൾക്കിടയിൽ തർക്കമുണ്ടായി. ഹദ്‌റത്ത് അബ്ബാസ്(റ), ഹദ്‌റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹിന്റെ അടുത്തേക്കും ഹദ്‌റത്ത് അബൂത്വൽഹയുടെ അടുത്തേക്കും ഓരോരുത്തരെ പറഞ്ഞയച്ചു. ആദ്യം തിരിച്ചുവന്ന് പറയുന്ന ആളുടെ അഭിപ്രായപ്രകാരം ഖബ്ർ തയ്യാറാക്കാമെന്ന് തീരുമാനിച്ചു. ഹദ്‌റത്ത് അബൂ ഉബയ്ദ(റ) മക്കക്കാരുടെ സമ്പ്രദായമനുസരിച്ച് ലഹ്ദല്ലാത്ത ഖബ്ർ ആണ് തയ്യാറാക്കിയിരുന്നത്. എന്നാൽ, അബൂത്വൽഹ, മദീനക്കാരുടെ രീതിയനുസരിച്ച് ലഹ്ദുള്ള ഖബ്ർ ആണ് തയ്യാറാക്കിയിരുന്നത്. ഹദ്‌റത്ത് ത്വൽഹയുടെ അടുത്തേക്ക് വിട്ട ആൾ ഹദ്‌റത്ത് അബൂ ത്വൽഹയെ കണ്ടെങ്കിലും ഹദ്‌റത്ത് അബൂ ഉബയ്ദയുടെ അടുത്തേക്ക് വിട്ട ആൾക്ക് ഹദ്‌റത്ത് അബൂ ഉബയ്ദയെ കാണാൻ കഴിഞ്ഞില്ല. തുടർന്ന് അബൂത്വൽഹ വരികയും അദ്ദേഹം നബി(സ)തിരുമേനിക്ക് ലഹ്ദുള്ള ഖബ്ർ തയ്യാറാക്കുകയുംചെയ്തു.(സീറത്ത് ഇബ്നു ഹിശാം വാല്യം 2, പേജ് 663, ഹഫ്റുൽഖബ്ർ, പ്രസാധകർ മുസ്ത്വഫാ ബാബിൽ ഹബ് ലീ വ ഔലാദഹൂ 1955)

നബി(സ)തിരുമേനി വഫാത്തായ ഉടൻതന്നെ, ഖിലാഫത്തിനെ സംബന്ധിച്ച്, അൻസ്വാറിനും മുഹാജിറുകൾക്കുമിടയിൽ ഭിന്നതയുണ്ടായി. ഇതേക്കുറിച്ച് സ്വഹീഹ് ബുഖാരിയിൽ വന്നിട്ടുണ്ട്. ഇത് ഞാൻ നേരത്തേയും ഒരു സ്വഹാബിയുടെ അനുസ്മരണത്തിൽ വിവരിച്ചതാണ്. എങ്കിലും ഇവിടെ ഹദ്‌റത്ത് അബൂഉബയ്ദയുടെ അനുസ്മരണത്തിലും വിവരിക്കുന്നത് ഉചിതമാണെന്നു കരുതുന്നു. നബി(സ)തിരുമേനിയുടെ വഫാത്തിനെ തുടർന്ന് അൻസ്വാർ, ഹദ്‌റത്ത് സഅ്ദ് ബിൻ ഉബാദയുടെ വസതിയിൽ ഒരുമിച്ചുകൂടി. അദ്ദേഹം പറഞ്ഞു:'ഒരു അമീർ ഞങ്ങളിൽ നിന്നും ഒരു അമീർ നിങ്ങൾ മുഹാജിറുകളിൽനിന്നും ഉണ്ടായിരിക്കുന്നതാണ്. അവരുടെ അടുത്തേക്ക് ഹദ്‌റത്ത് അബൂബക്റും ഹദ്‌റത്ത് ഉമറും ഹദ്‌റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹും പോയി. ഹദ്‌റത്ത് ഉമർ എന്തോ പറയാൻ തുനിഞ്ഞെങ്കിലും ഹദ്‌റത്ത് അബൂബക്ർ അദ്ദേഹത്തെ തടഞ്ഞു. ഹദ്‌റത്ത് ഉമർ പറയുന്നു:'ആ സമയത്ത് ഞാൻ സംസാരിക്കാൻ ആഗ്രഹിച്ചതിന് ഒരു കാരണമുണ്ട്. ഞാനൊരു പ്രസംഗം തയ്യാറാക്കിയിരുന്നു. അത് എനിക്ക് ഏറെ ഇഷ്ടപ്പെട്ടതും ആയിരുന്നു. ഹദ്‌റത്ത് അബൂബക്റിന് അങ്ങനെ പറയാൻ കഴിയുമോ എന്ന് എനിക്ക് ആശങ്കയുണ്ടായിരുന്നു. എന്നാൽ, ഹദ്‌റത്ത് അബൂബക്ർ വളരെ മനോഹരമായി നല്ല പ്രസംഗം നടത്തി. അത് മറ്റെല്ലാ പ്രസംഗങ്ങളേക്കാളും മികച്ചതായിരുന്നു. ആ പ്രസംഗത്തിൽ ഹദ്‌റത്ത് അബൂബക്ർ(റ) പറഞ്ഞു: 'ഞങ്ങൾ അതായത് മുഹാജിരീങ്ങൾ അമീർ അഥവാ നേതാക്കന്മാരാകുന്നു. നിങ്ങൾ അതായത് അൻസ്വാർ മന്ത്രിമാരാകുന്നു.' അപ്പോൾ ഹദ്‌റത്ത് അബൂ ഹബ്ബാബ് ബിൻ മുൻദിർ പറഞ്ഞു: 'ഒരിക്കലുമല്ല. ഞങ്ങൾ അങ്ങനെ ചെയ്യാൻ സമ്മതിക്കുകയില്ല. ഒരു നേതാവ് നിങ്ങളിൽനിന്നും ഒരു നേതാവ് ഞങ്ങളിൽ നിന്നുമുണ്ടാകണം.' ഹദ്‌റത്ത് അബൂബക്ർ(റ) പറഞ്ഞു: 'അല്ല. ഞങ്ങൾ നേതാക്കന്മാരും നിങ്ങൾ മന്ത്രിമാരുമാകുന്നു. കാരണം ഖുറയ്ശികൾ കുടുംബ വംശാവലിയനുസരിച്ച് അറബികളിൽ ഉന്നതരും ഏറ്റവും പഴക്കമുള്ളവരുമാകുന്നു.'ചുരുക്കത്തിൽ അതിന് (നേതൃസ്ഥാനത്തേക്ക്) ഉമറിന്റേയും ഹദ്‌റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹിന്റേയും പേരുകൾ അദ്ദേഹം നിർദ്ദേശിച്ചുകൊണ്ട് പറഞ്ഞു: 'ഉമറിനേയോ, അബൂ ഉബയ്ദ ബിൻ ജർറാഹിനേയോ ഖലീഫയാക്കുകയും അദ്ദേഹത്തിന് ബയ്അത്തു ചെയ്യുകയും വേണം.' അപ്പോൾ ഹദ്‌റത്ത് ഉമർ(റ) പറഞ്ഞു: 'ഞങ്ങൾ താങ്കൾക്ക് ബയ്അത്ത് ചെയ്യുകയാണ്. കാരണം താങ്കൾ ഞങ്ങളുടെ നേതാവാകുന്നു. ഞങ്ങളിലേറ്റവും ശ്രേഷ്ഠനാകുന്നു. ഞങ്ങളിൽ നബി(സ)തിരുമേനിക്ക് ഏറ്റവും പ്രിയങ്കരനുമാകുന്നു.' ഇത്രയും പറഞ്ഞുകൊണ്ട് ഹദ്‌റത്ത് ഉമർ അദ്ദേഹത്തിന്റെ കൈ പിടിച്ചു ബയ്അത്ത്ചെയ്തു.തുടർന്ന് മറ്റുള്ളവരും അദ്ദേഹത്തിന് ബയ്അത്ത്ചെയ്തു.(സ്വഹീഹ് ബുഖാരി, കിതാബു ഫളാഇൽ അസ്ഹാബുന്നബി(സ), ഹദീഥ് 3668)

ഏതായിരുന്നാലും ഹദ്‌റത്ത് അബൂബക്റിന്റെ പക്കൽ അബൂഉബയ്ദക്ക് ഉണ്ടായിരുന്ന സ്ഥാനമാണിത്. അതായത് അദ്ദേഹത്തിന്റെ പേര് ഖിലാഫത്ത് സ്ഥാനത്തേക്ക് നിർദ്ദേശിക്കപ്പെടുന്നു. ഹദ്‌റത്ത് ഉമറിനെ ഉദ്ധരിച്ചും നേരത്തെ ഞാൻ പരാമർശിച്ചിരുന്നു. ഹദ്‌റത്ത് ഉമർ(റ) പറയുന്നു: 'അബൂഉബയ്ദ ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ, ഞാൻ അടുത്ത ഖലീഫയായി അദ്ദേഹത്തെ നാമനിർദേശം ചെയ്യുമായിരുന്നു. കാരണം നബി(സ) തിരുമേനിയുടെ വാക്കുകളിൽ അദ്ദേഹം നബി(സ)തിരുമേനിയുടെ ഉമ്മത്തിലെ അമീൻ(വിശ്വസ്തൻ) ആകുന്നു. ഖിലാഫത്തിനെ സംബന്ധിച്ച് ചർച്ച വന്നപ്പോൾ അബൂഉബയ്ദ അൻസ്വാരിനെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: 'അൻസ്വാർ സമൂഹമേ! (ഇസ്‌ലാമിന്) ഏറ്റവുമാദ്യം സഹായം നൽകിയത് നിങ്ങളാകുന്നു. ഇനി ഏറ്റവുമാദ്യം ഭിന്നിപ്പ് തുടങ്ങുന്നതും നിങ്ങളാകാൻ ഇടവരരുത്.'(സയ്റുസ്സഹാബ, ശാഹ് മുയീനുദ്ദീൻ നദ് വി വാല്യം 2, പേജ് 126-127, ദാറുൽഇശാഅത്ത് ഉർദുബാസാർ, കറാച്ചി, പാക്കിസ്താൻ)

ഹദ്‌റത്ത് അബൂബക്ർ(റ), ഖിലാഫത്ത് പദവിയിൽ അവരോധിതനായപ്പോൾ ഹദ്‌റത്ത് അബൂ ഉബയ്ദ(റ)യെ ബയ്തുൽ മാലിന്റെ ചുമതല ഏൽപ്പിച്ചു. ഹിജ്റ 13ന് ഹദ്‌റത്ത് അബൂബക്ർ(റ) അദ്ദേഹത്തെ സിറിയയിലേക്ക് സൈന്യാധിപനായി അയച്ചു. ഹദ്‌റത്ത് ഉമർ, ഖിലാഫത്ത് പദവിയിലെത്തിയപ്പോൾ ഹദ്‌റത്ത് ഖാലിദ് ബിൻ വലീദിനെ സൈനാധിപസ്ഥാനത്തുനിന്ന് നീക്കി, ഹദ്‌റത്ത് അബൂ ഉബയ്ദയെ സൈന്യാധിപനായി നിയമിച്ചു.(സയ്ർ അഅ്ലാമുന്നുബ്‌ലാ, വാല്യം 1, പേജ് 15, അബൂ ഉബയ്ദ ബിൻ അൽജർറാഹ്, പ്രസാധകർ ദാറുർരിസാല അൽആലമിയ്യ ദിമിശ്ഖ്, 2014)

സിറിയ വിജയത്തെ സംബന്ധിച്ച് പറയുന്നു: 'ഹിജ്റ 13-ൽ റോമക്കാർ പലഭാഗത്തുനിന്നും സൈനികനീക്കം തുടങ്ങിയിരുന്നു. ഒരു വിഭാഗത്തിന്റെ നേതാവ് ഹദ്‌റത്ത് യസീദ് ബിൻ അബൂ സുഫ്‌യാൻ ആയിരുന്നു. അബൂസുഫ്‌യാന്റെ ഒരു മകന്റെ പേരും യസീദ് എന്നായിരുന്നു. അദ്ദേഹം ജോർദാനിലാണ് മരണപ്പെട്ടത്. ആദ്യം ജോർദാന്റെ കിഴക്കുഭാഗത്ത് ആക്രമണം നടത്തി. രണ്ടാമത്തെ വിഭാഗത്തിന്റെ നേതാവ് ശുറഹ്ബീൽ ബിൻ ഹസ്ന ആയിരുന്നു. അദ്ദേഹം ബൽഖായിലേക്ക് മുന്നേറി. മൂന്നാമത്തെ നേതാവ് അംറ് ബിൻ ആസ്വിയായിരുന്നു. അദ്ദേഹം ഫലസ്തീനിൽനിന്ന് സിറിയയിൽ പ്രവേശിച്ചു. നാലാമത്തെ സൈനിക വിഭാഗത്തിന്റെ നേതാവ് ഹദ്‌റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹ് ആയിരുന്നു. അദ്ദേഹം ഹിംസിലേക്ക് മുന്നേറി. ഹദ്‌റത്ത് അബൂബക്ർ(റ) പറഞ്ഞു: എല്ലാവരും ഒരു സ്ഥലത്ത് ഒത്തുകൂടിയാൽ ഹദ്‌റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹ് ആയിരിക്കും സൈന്യാധിപൻ. ഓരോ സൈന്യത്തിലും നാലായിരം പേർ ഉണ്ടായിരുന്നു. എന്നാൽ, ഹദ്‌റത്ത് അബൂഉബയ്ദയുടെ സൈന്യത്തിൽ 8 ആയിരം സൈനികരാണ് ഉണ്ടായിരുന്നത്. സൈന്യങ്ങൾ പുറപ്പെടാനായപ്പോൾ ഹദ്‌റത്ത് അബൂബക്ർ(റ) സൈന്യാധിപന്മാരോട് പറഞ്ഞു: 'നിങ്ങൾ സ്വയം പ്രയാസപ്പെടുകയും കൂടെയുള്ളവരെ പ്രയാസത്തിലാക്കുകയും ചെയ്യരുത്. തങ്ങളുടെ സമൂഹത്തോടും സൈന്യത്തോടും നീരസം പ്രകടിപ്പിക്കരുത്. അവരോട് കൂടിയാലോചിക്കണം. നീതിപൂർവ്വം പെരുമാറേണ്ടതാണ്. അക്രമത്തിൽനിന്നും അന്യായത്തിൽനിന്നും അകന്നുനിൽക്കുക. അക്രമി ഒരിക്കലും വിജയം വരിക്കുന്നതല്ല. അവൻ വിജയത്തിന്റെ മുഖംപോലും കാണുന്നതല്ല. നിങ്ങൾക്ക് ശത്രുക്കളുമായി ഏറ്റുമുട്ടേണ്ടി വന്നാൽ ഒരിക്കലും ശത്രുവിൽനിന്ന് പിന്തിരിഞ്ഞോടരുത്. അല്ലാഹു പറയുന്നു: 'അന്ന് പിന്തിരിഞ്ഞോടുന്നവർക്കുമേൽ ദൈവിക ക്രോധം ഇറങ്ങുന്നതായിരിക്കും. അവരുടെ സങ്കേതം നരകമാകുന്നു; യുദ്ധത്തിനു വേണ്ടി സ്ഥലംമാറുന്നവരും സ്വന്തം ആളുകളുമായി ബന്ധപ്പെടാൻ ആഗ്രഹിക്കുന്നവരും ഒഴികെ. നോക്കുക ഇതെല്ലാം വിശുദ്ധ ഖുർആൻ സൂറ അൻഫാൽ 17-ാമത്തെ ആയത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.' തുടർന്നു പറഞ്ഞു: 'ശത്രുക്കളെ കീഴ്പ്പെടുത്തിയാൽ കുട്ടികളേയും സ്ത്രീകളേയും വൃദ്ധന്മാരേയും വധിക്കരുത്. മൃഗങ്ങളെ കൊല്ലരുത്. കരാറുകൾ ലംഘിക്കരുത്. ഉടമ്പടി ചെയ്തശേഷം നിങ്ങൾതന്നെ അത് ലംഘിക്കുന്നവരാകരുത്.'

ഏറ്റവുമാദ്യം ഹദ്‌റത്ത് അബൂഉബയ്ദ(റ) സിറിയൻ പട്ടണമായ 'മആബ്' ജയിച്ചടക്കി. അവിടെയുള്ള നിവാസികൾ യുദ്ധക്കരം നൽകാമെന്ന നിബന്ധനയിൽ രഞ്ജിപ്പിലായി. അതിനുശേഷം അദ്ദേഹം 'ജാബിയാ'യിലേക്ക് തിരിച്ചു. അവിടെ എത്തിയപ്പോൾ റോമക്കാരുടെ വലിയൊരു സൈന്യം എതിരിടാൻ തയ്യാറായി നിൽക്കുന്നതുകണ്ടു. അപ്പോൾ അബൂഉബയ്ദ(റ) കൂടുതൽ സഹായത്തിനു ഹദ്‌റത്ത് അബൂബക്റിനോട് സഹായമഭ്യർഥിച്ചു. ഹദ്‌റത്ത് അബൂബക്ർ(റ)അപ്പോൾ ഇറാഖ് ഓപ്പറേഷനിൽ നിയോഗിക്കപ്പെട്ടിരുന്ന ഖാലിദ് ബിൻ വലീദിനോട് പറഞ്ഞു: 'പകുതി സൈന്യത്തെ ഹദ്‌റത്ത് മഥ്നാ ബിൻ ഹാരിഥിന്റെ നേതൃത്വത്തിൽ അവിടെ നിറുത്തിയശേഷം താങ്കൾ ഹദ്‌റത്ത് അബൂഉബയ്ദയെ സഹായിക്കാൻ എത്തുക. ഹദ്‌റത്ത് അബൂബക്ർ, ഹദ്‌റത്ത് അബൂഉബയ്ദക്ക് ഇങ്ങനെ കത്തെഴുതി: 'ഞാൻ ഖാലിദിനെ അമീറായി നിശ്ചയിച്ചിരിക്കുന്നു. താങ്കൾ അദ്ദേഹത്തെക്കാളും ഉത്തമനും ശ്രേഷ്ഠനുമാണെന്ന് എനിക്കറിയാം. മുഴുവൻ കത്തും ഇപ്രകാരമാകുന്നു: 'അല്ലാഹുവിന്റെ ദാസനായ അതീഖ് ബിൻ അബൂ ഖുഹാഫ- അതീഖ് എന്നത് അബൂബക്റിന്റെ യഥാർഥ പേരും അബു ഖുഹാഫ എന്നത് പിതാവിന്റെ പേരുമാകുന്നു- അല്ലാഹുവിന്റെ ദാസനായ അതീഖ് ബിൻ അബൂ ഖുഹാഫ, അബൂ ഉബയ്ദ ബിൻ ജർറാഹിന് എഴുതുന്ന കത്ത്: 'താങ്കളുടെമേൽ ദൈവികസമാധാനം ഉണ്ടാകട്ടെ. ഞാൻ സിറിയയിലേക്കുള്ള സൈന്യത്തിന്റെ നേതൃത്വം ഖാലിദിനെ ഏൽപ്പിച്ചിരിക്കുന്നു. താങ്കൾ അദ്ദേഹത്തെ എതിർക്കരുത്. കേൾക്കുകയും അനുസരിക്കുകയും ചെയ്യുക. ഞാൻ താങ്കളെ അദ്ദേഹത്തിനുമേൽ രക്ഷാധി

കാരിയാക്കുന്നു. താങ്കൾ അദ്ദേഹത്തേക്കാളും ശ്രേഷ്ഠനാണെന്ന് എനിക്കറിയാം. എന്നാൽ, യുദ്ധ നൈപുണ്യത്തിൽ അതായത് യുദ്ധകാര്യങ്ങളിൽ ഖാലിദ് ബിൻ വലീദിന് താങ്കളേക്കാൾ കഴിവുണ്ടെന്ന് ഞാൻ മനസിലാക്കുന്നു. അല്ലാഹു താങ്കളേയും എന്നെയും ശരിയായദിശയിൽ നയിക്കുമാറാകട്ടെ.' ഇതാണ് ഹദ്റത്ത് അബൂബക്ർ(റ) എഴുതിയത്. ഹദ്റത്ത് ഖാലിദ് ബിൻ വലീദ്(റ) ഇറാഖിലെ 'ഹീറ' എന്ന പട്ടണത്തിൽനിന്ന് അബൂഉബയ്ദക്ക് കത്തയച്ചു. അദ്ദേഹം എഴുതി: 'അല്ലാഹുവിന്റെസമാധാനം താങ്കൾക്ക് ഉണ്ടാകുമാറാകട്ടെ. ഹദ്റത്ത് അബൂബക്ർ എന്നോട് സിറിയയിലേക്ക് പോകാൻ കൽപ്പിച്ചിരിക്കുന്നു. സൈന്യങ്ങളുടെ നേതൃത്വം എന്നെ ഏല്പിച്ചിരിക്കുന്നു. അല്ലാഹുവാണ! ഞാൻ ഒരിക്കലും ഇത് ചോദിക്കുകയോ ആഗ്രഹിക്കുകയോ ചെയ്തിട്ടില്ല. നേരത്തെ താങ്കൾക്കുണ്ടായിരുന്ന സ്ഥാനം തുടർന്നും ഉണ്ടായിരിക്കുന്നതാണ്. ഞങ്ങൾ ഒരിക്കലും താങ്കളെ ധിക്കരിക്കുന്നതല്ല. താങ്കളെ അവണിച്ചുകൊണ്ട് ഒരു തീരുമാനവും എടുക്കുന്നതുമല്ല. താങ്കൾ മുസ്‌ലിമീങ്ങളുടെ നേതാവാകുന്നു. താങ്കളുടെ മഹത്ത്വം ഞങ്ങൾ നിഷേധിക്കുന്നില്ല. മാത്രമല്ല, താങ്കളുമായി ആലോചിക്കുന്നത് ഞങ്ങൾ ഒഴിവാക്കുന്നതുമല്ല.' (രോശൻ സിത്താരേ, ഗുലാം ബാരി സാഹിബ് സയ്ഫ്, വാല്യം 2, പേജ് 19–21)(അശറമുബശ്ശറ, ബശീർ സാജിദ്, പേജ് 804, അൽബദ്ർ പബ്ലിക്കേഷൻസ് ഉർദു ബാസാർ ലാഹോർ, 2000)(സയ്റു സ്സ്വഹാബ, വാല്യം 4, പേജ് 457–459, പ്രസാധകർ ദാറുൽഇശാഅത്ത് കറാച്ചി)(ഫർഹങ്കെ സീറത്ത്, പേജ് 110, സവാർ അക്കാഡമി പബ്ലിക്കേഷൻസ്കറാച്ചി 2003)

ഇത് നോക്കുക, ഇതാണ് വിശ്വാസിയുടെ മഹത്ത്വം. രണ്ടു ഭാഗത്തുനിന്നും എങ്ങനെയാണ് വിനീതമായ അനുസരണം പ്രകടിപ്പിക്കുന്നത്!

അജ്നാദയ്ൻ യുദ്ധം: ഹിജ്റ 13 ൽ ആണ് ഇതുണ്ടായത്. അജ്നാദയ്ൻ, ഫലസ്തീനടുത്തുള്ള ഒരു പ്രദേശത്തിന്റെ പേരാകുന്നു. ഈ സ്ഥലത്ത് ഒരു ലക്ഷം റോമൻ സൈന്യവുമായി മുസ്‌ലിമീങ്ങൾ ഏറ്റുമുട്ടി. നിവേദനങ്ങളിൽ വരുന്നു: ഇതിന്റെ സൈന്യാധിപൻ റോമൻ ചക്രവർത്തി ഹിർഖലിന്റെ സഹോദരൻ തിയോഡോർ (Theodore) ആയിരുന്നു. മുപ്പത്തയ്യായിരത്തോളം വരുന്ന മുസ്‌ലിം സൈന്യം, ഒരുലക്ഷം വരുന്ന സൈന്യത്തെ പരാജയപ്പെടുത്തി അജ്നാദയ്ൻ പിടിച്ചിടക്കി.(അശറമുബശ്ശറ, ബശീർ സാജിദ്, പേജ് 805, അൽബദ്ർ പബ്ലിക്കേഷൻസ് ഉർദു ബാസാർ ലാഹോർ, 2000) (മുഅ്ജമുൽ ബുൽദാൻ, വാല്യം 1, പേജ് 129, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)

അജ്നാദയ്ൻ പിടിച്ചടക്കിയശേഷം മുസ്‌ലിമീങ്ങൾ ശത്രുക്കളെ വളഞ്ഞു. അതിന്റെ വിവരണം ഇപ്രകാരമാകുന്നു: ഡമാസ്കസ്, സിറിയയുടെ തലസ്ഥാനവും ലോകത്തിലെ പുരാതന നഗരങ്ങളിലൊന്നുമാണ്. ഹിജ്റ 14നാണ് അതിനെ മുസ്‌ലിമീങ്ങൾ വളഞ്ഞത്. ഇത് ആറുമാസത്തോളം തുടർന്നു. മറുഭാഗത്ത് അതായത് ശത്രുസൈന്യം കോട്ടക്കുള്ളിൽ തടവിലായി; അവർതന്നെ കോട്ട അടച്ചു. കാരണം അത് അവരുടെതന്നെ നാടായിരുന്നല്ലോ? മുസ്‌ലിമിങ്ങളുടെ അഞ്ച് സൈന്യാധിപന്മാരും തങ്ങളുടെ സൈന്യവുമായി ആ നഗരത്തെ വളഞ്ഞു. ഹദ്റത്ത് അബൂ ഉബയ്ദ തന്റെ സൈന്യത്തോടൊപ്പം കിഴക്കേ കവാടത്തിലായിരുന്നു. ഹദ്റത്ത് ഖാലിദ് ബിൻ വലീദ് നേരെ മറുഭാഗത്ത് പടിഞ്ഞാറെ കവാടത്തിലായിരുന്നു. മറ്റു സൈന്യാധിപന്മാർ സൈന്യവുമായി മറ്റു കവാടങ്ങളിലും നിലയുറപ്പിച്ചു. റോമക്കാർ ഇടക്കിടെ പുറത്തുവന്ന് യുദ്ധം ചെയ്യുകയും പിന്നെ തിരിച്ചുപോവുകയുമാണ് ചെയ്തിരുന്നത്. കോട്ടയ്ക്കുള്ളിൽ അവർ തടവിലായിട്ടുണ്ടായിരുന്നു. റോമൻ ചക്രവർത്തി സഹായ സേനയെ അയക്കുമെന്ന് അവർ പ്രതീക്ഷിച്ചിരുന്നു. എന്നാൽ, മുസ്‌ലിംസൈന്യത്തിലെ ജാഗ്രത അവരുടെ പ്രതീക്ഷകൾക്കുമേൽ മണ്ണിടുകയാണുണ്ടായത്. ഒരു രാത്രിയിൽ, പട്ടണത്തിൽ എന്തോ ഉത്സവം നടക്കുകയായിരുന്നു. കോട്ടവാതിൽക്കലിലെ കാവൽക്കാരും ആഘോഷത്തിമിർപ്പിൽ കാവൽ നിൽക്കുകയാണെന്ന കാര്യം മറന്നുപോയി. ഹദ്റത്ത് ഖാലിദ് ബിൻ വലീദ്, കുറച്ചാളുകളേയുംകൂട്ടി പട്ടണത്തിന്റെവാതിൽ ഭേദിച്ച് ഉള്ളിൽ കടന്നു. വാതിൽതുറന്നു. അങ്ങനെ സൈനികർ പട്ടണത്തിലേക്ക് പ്രവേശിച്ചു. ഇതു കണ്ടപ്പോൾ ജനങ്ങൾ നഗരത്തിലെ മറുഭാഗത്തുണ്ടായിരുന്ന ഹദ്റത്ത് അബൂ ഉബയ്ദയുമായി സന്ധി ചെയ്തു. സന്ധിയിലായി. ഹദ്റത്ത് ഖാലിദിന് ഇതേക്കുറിച്ച് അറിയില്ലായിരുന്നു. തുടർച്ചയായി യുദ്ധം നടന്നു. ജനങ്ങൾ അബൂ ഉബയ്ദയുടെ അടുക്കലെത്തി തങ്ങളെ ഖാലിദിൽ നിന്ന് രക്ഷിക്കണമെന്ന് അപേക്ഷിച്ചു. പട്ടണ മധ്യത്തിൽവച്ച് രണ്ടു സൈന്യാധിപന്മാരും കണ്ടുമുട്ടി. ഖാലിദ് ബിൻ വലീദും ഹദ്റത്ത് അബൂ ഉബയ്ദയും നഗരമധ്യത്തിൽ വെച്ച് ആ നഗരവാസികളുമായി സന്ധിചെയ്തു. കാരണം നേരത്തെതന്നെ അബൂഉബയ്ദ ഉടമ്പടി ചെയ്തിട്ടുണ്ടായിരുന്നു.(അശറമുബശ്ശറ, ബശീർ സാജിദ്, പേജ് 805–806, അൽബദ്ർ പബ്ലിക്കേഷൻസ് ഉർദു ബാസാർ ലാഹോർ, 2000)

ഫിഹ്ൽ സൈനിക നീക്കം:ഇത് സിറിയയിലെ ഒരു നഗരമാകുന്നു. ഡമാസ്കസ് പിടിച്ചടക്കിയ ശേഷം മുസ്‌ലിമീങ്ങൾ മുന്നേറുകയായിരുന്നു. അപ്പോഴാണ് റോമക്കാർ ബയ്സാൻ എന്ന സ്ഥലത്ത് ഒരുമിച്ചുകൂടി മുസ്‌ലിമീങ്ങളെ ആക്രമിക്കാൻ തയ്യാറെടുക്കുന്നത് അറിഞ്ഞത്. മുസ്‌ലിമീങ്ങൾ അവർക്കെതിരിൽ ഫിഹ്ൽ എന്ന സ്ഥലത്ത് തമ്പടിച്ചു. റോമൻ സൈന്യത്തലവൻ, സന്ധിക്കുള്ള നിർദേശവുമായി തങ്ങളുടെ പ്രതിനിധിയെ ഹദ്റത്ത് അബൂഉബയ്ദയുടെ അടുത്തേക്ക് അയച്ചു. അയാൾ ഇസ്‌ലാമിക സൈന്യത്തിന്റെ അടുക്കലെത്തിയപ്പോൾ അവിടെ വലിയവരും ചെറിയവരും നേതാവും അനുയായികളും സൈന്യാധിപനും സൈനികരും ഒരു വ്യതിരിക്തതയും വിവേചനും കൂടാതെ ഇരിക്കുന്നതാണ് കണ്ടത്. അങ്ങനെ അവസാനം അയാൾ നിർബന്ധിതാവസ്ഥയിൽ ചോദിച്ചു: 'ആരാണ് നിങ്ങളുടെ സൈന്യാധിപൻ? ജനങ്ങൾ ഒരു സാധാരണക്കാരനായ വ്യക്തിയെ ചൂണ്ടിക്കാണിച്ചു കൊടുത്തു. അദ്ദേഹം നിലത്തിരിക്കുകയായിരുന്നു. ആഗതൻ അടുത്തുചെന്ന് ചോദിച്ചു: 'താങ്കളാണോ സൈന്യാധിപൻ?' ഹദ്റത്ത് അബൂ ഉബയ്ദ(റ) പറഞ്ഞു: 'അതെ.' അയാൾ പറഞ്ഞു: 'താങ്കൾ ഇവിടെനിന്ന് സൈന്യത്തെ പിൻവലിക്കുക. അങ്ങനെയാണെങ്കിൽ ഓരോസൈനികനും രണ്ടുവീതം സ്വർണനാണയം നൽകുന്നതാണ്. സൈന്യാധിപന് ആയിരം ദിനാറും നിങ്ങളുടെ ഖലീഫക്ക് രണ്ടായിരം ദിനാറും നൽകപ്പെടുന്നതായിരിക്കും.' ഹദ്റത്ത് അബൂ ഉബയ്ദ(റ) അത് നിരാകരിച്ചുകൊണ്ട് പറഞ്ഞു: 'ഞങ്ങൾ പണം വാങ്ങാനും സമ്പത്ത് ലാക്കാക്കിയുമല്ല വന്നിരിക്കുന്നത്. അല്ലാഹുവിന്റെ വചനം ഉയർത്തുന്നതിനാണ് വന്നിരിക്കുന്നത്.' ആഗതൻ അവരെ ഭീഷണിപ്പെടുത്തിക്കൊണ്ട് അവിടെ നിന്ന് തിരിച്ചുപോയി. അയാൾ ഈ നെറ്റിചുളിക്കുന്നത് കണ്ടപ്പോൾ ഹദ്റത്ത് അബൂ ഉബയ്ദ(റ) സൈന്യത്തോട് തയ്യാറാകാൻ കൽപ്പിച്ചു. അടുത്ത ദിവസം രാവിലെ രണ്ട് വിഭാഗങ്ങളും തമ്മിൽ യുദ്ധമുണ്ടായി. ഹദ്റത്ത് അബൂ ഉബയ്ദ സ്വയം സൈന്യത്തിന്റെ ഹൃദയഭാഗത്ത് അതായത് നടുവിലുണ്ടായിരുന്നു. വളരെ യുക്തിപൂർവം സൈന്യത്തെ നയിക്കുകയായിരുന്നു. അങ്ങനെ എണ്ണത്തിൽ കുറഞ്ഞവരായിട്ടും മുസ്‌ലിമീങ്ങൾ റോമക്കാരെ പരാജയപ്പെടുത്തി. അതിന്റെ ഫലമായി ജോർഡാൻ പ്രദേശം മുഴുവൻ മുസ്‌ലിമീങ്ങളുടെ അധീനത്തിൽ വന്നു.(അശറമുബശ്ശറ, ബശീർ സാജിദ്, പേജ് 807–808, അൽബദ്ർ പബ്ലിക്കേഷൻസ് ഉർദു ബാസാർ ലാഹോർ, 2000)(സയ്റുസ്സ്വഹാബ, ശാഹ് മുയീനുദ്ദീൻ നദ്‌വി വാല്യം 2, പേജ് 128, ദാറുൽഇശാഅത്ത് ഉർദുബാസാർ, കറാച്ചി, പാക്കിസ്താൻ)

ഹിംസ് വിജയം: ഫിഹ്ൽ വിജയയത്തിനുശേഷം ഹദ്റത്ത് അബൂ ഉബയ്ദ(റ) സിറിയയിലെ ഒരു പ്രധാന നഗരമായ ഹിംസിലേക്ക് തിരിച്ചു. യുദ്ധപരമായും രാഷ്ട്രീയപരമായും വളരെ പ്രധാനപ്പെട്ട സ്ഥലമാണിത്. വഴിയിൽ ബഅൽബക്ക് പട്ടണത്തിലൂടെ പോകേണ്ടിവന്നു. ഇത് ലബ്നോണിലെ പുരാതന നഗരമാണ്. ഡമാസ്കസിൽ നിന്ന് മൂന്ന് രാത്രി സഞ്ചരിക്കേണ്ട ദൂരമുണ്ട്. ഇതൊരു പുരാതന നഗരവും ബഅ്ൽ എന്ന വിഗ്രഹത്തെ ആരാധിക്കുന്നവരുടെ വലിയ ഒരു കേന്ദ്രവുമായിരുന്നു. അവിടെയുള്ള ജനങ്ങൾ ഹദ്റത്ത് അബൂ ഉബയ്ദ(റ)യെ എതിർക്കുന്നതിനു പകരം അദ്ദേഹത്തോടു സന്ധിക്കുവേണ്ടി അപേക്ഷിച്ചു. യുദ്ധക്കരത്തിന്റെ നിബന്ധനയിൽ അത് അംഗീകരിച്ചുകൊടുത്തു. അതേതുടർന്ന് ഹദ്റത്ത് അബൂ ഉബയ്ദ(റ) അവരോട് യുദ്ധമൊന്നും ചെയ്തില്ല. യുദ്ധക്കരം ആവശ്യപ്പെട്ടു. ആ നിബന്ധന അവർ സ്വീകരിക്കുകയും ചെയ്തു. അവർക്ക് അവരുടെ മതത്തിൽ തുടരാവുന്നതാണ്. ഹദ്റത്ത് അബൂഉബയ്ദ(റ) ഹിംസിലേക്ക് തിരിച്ചു. അതിനെ വളയുകയും ചെയ്തു. ഹദ്റത്ത് ഖാലിദ് ബിൻ വലീദും അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു. നഗരവാസികൾ, റോമൻ ചക്രവർത്തി സഹായിക്കുമെന്ന പ്രതീക്ഷയിലായിരുന്നു. അതുകൊണ്ടാണ് അവർ എതിർക്കാൻ തയ്യാറായത്. എന്നാൽ, അവർ സഹായത്തെ സംബന്ധിച്ച് നിരാശയിലായി. അങ്ങനെ അവർ ആയുധം താഴെയിടുകയും സന്ധിക്ക് അപേക്ഷിക്കുകയുംചെയ്തു. അതംഗീകരിക്കപ്പെട്ടു. സന്ധിയോടൊപ്പം സ്വത്തും സമ്പത്തും സുരക്ഷിതമായിരിക്കുമെന്ന ഉറപ്പും നൽകി. അവരുടെ വനങ്ങളും ആരാധനാലയങ്ങളും സുരക്ഷിതമാണെന്ന് പ്രഖ്യാപിച്ചു. വീടുകളും ആരാധനാലയങ്ങളും സുരക്ഷിതമായിരിക്കും. സ്വന്തം മതത്തിൽ തുടരാവുന്നതാണ്. പക്ഷേ, ജിസ്‌യ കൊടുക്കേണ്ടിവരുന്നതാണ്. ഇത് ഒരു ടാക്സ് അതായത് നികുതിയാകുന്നു.

ലാസിഖിയ്യ വിജയം:അതിനുശേഷം ഇസ്‌ലാമികസൈന്യം ലാസിഖിയ്യയിലേക്ക് തിരിച്ചു. ഇത് സിറിയയിലെ ഒരു പട്ടണമാണ്. സമുദ്രതീരത്ത് സ്ഥിതിചെയ്യുന്ന ഈ നഗരം, ഹിംസിന്റെ സമീപപ്രദേശങ്ങളിൽപെടുന്നു. ഏതായിരുന്നാലും ലാസിഖിയ്യയെ വളഞ്ഞു. സംരക്ഷണ സംവിധാനമെന്ന നിലക്ക്, ലാസിഖിയ്യ വളരെ പ്രബലമായിരുന്നു. ജനങ്ങളുടെ പക്കൽ നിരവധി വരുമാനമാർഗങ്ങളുണ്ടായിരുന്നു. അതുകൊണ്ട് അവർ പട്ടണത്തെ ഉപരോധിച്ചത് ഗൗനിച്ചില്ല. ഹദ്റത്ത് അബൂ ഉബയ്ദ(റ) ആ പ്രദേശം ജയിച്ചടക്കാൻ പുതിയൊരു ഉപായം പ്രയോഗിച്ചു. അദ്ദേഹം രാത്രിയിൽ മൈതാനത്ത് നിരവധി കുഴികളുണ്ടാക്കി. അവയെ പുല്ലുകൊണ്ട് മൂടുകയും ചെയ്തു. രാവിലെ സൈന്യവുമായി ഹിംസിലേക്ക് തിരിച്ചു. സൈന്യം കുഴി ഉണ്ടാക്കി അതിനെ പുല്ലുകൾകൊണ്ട് മൂടിയശേഷം തങ്ങൾ തിരിച്ചു പോവുകയാണെന്നും ഉപരോധം അവസാനിപ്പിച്ചുവെന്നും തോന്നിപ്പിച്ചു. നഗരവാസികളും അവരുടെ സൈന്യവും ഉപരോധം അവസാനിച്ചുവെന്ന് കണ്ടപ്പോൾ സന്തോഷിക്കുകയും സ്വസ്ഥമായി നഗരകവാടങ്ങൾ തുറക്കുകയുംചെയ്തു. മറുഭാഗത്ത്, അബൂഉബയ്ദ(റ) രാത്രിതന്നെ തന്റെ സൈന്യവുമായി തിരിച്ചു വന്നു. രാത്രിയിൽ തിരിച്ചെത്തി ഗുഹപോലെ ഉണ്ടാക്കിയ കുഴികളിൽ ഒളിച്ചിരുന്നു. ഗുഹകൾ(tunnels)പോലെ അല്ലെങ്കിൽ തുരങ്കമോ ട്രെൻഞ്ചുകളോ(Trenches) ആണുണ്ടാക്കിയത്. അവിടെ ഒളിച്ചിരുന്നു. രാവിലെ നഗരകവാടങ്ങൾ തുറന്നപ്പോൾ അപ്രതീക്ഷിതമായി ആക്രമണം നടത്തുകയും പട്ടണത്തിൽ പ്രവേശിച്ച് അത് പിടിച്ചടക്കുകയും ചെയ്തു.'(സയ്റുസ്സ്വഹാബ, ശാഹ്

(ശേഷം പേജ് 12ൽ)

(പേജ് 2ൽനിന്ന്)

വുകൾകൊണ്ട് ക്രിസ്ത്യാനികളുടെ വായടപ്പിക്കുക; നിശബ്ദരാക്കുക. മസീഹിനെ മരിച്ചവരിൽ പ്രവേശിച്ചവനായി നിങ്ങൾ സ്ഥാപിക്കുകയും ക്രിസ്ത്യാനികളുടെ മനസ്സിൽ അതു കൊത്തിവെക്കുകയുമാണെങ്കിൽ നിങ്ങൾ മനസ്സിലാക്കുക, ആ ദിവസം ക്രൈസ്തവമതം ലോകത്ത് ഇല്ലാതായെന്ന്! തീർച്ചയായും മനസ്സിലാക്കുക, അവരുടെ ദൈവം മരിക്കാത്തിടത്തോളം അവരുടെ മതവും മരിക്കുകയില്ല. അവരുമായുള്ള മറ്റെല്ലാ ചർച്ചകളും അതോടെ ഇല്ലാതാകുകയും ചെയ്യും. അവരുടെ മതത്തിന് ഒരേയൊരു തൂണാണുള്ളത്. ഇന്നും ആകാശത്ത് ഈസാ സ്ഥൂല ശരീരത്തോടെ ജിവിച്ചിരിക്കുന്നുവെന്ന് വിശ്വാസമാണത്. ഈ തൂണ് തകർത്ത് തരിപ്പണമാക്കുകയാണെങ്കിൽ പിന്നെ ലോകത്ത് എവിടെയാണ് ക്രൈസ്തവ മതമുള്ളതെന്ന് തിരഞ്ഞു നോക്കുക.' (ഇസാലയെ ഔഹാം റൂഹാനീ ഖസാഇൻ വാല്യം 3, പേജ് 402)

**ഈസായുടെ മരണത്തിലാണ് ഇസ്‌ലാമിന്റെ ജീവിതം:**

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഇതു സത്യമായ കാര്യമാണ്. ഈസാ(അ) വഫാത്തായി കഴിഞ്ഞിരിക്കുന്നു. ഞാൻ അല്ലാഹുവിനെ സത്യം ചെയ്തു പറയുന്നു: വാഗ്ദത്തം ചെയ്യപ്പെട്ട ആരാണോ വരേണ്ടത് അതു ഞാൻ തന്നെയാണ്. ഈസായുടെ മരണത്തിലാണ് ഇസ്‌ലാമിന്റെ ജീവിതമെന്നത് ദൃഢഗാഢമായ കാര്യമാണ്.'(ലക്ച്ചർ ലുധിയാന, റൂഹാനീ ഖസാഇൻ വാല്യം 20, പേജ് 290)

ഇനി ഞങ്ങൾ 'തവഫ്ഫാ'യെ സംബന്ധിച്ച് ചുരുക്കി വിവരിക്കുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: ഇൽമെ നൗഹിൽ വ്യക്തമായും അംഗീകരിക്കപ്പെട്ട നിയമമാണ് തവഫ്ഫാ എന്ന പദത്തിൽ അല്ലാഹു കർത്താവും മനുഷ്യൻ കർമവും (Direct object-മഫ്ഊൽ ബിഹി)ആയി വരുമ്പോൾ എപ്പോഴും ആ സ്ഥലത്ത് 'തവഫ്ഫാ' എന്നതിന്റെ അർഥം മരിപ്പിക്കുക, ആത്മാവിനെ പിടിച്ചെടുക്കുക എന്നായിരിക്കും.(തുഹ്ഫ ഗോൾഡവിയ്യ, റൂഹാനീ ഖസാഇൻ വാല്യം 17, പേജ് 162). അദ്ദേഹം പറഞ്ഞു:വിശുദ്ധ ഖുർആൻ ഒരു പ്രാവശ്യമല്ല, രണ്ടുപ്രാവശ്യവുമല്ല 25 പ്രാവശ്യം 'തവഫ്ഫാ' എന്ന പദം ഉപയോഗിച്ചുകൊണ്ട് ആത്മാവിനെ പിടിച്ചെടുക്കുക എന്നർഥത്തിൽ മാത്രം ഉപയോഗിച്ചിരിക്കുന്നു. അതിനു ശരീരവുമായി ഒരുബന്ധവുമില്ല.(ഇസാലയെ ഔഹാം റൂഹാനീ ഖസാഇൻ വാല്യം 3, പേജ് 392). അദ്ദേഹം പറയുന്നു: 'ഏതൊരു വാക്കാണോ അല്ലാഹു തന്റെ ഗ്രന്ഥത്തിൽ 25 പ്രാവശ്യം രേഖപ്പെടുത്തി ഇതിന്റെ അർഥം 'ആത്മാവിനെ പിടിച്ചെടുക്കുക' എന്നതല്ലാതെ മറ്റൊന്നുമല്ലെന്ന് വ്യക്തമായും പറഞ്ഞത് ഇക്കൂട്ടർ ഈ വാക്കിന്റെ അർഥം മസീഹിനുവേണ്ടി മറ്റൊന്നാക്കിക്കൊണ്ടുപോകുന്നു. മുഴുലോകത്തിനും 'തവഫ്ഫാ' എന്നതിന്റെ അർഥം 'ആത്മാവിനെ പിടിച്ചെടുക്കുക' എന്നതുതന്നെയാണ്. എന്നാൽ, ഇബ്നു മർയമിനുവേണ്ടി ഇതിന്റെ അർഥം 'സ്ഥൂലശരീരത്തോടെ ഉയർത്തി' എന്നാണത്രെ!! (ആയിനയെ കമാലാത്തെ ഇസ്‌ലാം റൂഹാനീ ഖസാഇൻ വാല്യം 5, പേജ് 43)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഇവിടെ തവഫ്ഫാ എന്നതിന്റെ അർഥം മരിപ്പിക്കുകയല്ല എന്ന് പറഞ്ഞ് വാശിപിടിക്കുന്നത് നിരർഥമാണ്. കാരണം ഇക്കാര്യത്തിൽ എല്ലാ അറബി നിഘണ്ടുപണ്ഡിതന്മാരും ഏകാഭിപ്രായക്കാരാണ്; ഒരു 'അലമി'ൽ അതായത് ഏതെങ്കിലും വ്യക്തിയുടെ പേരെടുത്ത് തവഫ്ഫാ എന്ന പദം അയാളിൽ ഉപയോഗിച്ചാൽ ഉദാഹരണത്തിന് തവഫ്ഫല്ലാഹു സയ്ദൻ എന്നു പറഞ്ഞാൽ അതിന്റെ അർഥം 'ദൈവം സയ്ദിനെ മരിപ്പിച്ചു' എന്നാണ്. ഇക്കാരണത്താലാണ് നിഘണ്ടു ഇമാമീങ്ങൾ അത്തരം അവസരങ്ങളിൽ മറ്റ് അർഥങ്ങൾ എഴുതാതെ മരിപ്പിക്കുക എന്നു മാത്രം എഴുതുന്നത്. ലിസാനുൽഅറബിൽ നമ്മുടെ വിവരണമനുസരിച്ച് ഈ വാക്യമുണ്ട്: *തുവുഫ്ഫിയ ഫുലാനുൻ വ തവഫ്ഫാഹുല്ലാഹു ഇദാ ഖബള നഫ്സഹൂ വ ഫിസ്സിഹാഹി ഇദാ ഖബള റൂഹഹൂ അതായത് തുവുഫ്ഫിയ ഫുലാനുൻ* എന്നു പറയുമ്പോൾ തവഫ്ഫാഹുല്ലാഹു എന്നു പറയുന്നതായിരിക്കും. തവഫ്ഫാഹുല്ലാഹു എന്നതിന്റെ അർഥം ഇന്നയാൾ മരിച്ചുവെന്ന് മാത്രമായിരിക്കും. അല്ലാഹു അയാളെ മരിപ്പിച്ചു. ഞാൻ കഴിയുന്നിടത്തോളം സിഹാഹുസിത്തയിലും മറ്റു ഹദീഥുകളിലും ദൃഷ്ടി പതിപ്പിച്ചിട്ടുണ്ട്. അതിൽനിന്ന് മനസ്സിലായത് നബി(സ)തിരുമേനിയുടെ കലാമിലും സ്വഹാബത്തിന്റെ കലാമിലും താബിയീങ്ങളുടെ കലാമിലും തബഅ താബിയീങ്ങളുടെ കലാമിലും ഒരു അലമിൽ അതായത് ഏതെങ്കിലും വ്യക്തിയുടെ പേരെടുത്ത് തവഫ്ഫാ എന്ന പദം ഉപയോഗിക്കപ്പെടുകയും അല്ലാഹു കർത്താവും ആ വ്യക്തി കർമവുമായി വരികയും ചെയ്തിട്ട് ആ വാക്യത്തിന്റെ അർഥം വഫാത്ത് എന്നതല്ലാതെ മറ്റേതെങ്കലും അർഥം നല്കപ്പെട്ടതായുള്ളതിന് ഒരു ഉദാഹരണംപോലും കാണുകയില്ല. എന്നല്ല ഓരോ സ്ഥലത്തും പേരെടുത്തുകൊണ്ട് ഏതെങ്കിലും വ്യക്തിയെ കുറിച്ച് തവഫ്ഫാ എന്ന പദം ഉപയോഗിച്ചിട്ടുള്ളിടത്തെല്ലാം അല്ലാഹു കർത്താവും പേരെടുത്ത് പറയപ്പെട്ട ആ വ്യക്തി കർമവുമായി പറഞ്ഞിട്ടുള്ളിടത്തെല്ലാം അവൻ മരിച്ചുപോയി എന്ന അർഥംതന്നെയാണ് എഴുതപ്പെട്ടിട്ടുള്ളത്. അത്തരം 300 ലധികം ഉദാഹരണം എനിക്കു കിട്ടിയിട്ടുണ്ട്. അവയിൽനിന്ന് എവിടെയൊക്കെ തവഫ്ഫാ എന്ന പദം അല്ലാഹു കർത്താവും പേരെടുത്ത് പറഞ്ഞിട്ടുള്ള വ്യക്തി കർമവുമായി പറഞ്ഞിട്ടുള്ളിടത്തെല്ലാം മരിപ്പിക്കുക എന്നർഥമല്ലാതെ മറ്റേതെങ്കിലും അർഥം പറഞ്ഞിട്ടുള്ളതായി എത്ര തിരഞ്ഞിട്ടും എനിക്കു കിട്ടിയില്ല.

അപ്രകാരംതന്നെ വിശുദ്ധ ഖുർആൻ ആദ്യംമുതൽ അവസാനംവരെ നോക്കിയിട്ടും അതുതന്നെയാണ് സ്ഥാപിതമായത്. *തവഫ്ഫനീ മുസ്‌ലിമൻവ്വൽഹിഖ്നീ ബിസ്സാലിഹീൻ,........വ ഇമ്മാനുരിയന്നക്ക ബഅ്ളല്ലദീ നയിദുഹും ഔ നതതവഫ്ഫയന്നക്ക* തുടങ്ങിയ ആയത്തുകൾ ഉദാഹരണങ്ങളാണ്.'(ബറാഹീനെ അഹ് മദിയ്യാ ഭാഗം 5, റൂഹാനീ ഖസാഇൻ വാല്യം 21, പേജ് 378)

ഇനി ഞങ്ങൾ താഴെ സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി സമർപിക്കുകയാണ്. അവിടന്ന് പറയുന്നു:

1. 'വിശുദ്ധ ഖുർആനിൽനിന്നോ നബി(സ)തിരുമേനിയുടെ ഹദീഥുകളിൽനിന്നോ കവിതകളിൽനിന്നോ ഖസ്വീദകളിൽനിന്നോ പൗരാണികമോ ആധുനികമോ ആയ അറബി പദ്യങ്ങളിൽനിന്നോ ഗദ്യങ്ങളിൽ നിന്നോ തവഫ്ഫാ എന്ന പദം അല്ലാഹു കർത്താവായ അവസ്ഥയിൽ ഏതെങ്കിലും ആത്മാവിനുവേണ്ടി ഉപയോഗിച്ചിട്ടുള്ളിടത്ത് അവിടെ ആത്മാവിനെ പിടിക്കുകയും മരിപ്പിക്കുകയും ചെയ്യുക എന്നർഥത്തിലല്ലാതെ മറ്റേതെങ്കിലും അർഥത്തിൽ ഉപയോഗിച്ചിട്ടുള്ളതായി സ്ഥാപിക്കുകയാണെങ്കിൽ അതായത് സ്ഥൂരശരീരത്തോടെ ഉയർത്തി എന്ന അർഥത്തിൽ ഉപയോഗിച്ചിട്ടുള്ളതായി സ്ഥാപിച്ചാൽ ഞാൻ അല്ലാഹുവിനെ സത്യം ചെയ്ത് പറയുന്നു, അത്തരം വ്യക്തിക്ക് എന്റെ ഏതെങ്കിലും സ്ഥലം വിറ്റ് 5000 രൂപ രൊക്കം നല്കുന്നതായിരിക്കും. ഭാവയിൽ അയാളുടെ ഹദീഥ് പാണ്ഡിത്യവും ഖുർആൻ പാണ്ഡിത്യവും സമ്മതിക്കുകയും ചെയ്യുന്നതായിരിക്കും.(ഇസാലയെ ഔഹാം, റൂഹാനീ ഖസാഇൻ വാല്യം 3, പേജ് 603)

ഹമാമത്തുൽ ബുശ്റാ എന്ന ഗ്രന്ഥത്തിൽ അദ്ദേഹം തന്റെ ഈ വെല്ലുവിളി ആവർത്തിക്കുന്നു:

2. 'അല്ലാഹുവിനേയും അവന്റെ അഭിമാനത്തേയും കൊണ്ട് സത്യം! ഞാൻ അല്ലാഹുവിന്റെ ഗ്രന്ഥത്തിലെ ഓരോരോ ആയത്തും വായിച്ചു. അതിൽ നല്ലവണ്ണം ചിന്തിച്ചു. പിന്നീട് ഞാൻ ഹദീഥുഗ്രന്ഥങ്ങൾ അതി സൂക്ഷ്മമായി വായിച്ചു, അവയിലും നല്ലവണ്ണം ചിന്തിച്ചു. പക്ഷേ, ഞാൻ ഖുർആനിലോ ഹദീഥുകളിലോ തവഫ്ഫാ എന്ന പദം പ്രയോഗിച്ചു കണ്ടത് (അതിന്റെ കർത്താവും അല്ലാഹുവും അതിന്റെ കർമം മനുഷ്യനും ആകുമ്പോൾ)അതിന്റെ അർഥം 'മരിപ്പിച്ചു, ആത്മാവിനെ പിടിച്ചു' എന്നതല്ലാതെ മറ്റൊന്നും ആയിട്ടല്ല. ആരെങ്കിലും എന്റെ ഈ ഗവേഷണത്തിന്നെതിരിൽ സ്ഥാപിച്ചു കാണിച്ചാൽ ഇന്നത്തെ 1000 രൂപ ഇനാമായി ഞാൻ കൊടുക്കുന്നതായിരിക്കും.' (ഹമാമത്തുൽബുശ്റാ, ഉർദു തർജമ പേജ് 231)

3. തിർയാഖുൽഖുലൂബ് എന്ന ഗ്രന്ഥത്തിൽ 500 രൂപ ഇനാം പ്രഖ്യാപിച്ചുകൊണ്ട് അവിടന്ന് പറഞ്ഞു:' ആരാണോ സകല ഹദീഥുകളേയും വിശുദ്ധ ഖുർആനേയും പിൻപറ്റുകയും സകല നിഘണ്ടു ഗ്രന്ഥങ്ങളും സാഹിത്യഗ്രന്ഥങ്ങളും ചിന്തിച്ചു വായിക്കുന്നത് അയാൾക്ക് ഞാൻ പറയുന്ന കാര്യം മറഞ്ഞിരിക്കുകയില്ല. ഇത് ലിസാനുൽ അറബിലുള്ള പൗരാണിക ഭാഷാപ്രയോഗമാണ്. അല്ലാഹു കർത്താവാകുകയും മനുഷ്യൻ കർമമാകുകയും ചെയ്യുമ്പോൾ അത്തരം അവസ്ഥയിൽ തവഫ്ഫായുടെ അർഥം മരണമെന്നല്ലാതെ മറ്റൊന്നുമാകുകയില്ല. ആരെങ്കിലും ഇത് നിഷേധിക്കുകയാണെങ്കിൽ അത്തരം വ്യക്തി ഹദീഥിൽനിന്നോ വിശുദ്ധ ഖുർആനിൽനിന്നോ മറ്റേതെങ്കിലും സാഹിത്യങ്ങളിൽനിന്നോ അത്തരം അവസ്ഥയിൽ തവഫ്ഫായ്ക്ക് വേറേയും അർഥങ്ങളും വരുന്നുണ്ടെന്ന് തെളിയിച്ചുകാണിക്കേണ്ടതാണ്. അത്തരം തെളിവ് നബി(സ)തിരുമേനിയുടെ പരിശുദ്ധ വാക്കുകളിൽനിന്ന് സമർപിക്കുകയാണെങ്കിൽ ഒട്ടും താമസിയാതെ അയാൾക്ക് 500 രൂപ ഇനാം നല്കാൻ ഞാൻ തയ്യാറാണ്. നോക്കുക! സത്യം പ്രകടിപ്പിക്കുന്നതിനുവേണ്ടി നാം എത്ര പണമാണ് ചെലവഴിക്കാൻ ആഗ്രഹിക്കുന്നത്. പിന്നെന്തുകൊണ്ടാണ് നമ്മുടെ ചോദ്യങ്ങൾക്ക് ആരും മറുപടി നല്കാത്തത്?'(തിർയാഖുൽഖുലൂബ്, റൂഹാനീ ഖസാഇൻ വാല്യം 15 പേജ് 458, അടിക്കുറിപ്പ്)

ബറാഹീനെ അഹ്മദിയ്യാ ഭാഗം 5 ൽ 200 രൂപ ഇനാം പ്രഖ്യാപിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു:

4. 'സ്ഥാപിതമായ ഇതേ കാര്യത്തിന് വിജ്ഞാപനം നല്കിയിട്ട് കാലങ്ങളായി..... ആ വിജ്ഞാപനത്തിന് ഇന്നുവരെ ആരും മറുപടി നല്കിയിട്ടില്ല. ഇപ്പോൾ വീണ്ടും ന്യായപൂർത്തിക്കായി 200 രൂപ രൊക്കം വിജ്ഞാപനം നല്കുകയാണ്; നമ്മുടെ ഏതെങ്കിലും എതിരാളി നമ്മുടെ ഈ വിവരണത്തെ ദൃഢപര വും ഖണ്ഡിതവുമായി മനസ്സിലാക്കുന്നില്ലെങ്കിൽ അവർ നബി(സ)തിരുമേനിയുടെ ഹദീഥുകളിൽനിന്നോ പൗരാണിക കവികളുടെ വാക്കുകളിൽനിന്നോ -അവർ അംഗീകരിക്കപ്പെട്ടവരും അറേബ്യക്കാരനും അത്തരം കാര്യത്തിൽ സുസമ്മതരും ആയിരിക്കണം-ഒരു വാക്യം സമർപിക്കുക, അതിൽ 'തവഫ്ഫാ' എന്ന പദം അല്ലാഹു കർത്താവും മനുഷ്യൻ കർമവുമായി വരുമ്പോൾ, അത് സയ്ദാവട്ടെ, ബക്റാവട്ടെ, ഖാലിദ് തുടങ്ങിയ ആരുമാകട്ടെ ആവാക്യത്തിന്റെ അർഥം വ്യക്തമായും വഫാത്തെന്നല്ലാതെ മറ്റർഥത്തിലും ഉപയോഗിച്ചിട്ടുണ്ടെന്ന് തെളിയിച്ചു കാണിക്കുക. അങ്ങനെ തെളിയിച്ചാൽ ഞാൻ അയാൾക്ക് 500 രൂപ രൊക്കം നല്കുന്നതായിരിക്കും.'(ബറാഹീനെ അഹ്മദിയ്യാ ഭാഗം 5, റൂഹാനീ ഖസാഇൻ വാല്യം 21, പേജ് 383)

ഹിന്ദുവാകരുത്. തെളിവുകൾ വാഗ്ദത്ത മസീഹിന്റേതല്ല അല്ലാഹുവിന്റേതാണ്. ഒരു ഹൃദയഹാരിയായ ഹികായത്ത്.

അവസാനമായി മുസ്‌ലിമീങ്ങളുടെ പരിതാപകരമായ അവസ്ഥയിൽ ഒരു ഹൃദയഹാരിയായ ഹികായത്ത് സമർപിച്ച് ഞങ്ങൾ ഈ വിഷയം അവസാനിപ്പിക്കുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അവരുടെ ഉദാഹരണം ആ ഹിന്ദുവിന്റേതാണ്. മുസ്‌ലിമീങ്ങൾ മാത്രം താമസിച്ചിരുന്ന ഒരു സ്ഥലത്ത് ഒരു ഹിന്ദു കഠിനമായ പട്ടിണികൊണ്ട് മരണാസന്നനായി. എന്നാൽ, മുസ്‌ലിമീങ്ങളുടെ രുചികരവും സ്വാദിഷ്ടവുമായ ഭക്ഷണം അവിടെ ഉണ്ടായിട്ടും-അതാണെങ്കിൽ ആ ഹിന്ദുവിന്റെ പിതാവോ പിതാമഹന്മാരോപോലും കാണാത്തതാണ്- അയാൾ തിന്നാതെ മരിച്ചു. മുസ്‌ലിമീങ്ങളുടെ കരസ്പർശം അതിലുണ്ടായി എന്നതാണ് തിന്നാത്തതിന് കാരണം. ഇതുപോലെയാണ് ഇക്കൂട്ടരുടെ അവസ്ഥ. ഏതൊരു ഖണ്ഡിതമായ തെളിവുകളിലാണോ എന്റെ കൈ സ്പർശിച്ചത് അതിനെ പ്രയോജനപ്പെടുത്താൻ ആഗ്രഹിക്കുന്നില്ല. എന്നാൽ, ഞാൻ ആവർത്തിച്ച് പറയുകയാണ്: ഹിന്ദുവാകാതിരിക്കുക. ഈ തെളിവുകൾ എന്റേതല്ല. എന്റെ കൈകൾ അവയിൽ സ്പർശിച്ചിട്ടില്ല. മറിച്ച് ഇവയെല്ലാം അല്ലാഹുവിൽനിന്നുളളതാണ്. താൽപര്യത്തോടെ അത് ഉപയോഗിച്ചുകൊള്ളുക. നോക്കുക വിശുദ്ധ ഖുർആൻ എത്ര വ്യക്തമായാണ് ഈസായുടെ വഫാത്തിന് സാക്ഷി പറഞ്ഞുകൊണ്ടിരിക്കുന്നത്. സ്വഹാബത്തിന്റെ ഇജ്മാഉം(ഐകകണ്ഠ്യേനയുള്ള അഭിപ്രായം) സാക്ഷി പറയുന്നു. നാലു ഇമാമീങ്ങളും സാക്ഷി പറയുന്നു. അതിപുരാതന കാലംമുതലെയുള്ള നടപടിക്രമവും പ്രബലമായ ആയത്ത് ലൻ തജിദ ലിസുന്നത്തില്ലാഹി തബ്ദീലായും സാക്ഷി പറയുന്നു. എന്നിട്ടും വിശ്വസിക്കുന്നില്ലെങ്കിൽ കഠിനമായ ദൗർഭാഗ്യം തന്നെ! (തുഹ്ഫ ഗോൾഡവിയ പേജ് 94) **(മൻസ്വൂർ അഹ്മദ് മസ്റൂർ)**

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലായുടെ യൂറോപ്യൻ പര്യടനം- 2015 ഒക്ടോബർ

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

**2015 ഒക്ടോബർ 16 ശനിയാഴ്ച:**

(ലക്കം 41 തുടർച്ച)....ശേഷം ജാമിഅ അഹ്മദിയ്യ ജർമനിയിലെ എല്ലാ ക്ലാസുകാരും തങ്ങളുടെ പ്രിയപ്പെട്ട ഹുദൂറിനൊപ്പം ഓരോരുത്തരായി ഫോട്ടോ എടുത്തു. പഠനം പൂർത്തിയാക്കിയ മുറബ്ബിമാരോടൊപ്പം ഫോട്ടോ എടുത്തതിനു ശേഷം ജാമിഅ ഉസ്താദുമാർ, സ്റ്റാഫ് എന്നിവരോടൊപ്പവും ഫോട്ടോ എടുക്കപ്പെട്ടു. ഈ അവസരത്തിൽ ജാമിഅ യു.കെയിലെ ദർജ ഖാമിസ ക്ലാസിലെ കുട്ടികൾക്കും ഹുദൂറിനൊപ്പം ഫോട്ടോ എടുക്കാൻ അവസരം ലഭിച്ചു. ജാമിഅ ഖാമിസ വിദ്യാർഥികൾ ഹുദൂറിന്റെ നിർദേശമനുസരിച്ച് ഒരു എക്സ്ചേഞ്ച് തദ്രീസി പ്രോഗ്രാമിനു കീഴിൽ രണ്ടാഴ്ചയായി ജർമൻ ജാമിഅയിൽ താമസിച്ചു വരികയായിരുന്നു. ഈ കോൺവൊക്കേഷൻ പ്രോഗ്രാമിനുശേഷം ജർമൻ ജാമിഅ ദർജ ഖാമിസ വിദ്യാർഥികൾ യു.കെ ജാമിഅയിലും രണ്ടാഴ്ച തങ്ങുന്നതായിരിക്കും.

ഫോട്ടോ പ്രോഗ്രാമിനു ശേഷം ഉച്ച ഭക്ഷണത്തിന് എല്ലാവരോടൊപ്പം ഹുദൂർ ഹാളിലേക്ക് പോയി. എല്ലാവരും ഹുദൂറിനൊപ്പം ഭക്ഷണം കഴിച്ചു. ശേഷം ഹുദൂർ ജാമിഅയുടെ മസ്റൂർ ഹോസ്റ്റലിലേക്ക് പോയി. ചില മുറികൾ നോക്കിക്കണ്ടു. വിലയിരുത്തി. ഒപ്പം ചില കാര്യങ്ങളെ കുറിച്ച് ചോദിച്ചറിഞ്ഞ ഹുദൂർ ചില നിർദേശങ്ങളും നല്കി.

2.00 മണിക്ക് മസ്ജിദ് ബയ്ത്തുൽ അസീസിലെത്തിയ ഹുദൂർ ളുഹ്ർ-അസ്ർ ജംആക്കി നമസ്കരിപ്പിച്ചു. തുടർന്ന് ഹുദൂർ മടങ്ങുന്നതിന്നു മുമ്പേ ജാമിഅ വിദ്യാർഥികൾ വഴിയിൽ വരിയായി നിന്നുകൊണ്ട് ഹുദൂറിന് കൈവീശി യാത്രയയ്ക്കുന്നുണ്ടായിരുന്നു. ഹുദൂർ ഓരോരുത്തരുടേയും അടുക്കൽ എത്തുകയും അവരുടെ സലാമിന് മറുപടി നല്കുകയും ചിലരോട് സംസാരിക്കുകയും ചെയ്തു.

2.20 ന് ഹുദൂർ മടങ്ങി. 40 മിനിറ്റ് യാത്രയ്ക്കുശേഷം ഏകദേശം 3.00 മണിക്ക് ഫ്രാങ്ക്ഫർട്ടി(Frankfurt)ലുള്ള ബയ്ത്തുസ്സുബൂഹിലെത്തി. തുടർന്ന് താമസസ്ഥലത്തേക്ക് മടങ്ങി. വൈകുന്നേരം ഹുദൂർ ഓഫീസ് സംബന്ധമായ കത്തുകൾ, സാധാരണ കത്തുകൾ, റിപ്പോർട്ടുകൾ തുടങ്ങിയവ പരിശോധിക്കുകയും നിർദേശങ്ങൾ നല്കുകയും ചെയ്തു.

രാത്രി 8.15-ന് തഅ്ലീമുൽ ഇസ്ലാം കോളേജ്, റബ്വയുടെ വേൾഡ് സ്റ്റുഡൻസ് അസോസിയേഷൻ ജർമനിയുടെ ഭാരവാഹികൾക്ക് ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനുള്ള ഭാഗ്യം ലഭിച്ചു. ശേഷം മസ്ജിദ് ഹാളിലേക്ക് പോകുകയും ആമീൻ പരിപാടിക്ക് തുടക്കം കുറിക്കുകയും ചെയ്തു.

### ആമീൻ പരിപാടി

ചുവടെ ചേർക്കുന്ന ആൺകുട്ടികളും പെൺകുട്ടികളുമടങ്ങുന്ന ഭാഗ്യശാലികളായ 22 പേരിൽ നിന്ന് ഓരോരോ ആയത്ത് ഹുദൂർ കേൾക്കുകയും ഒടുവിൽ ദുആ ചെയ്യുകയും ചെയ്തു.

ദാനിശ് അഹ്മദ് ഘോക്കർ, അത്ഹർ അഹ്മദ് രിള്വാൻ, ഇഹ്തിശാം അഹ്മദ്, ഫയ്ളാൻ അഹ്മദ്, മഅ്മൂൻ അഹ്മദ് സാദിഖ്, ഖാസിം ദീശാൻ സാദിഖ്, ഫർഹാൻ ഫാറൂഖ്, അഹദ് അഹ്മദ് അർശദ്, ഇഹ്സാൻ അഹ്മദ് മുയീൻ, ഫർഹാൻ അഹ്മദ് മുയീൻ, മുഅവ്വിദ് അഹ്മദ് ബട്ട്, മുസവ്വിർ ബട്ട്, നുഅ്മാൻ യൂസുഫ് ഇംറാൻ.

മർയം അഹ്മദ്, അതീഖ റശീദ്, നായില അള്ഹർ, സൽമാ രിള്വാൻ, അമത്തുൽ മുഖീത്ത് മനാഹിൽ, മലാഹത് മൻളൂർ ചൗദ്രി, നസ്അ മലായിക്ക, ആഫിയ സുൽത്വാൻ, അരീബ ത്വാഹിർ.

ആമീൻ പരിപാടിക്കുശേഷം ഹുദൂർ മഗ്രിബ്-ഇശാഅ് ജംആക്കി നമസ്കരിപ്പിച്ചു.

### നിക്കാഹ് വിളംബരം

നമസ്കാരത്തിനു ശേഷം ഹുദൂറിന്റെ അനുവാദത്തോടെ മുബല്ലിഗ് ഇൻചാർജ്, ഹയ്ദർ അലി ളഫർ സാഹിബ് ചുവടെ സൂചിപ്പിക്കുന്ന 4 വ്യക്തികളുടെ നിക്കാഹു വിളംബരപ്പെടുത്തി.

(1)ളഫർ അഹ്മദ് സാഹി സാഹിബിന്റെ മകൾ, അസീസ റാബിഅ നൂർ സാഹീയുടെ നിക്കാഹ് നയീം അഹ്മദ് സാഹിബിന്റെ മകൻ വസീം അഹ്മദ് ത്വാഹിറുമായി നടന്നു.

(2)ത്വാഹിർ അഹ്മദ് സാഹിബിന്റെ മകൾ അസീസ ഹഫ്സ്വ അഹ്മദിന്റെ നിക്കാഹ് മൻസൂർ അഹ്മദ് സാഹിബിന്റെ മകൻ അസീസം ശാഹിദ് മൻസൂറുമായി നടന്നു

(3)അബ്ദുശ്ശകൂർ സാഹിബിന്റെ മകൾ അസീസ മഹോശ് ശകൂറിന്റെ നിക്കാഹ് അബ്ദുർറഊഫ് സാഹിബിന്റെ മകൻ ഫാറൂഖ് അഹ്മദ് സാഹിബുമായി നടന്നു.

(4)മുഹമ്മദ് മാലിക് സാഹിബിന്റെ മകൾ ആനിസ മാരിയ മാലിക്കിന്റെ നിക്കാഹ് സ്വാബിർ ഹുസയ്ൻ സാഹിബിന്റെ മകൻ അസീസ് കാശിഫ് അദ്നാനുമായി നടന്നു.

നിക്കാഹ് വിളംബരത്തിനുശേഷം ഹുദൂർ ദുആക്ക് നേതൃത്വം നല്കി. ശേഷം താമസസ്ഥലത്തേക്ക് മടങ്ങി.

പുതുതായി നിർമിച്ച ജാമിഅ ജർമനി കെട്ടിടം സ്ഥിതി ചെയ്യുന്ന റൈഡ്സ്റ്റാഡ്റ്റ് (Riedstadt) പട്ടണത്തെ സംക്ഷിപ്തമായി നമുക്ക് പരിചയപ്പെടാം. ഈ പട്ടണം ചരിത്ര പ്രാധാന്യമുള്ളതാണ്. ഈ നഗരത്തിന് 1178 വർഷം പഴക്കമുണ്ട്. ഇവിടുത്തെ ജനസംഖ്യ ഇരുപത്തിരണ്ടായിരമാണ്. 83 വിവിധ സമൂഹങ്ങൾ ഇവിടെ താമസിക്കുന്നു. ഗ്രോബ് ജെറൌ(Grob-Gerau) ജില്ലയിൽ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ ഏറ്റവും വലിയ പട്ടണമാണിത്. ഫ്രാങ്ക്ഫർട്ടിലെ മസ്ജിദ് ബയ്ത്തുസ്സുബൂഹിൽ നിന്ന് 57 കിലോമീറ്റർ ദൂരത്താണ് ഈ പട്ടണം സ്ഥിതി ചെയ്യുന്നത്. അഹ്മദിയ്യാ ജമാഅത്ത് ഈ പട്ടണത്തിൽ പരിചിതമാകുന്നത് 1985-ലാണ്. ചില അഹ്മദി വ്യക്തികൾ ഇവിടെ വന്ന് താമസമാക്കുകയായിരുന്നു. 1987 സെപ്റ്റംബറിൽ ഇവിടെ വ്യവസ്ഥാപിതമായി ജമാഅത്ത് രൂപീകരിച്ചു. പ്രാദേശിക ജമാഅത്തിന് മസ്ജിദ് ബയ്ത്തുൽഅസീസ് നിർമിക്കാനുള്ള തൗഫീഖ് ലഭിച്ചു. ഈ മസ്ജിദിന്റെ ഉദ്ഘാടനം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അഞ്ചാമൻ 2004 ആഗസ്റ്റ് 30-ന് നിർവഹിച്ചു.

**2015 ഒക്ടോബർ 18 ഞായറാഴ്ച**

രാവിലെ 6.40-ന് ഹുദൂർ സുബ്ഹി നമസ്കരിപ്പിച്ചു. നമസ്കാരശേഷം താമസസ്ഥലത്തേക്ക് മടങ്ങിയ ഹുദൂർ ഓഫീസ് സംബന്ധമായ കത്തുകളും മറ്റു കത്തുകളും റിപ്പോർട്ടുകളും പരിശോധിക്കുകയും ആവശ്യമായ നിർദേശങ്ങൾ നല്കുകയും ചെയ്തു. തുടർന്ന് രാവിലെ 11.00 മണിക്ക് താമസസ്ഥലത്തുനിന്ന് പുറത്തുവന്നു. ദുആചെയ്ത ശേഷം ഫ്ളോർസ്റ്റഡ്റ്റ് (Florstadt) പട്ടണത്തിലേക്ക് പുറപ്പെട്ടു. അവിടെ മസ്ജിദ് മുബാറക്കിന്റെ ശിലാസ്ഥാപന കർമ പരിപാടി വെച്ചിരുന്നു.

ബയ്ത്തുസ്സുബൂഹിൽനിന്ന് ഫ്ളോർസ്റ്റഡ്റ്റ് പട്ടണത്തിലേക്ക് 30 കിലോമീറ്റർ ദൂരമുണ്ട്. ഏകദേശം 35 മിനിറ്റ് യാത്രയ്ക്കുശേഷം ശിലാസ്ഥാപന കർമം നടക്കുന്ന ഫ്ളോർസ്റ്റഡ്റ്റിലെ മസ്ജിദ് സൈറ്റിലെത്തി. ഹുദൂറിന്റെ വണ്ടി സൈറ്റിലേക്കെത്തിയതും പ്രാദേശിക ജമാഅത്തിലെ സ്ത്രീകളും പുരുഷന്മാരും കുട്ടികളും പ്രിയപ്പെട്ട നേതാവിനെ ഊഷ്മളമായി വരവേറ്റു. രാവിലെ മുതൽതന്നെ ഈ സഹോദരങ്ങൾ പ്രിയപ്പെട്ട ഹുദൂറിനെ ഒരു നോക്കു കാണാൻ ഒത്തുകൂടിയിരുന്നു. സന്തോഷങ്ങളുടെ സുദിനമായിരുന്നു അവർക്ക് ഇന്ന്. ഈ ഭൂഭാഗത്ത് ആദ്യമായാണ് ഹുദൂറിന്റെ അനുഗൃഹീത പാദം പതിയുന്നത്. എല്ലാവരും തങ്ങളുടെ സൗഭാഗ്യത്തെ ഓർത്ത് നന്ദിയുടേയും സന്തോഷത്തിന്റേയും വികാരത്തിലായിരുന്നു. ലോക്കൽ സ്വദർ ത്വാഹിർ അഹ്മദ് സാഹിബ്, റീജ്യണൽ അമീർ മുസഫ്ഫർ അഹ്മദ് സഫർ സാഹിബ്, ലോക്കൽ മുഅല്ലിം മഖ്സൂദ് അഹ്മദ് അലവി സാഹിബ് എന്നിവർ ചേർന്ന് ഹുദൂറിനെ വരവേൽക്കുകയും ഓരോരുത്തരായി ഹുദൂറിന് കൈകൊടുക്കുകയും ചെയ്തു. ഈ അവസരത്തിൽ ഫ്ളോർസ്റ്റഡ്റ്റ് പട്ടണത്തിന്റെ മേയർ മിസ്റ്റർ ഹെർബെർട്ട് ഉൻഗറും(Mr.Herbert Unger)ഹുദൂറിനെ സ്വാഗതം ചെയ്യുകയും കൈകൊടുക്കുകയും ചെയ്തു. ശേഷം പ്രത്യേകം സജ്ജമാക്കിയിരുന്ന പന്തലിലെ സ്റ്റേജിൽ ഉപവിഷ്ഠരായ ഹുദൂർ കുറച്ചു സമയം മേയറുമായി സംസാരത്തിൽ മുഴുകി.

### മസ്ജിദ് മുബാറക് ഫ്ളോർസ്റ്റഡ്റ്റിന്റെ ശിലാ സ്ഥാപനകർമം

11.45-ന് ഹാഫിള് അൻവർ പാശാ സാഹിബിന്റെ ഖുർആൻ പാരായണത്തോടുകൂടി പരിപാടി ആരംഭിച്ചു. അതിന്റെ ജർമൻ തർജമ നജീബ് അഹ്മദ്സാഹിബ് കേൾപ്പിച്ചു. ജർമൻ നാഷണൽ അമീർ അബ്ദുല്ലാഹ് വാഗസ് ഹൗസർ സാഹിബ് പരിപാടി പരിചയപ്പെടുത്തി സംസാരിച്ചു. ഈ പട്ടണത്തെ തന്റെ പ്രസംഗത്തിൽ പരിചയപ്പെടുത്തിയ അമീർ സാഹിബ് പറഞ്ഞു:

'ഇത് ഒരു അതിസുന്ദരവും പുരോഗനാത്മകവുമായ പട്ടണമാണ്. ഇത് വെട്ടെറാവു(Wetterau) പ്രദേശത്ത് സ്ഥിതി ചെയ്യുന്നു. ഈ പട്ടണത്തിന്റെ ചരിത്രം രണ്ടായിരം വർഷങ്ങളിൽ വ്യാപിച്ചു കിടക്കുന്നു. ഈ പട്ടണത്തിൽ പല യുദ്ധങ്ങളും നടന്നിരുന്നു. അതുകാരണത്താൽ ഈ പട്ടണത്തിൽ തകർച്ചയും ഉണ്ടായിട്ടുണ്ട്. പിന്നീട് വീണ്ടും അത് പുനരധിവസിക്കപ്പെട്ടു. വിവിധ കാലങ്ങളിൽ രാജാവ് ഇവിടെ വന്ന് താമസിച്ചിരുന്നു. ഇവിടെ കോട്ടയും വലിയ ചുവരുകളും നിർമിതമായിരുന്നു. വിവിധ കാലങ്ങളിൽ ചക്രവർത്തിമാരുടെ കേന്ദ്രമായും ഈ പട്ടണം പ്രവർത്തിച്ചിട്ടുണ്ട്. ഈ പട്ടണത്തിന്റെ ജനസംഖ്യ 10000ആണ്. ഇതിന്റെ 25 ശതമാനം പ്രദേശം സുന്ദരവും പച്ചപ്പ് നിറഞ്ഞ വനവുമാണ്.

ഈ പട്ടണത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപനം 1995-ലാണ് നടന്നത്. ഇപ്പോളിവിടെയുള്ള അഹ്മദികളുടെ എണ്ണം 115 ആണ്. ഇവി

ടെ വാടകയ്ക്ക് സ്ഥലം എടുത്തുകൊണ്ടാണ് ജമാഅത്ത് പരിപാടികൾ സംഘടിപ്പിച്ചിരുന്നത്. ഫ്ളോർസ്റ്റഡ്റ്റിലെ എല്ലാ നിവാസികളും ഞങ്ങളെ വളരെയധികം സഹായിച്ചു. എല്ലാ സമയത്തും തുറന്ന കൈകളോടെ ജമാഅത്തിനെ സ്വീകരിച്ചു. മസ്ജിദിനുവേണ്ടിയുള്ള ഈ സ്ഥലം 2015 ജനുവരി 10 നാണ് വാങ്ങിയത്. ഇതിന്റെ ഭൂവിസ്തൃതി 811 ചതുരശ്ര മീറ്ററാണ്. ഒരു ലക്ഷത്തി ഇരുപതിനായിരം യൂറോയ്ക്കാണ് ഇത് വാങ്ങിയത്. ഇവിടെ 60 ചതുരശ്ര മീറ്ററിന്റെ രണ്ടു വലിയ ഹാളുണ്ടാക്കുന്നതാണ്. മിനാരത്തിന്റെ ഉയരം 12 മീറ്ററാണ്. ഗുംബദ് 6 മീറ്റർ ചുറ്റളവിലായിരിക്കും. മസ്ജിദിന്റെ പ്ലാൻ മഹിളാ ആർക്കിടെക്റ്റുകളാണ് തയ്യാറാക്കിയത്. മസ്ജിദിനോടു ചേർന്ന് ഓഫീസ്, കിച്ചൺ, ടെക്നിക്കൽ പ്രവർത്തനങ്ങൾക്കായി റൂം, ഖാദിം മസ്ജിദിന്റെ റൂം എന്നിവ ഉണ്ടായിരിക്കുന്നതാണ്.'

അമീർ സാഹിബിന്റെ പ്രസംഗ ശേഷം നാഷണൽ പാർലമെന്റംഗം ബെട്ടിന മുള്ളർ(Bettina Muller) സാഹിബ സദസ്സിനെ അഭിമുഖീകരിച്ചു:

'ആദരണീയ ഖലീഫത്തുൽ മസീഹ്! ഞാൻ അങ്ങയ്ക്ക് നന്ദി പറയാനാഗ്രഹിക്കുന്നു. ഇന്ന് നമ്മൾ മസ്ജിദ് നിർമാണത്തിന്റെ പ്ലാനിംഗ് പൂർത്തീകരിച്ച് ഈ സന്തോഷ ദിനം ആഘോഷിക്കുകയാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ അംഗങ്ങൾ വളരെ സമാധാനപ്രിയരും സ്നേഹത്തോടെ ജീവിക്കുന്നവരുമാണ്. വളരെയധികം സഹവർത്തിത്വവും സൽപ്പെരുമാറ്റവും അവരിൽ നമുക്ക് ദർശിക്കാൻ കഴിയുന്നു. മസ്ജിദ് ജനങ്ങൾ നമസ്കരിക്കുന്ന സ്ഥലമാണ്. ജനങ്ങൾ ഒരുമിച്ചു കൂടുന്ന ഇടമാണ്. സ്നേഹത്തോടെ പരസ്പരം കാണാനും സംസാരിക്കുന്നതിനുമുള്ള ഇടമാണ്. അഹ്മദിയ്യ ജമാഅത്ത് വളരെ സക്രിയമാണ്. പ്രത്യേകിച്ചും ജമാഅത്ത് അഭയാർഥികളുടെ പ്രശ്നത്തിൽ വളരെ സേവനം അർപ്പിക്കുന്നു. ഞാൻ നിങ്ങളുടെ സേവനത്തേയും പ്രവർത്തനങ്ങളേയും വളരെ മൂല്യവത്തായി കാണുന്നു. സമാധാന കാംക്ഷികളായ ഇത്തരം വ്യക്തികൾ കാരണത്താൽ സമാധാനത്തോടും സ്നേഹത്തോടും ഐക്യത്തോടും ജീവിക്കാൻ കഴിയുന്നു. എന്നാൽ മാത്രമേ ഇന്റഗ്രേഷനും സാധ്യമാകുകയുള്ളൂ.

'അഹ്മദിയ്യാ ജമാഅത്ത് എന്നും അവരുടെ വാതിൽ എല്ലാവർക്കും വേണ്ടി മലർക്കെ തുറന്നു വെക്കുന്നു. ഇപ്രകാരം പൊതുജനത്തിൽനിന്നും ഭയവും വിഭ്രാന്തിയും ദൂരത്താകുന്നതായിരിക്കും. നിങ്ങളുടെ പെരുമാറ്റങ്ങളിൽ സഹവർത്തിത്വം വ്യക്തമായ നിലയിൽ ദൃശ്യമാകുന്നുണ്ട്. ഇതു തന്നെയാണ് സമാധാനത്തിന്റെ അടിസ്ഥാന നിബന്ധനയും.

'ഒടുവിൽ അവർ ജമാഅത്തിന് നല്ല ഭാവുകങ്ങൾ നേരുകയും ഒരുതരത്തിലമുള്ള തടസ്സങ്ങളുമില്ലാതെ മസ്ജിദ് നിർമാണം പൂർത്തിയാകുന്നതിന്നായി പ്രാർഥന നേരുകയും ചെയ്തു.'

Florstadt പട്ടണത്തിന്റെ മേയർ ഹെർബെർട്ട് മുള്ളർ(Herbert Muller) സാഹിബും സദസ്സിനെ സംബോധന ചെയ്തു. അദ്ദേഹം പറഞ്ഞു:

'ഹുദൂറിനെ ആദരിച്ചുകൊണ്ട് ഞാൻ ഇംഗ്ലീഷിൽ സംസാരിക്കാൻ ആഗ്രഹിക്കുന്നു. എല്ലാ സദസ്യരേയും ഈ പരിപാടിയിലേക്ക് ഞാൻ സ്വാഗതം ചെയ്യുന്നു. Florstadt പോലെയുള്ള ചെറിയ പട്ടണത്തിൽ വന്നതിന് ഞാൻ ഹുദൂറിനോട് എന്റെ സന്തോഷം പങ്കുവെക്കാൻ ആഗ്രഹിക്കുന്നു. ഇത് ഈ പട്ടണത്തിനും വളരെ അഭിമാനിക്കാവുന്ന കാര്യമാണ്. ഹുസൂർ അൻവറിന് ആദിത്യം അരുളാൻ സാധിച്ചതിൽ എനിക്ക് അഭിമാനമുണ്ട്. ഹുദൂർ ആഗോള അഹ്മദിയ്യാ ജമാഅത്തിന്റെ പരമോന്നത നേതാവാണ്. അങ്ങ് മില്യൺകണക്കിന് അഹ്മദികളുടെ അഞ്ചാമത്തെ ഖലീഫയാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്ന മുദ്രാവാക്യം വളരെയധികം സ്നേഹ നിർഭരവും സമാധാനം പരത്തുന്നതുമാണ്. ഈ മുദ്രാവാക്യത്തിൽനിന്ന് മനസ്സിലാകുന്നത് എല്ലാവരോടും സ്നേഹത്തോടെ പെരുമാറണമെന്നാണ്. എല്ലാവർക്കും വേണ്ടി തന്റെ മനസ്സ് തുറന്നുവെക്കണമെന്നാണ്. ഇതില് വെറുപ്പിനും തീവ്രവാദത്തിനും ഒരു സ്ഥാനവും ബാക്കിയാകുകയില്ല.

'എല്ലാ മുസ്ലിമീങ്ങളും ഒരു പോലെയല്ലെന്നുള്ള അറിവും പാഠവും ക്രിസ്ത്യാനികളായ നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. അഹ്മദിയ്യാ ജമാഅത്തിനെ പോലെയുള്ള സമാധാനകാംക്ഷികളായവരുമുണ്ട്. Florstadtse ഈ മുബാറക് മസ്ജിദ് അഹ്മദികൾക്ക് വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. നൂറ് മസ്ജിദുകളുടെ നിർമാണ പദ്ധതിയിൽപ്പെട്ടതാണിത്. അഹ്മദിയ്യാ ജമാഅത്ത് Florstadt പട്ടണത്തിന്റെ സക്രിയ വിഭാഗമാണ്. ഇനി ഇവിടെ മസ്ജിദ് നിർമാണം നടക്കുന്നതോടെ നമ്മളിലെ പൊതുവായി സാമ്യമുള്ള കാര്യങ്ങൾ ഏതൊക്കെയാണെന്ന് മനസ്സിലാക്കുന്നതിനെ പറ്റി കൂടിയാലോചന നടത്തേണ്ടതുണ്ട്. കൂടാതെ നമ്മളിലുള്ള വ്യത്യാസങ്ങളെ കുറിച്ചും സ്നേഹാദരവോടെ ചർച്ചകൾ നടത്തേണ്ടതുണ്ട്.

'ഒടുവിൽ മേയർ സാഹിബ് മസ്ജിദ് നിർമാണം ശുഭകരമായി നടക്കുന്നതിന് ആശംസകൾ നേരുകയും ആരാണോ ഈ മസ്ജിദിൽ വരാൻ ആഗ്രഹിക്കുന്നത് അഹ്മദിയ്യാ ജമാഅത്ത് സന്തോഷത്തോടെ അവരെ സ്വാഗതം ചെയ്യുമെന്നും എന്നും സ്നേഹത്തോടെ പെരുമാറുമെന്നുമുള്ള ശുഭാപ്തിവിശ്വാസം പ്രകടിപ്പിക്കുകയും ചെയ്തു.'

12.10-ന് ഹുദൂർ അൻവറും സദസ്സിനെ അഭിമുഖീകരിച്ച് സംസാരിച്ചു.

### ഹുദൂർ അൻവറിന്റെ പ്രഭാഷണം

തശഹ്ഹുദ്, തഅവ്വുദ്, തസ്മിയ എന്നിവ ഓതിയതിന്നു ശേഷം ഹുദൂർ പറഞ്ഞു: എല്ലാ അതിഥികൾക്കും അസ്സലാമു അലയ്ക്കും. അത്യുന്നതനായ അല്ലാഹു ചെയ്തുതന്ന മഹത്തായ ഒരു ഔദാര്യമാണ്, ജർമനിയിലെ വിവിധ സ്ഥലങ്ങളിൽ അഹ്മദിയ്യാ ജമാഅത്ത് ജർമനിക്ക് മസ്ജിദുകൾ നിർമിക്കാനുള്ള സൗഭാഗ്യം ലഭിക്കുന്നുവെന്നത്. അതിന് അല്ലാഹുവിനോട് നന്ദിയുമുണ്ട്. Florstadt ലെ ഈ പട്ടണത്തിലും മസ്ജിദ് നിർമിക്കാൻ പോകുകയാണ്.

ഈ പട്ടണത്തിന്റെ ചരിത്രത്തിൽ മതപരമായ പലതരം ഭിന്നതകൽ ഉണ്ടായിരുന്നതായും രണ്ടായിരം വർഷം പരന്നു കിടക്കുന്ന ചരിത്രം ഉൾക്കൊള്ളുന്നതാണെന്നും വിവിധ കാലഘട്ടങ്ങളിലൂടെ കടന്നുപോയിട്ടുണ്ടെന്നും അമീർ സാഹിബ് പറയുകയുണ്ടായി.

ജമാഅത്ത് മസ്ജിദിനു വേണ്ടി തീർച്ചയായും പരിശ്രമിച്ചിട്ടുണ്ടാകും. മസ്ജിദിന്റെ നിർമാണത്തിനു വേണ്ടി ഭൂമി വാങ്ങാനും ശ്രമിച്ചിട്ടുണ്ടാകും. അപ്പോൾ പുരാതനമായി മതപരമായ അഭിപ്രായ വ്യത്യാസങ്ങൾ നിലനില്ക്കുന്ന ഇവിടെ താമസിക്കുന്ന വ്യക്തികളിൾ പലതരം ഭയപ്പാടുകൾ ഉണ്ടായിക്കാണും. ഇപ്പോൾ പട്ടണത്തിൽ സമാധാനത്തിന്റേയും ശാന്തിയുടേയും സ്നേഹത്തിന്റേയും അന്തരീക്ഷം നിലനില്ക്കുന്നു. രണ്ടാമതും മുസ്ലിമീങ്ങളുടെ ഇവിടേക്കുള്ള വരവും മസ്ജിദിന്റെ നിർമാണവും വീണ്ടും മതപരമായ അഭിപ്രായ വ്യത്യാസങ്ങൾ ആവർത്തിക്കുമോ എന്നും ഭിന്നതകളുടെ ആ പുരാതന ചരിത്രം ആവർത്തിക്കുമോ എന്നതും ചിന്തനീയമായ കാര്യമാണ്. ഇവിടെ താമസിക്കുന്ന വ്യക്തികളിൽ ഇങ്ങെനെയൊരു ചിന്ത വന്നിട്ടുണ്ടെങ്കിൽ തീർച്ചയായും അത് വളരെ ന്യായമായ ഭയപ്പാടാണ്. എന്നാൽ, അഹ്മദിയ്യാ ജമാഅത്തിന്റെ 125 വർഷ ചരിത്രം ജമാഅത്തുകളുടെ ചരിത്രത്തിൽ അത്ര പഴയതതൊന്നുമല്ല. നൂറു വർഷത്തിലധികമുള്ള ചരിത്രം ഞങ്ങളുടെ പ്രവർത്തനരീതിയും പ്രവർത്തനങ്ങളും വാക്കുകളും സ്നേഹത്തിന്റേതല്ലാതെ മറ്റൊന്നുമല്ല എന്നതിനു സാക്ഷിയാണ്. ഇൻശാ അല്ലാഹ് ഇവിടേയും മസ്ജിദ് നിർമിച്ചതിന്നുശേഷം ഈ സ്നഹവും അനുകമ്പയും മുഴച്ചു നില്ക്കുന്നതായിരിക്കും. കൗൺസിലും മേയറും ജനങ്ങളും മസ്ജിദ് നിർമിക്കാൻ അനുമതി നല്കി എന്നുള്ളത് നിങ്ങൾ ഇവിടെ കണ്ട അഹ്മദികൾ സമാധാന കാംക്ഷികളും സ്നേഹിക്കുന്നവരുമാണ് എന്നതിന് തെളിവാണ്. അതുകൊണ്ട് തന്നെയാണ് അനുമതി നല്കപ്പെട്ടതും.

കൂടാതെ ഞങ്ങൾ ഈ മസ്ജിദിന്റെ പേര് 'മസ്ജിദ് മുബാറക്' (അനുഗൃഹീത മസ്ജിദ്)എന്നാണ് വെച്ചിട്ടുള്ളത്. അങ്ങനെ എല്ലാ രൂപത്തിലും ഇത് അനുഗൃഹീതമായിരിക്കുമാറാകട്ടെ. അല്ലാഹുവിനെ ആരാധിക്കുന്ന വ്യക്തികൾക്ക് അവൻ ആഗ്രഹിക്കുന്ന അനുഗ്രഹങ്ങൾ ഈ മസ്ജിദ് നിർമാണ ശേഷം വെളിപ്പെടണം. കൂടാതെ ഇവിടെ വരുന്നവർക്ക് ആ നന്മകൾ നിലനിറുത്താനുള്ള ഭാഗ്യവും ലഭിക്കുമാറാകട്ടെ.

ഹുദൂർ അൻവർ അയ്യദഹുല്ലാഹ് പറഞ്ഞു: ഈ ഭൂമിയും ആകാശവും സൃഷ്ടിച്ചവനാണ് അല്ലാഹു. അവൻ തന്റെ സൃഷ്ടികൾക്ക് അനുഗ്രഹങ്ങളാഗ്രഹിക്കുന്നു. ഈ അനുഗ്രഹങ്ങളെ കുറിച്ച് നമുക്ക് ഇങ്ങനെയാണ് മനസ്സിലാകുന്നത്. ഉദാഹരണത്തിന് നമ്മുടെ മതഗ്രന്ഥമായ വിശുദ്ധ ഖുർആൻ അതിന്റെ ആദ്യ അധ്യായത്തിൽത്തന്നെ അല്ലാഹുവിന് അടിസ്ഥാനപരമായി നാലു സവിശേഷ ഗുണങ്ങളുണ്ടെന്ന് പഠിപ്പിക്കുന്നു. അവൻ പരിപാലിക്കുന്നവനാണ്. കരുണ ചെയ്യുന്നവനാണ്. ചോദിക്കുന്നവർക്ക് നല്കുന്നവനാണ്. രക്ഷാ ശിക്ഷയുടെ നാളിന്റെ ഉടമ

**തിരുനബിയുടെ തിരുമൊഴികൾ:**

**ജാബിർ(റ)നിവേദനം. നബി(സ)തിരുമേനിയുടെ ആരോ ചോദിച്ചു:'ഏറ്റവും ഉത്തമമായ നമസ്കാരം ഏതാണ്?' അവിടന്ന് പറഞ്ഞു:'ദീർഘമായ ഖുനൂത്തുള്ളത്.'**
**(മുസ്‌ലിം, ഹദീഥ് 330)**

**തിരുനബിയുടെ തിരുമൊഴികൾ:**

**അബൂഹുറയ്റ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: 'തസ്ബീഹ് പുരുഷന്മാർക്കും കൈയടിക്കൽ സ്ത്രീകൾക്കുമാകുന്നു.' ഒരു നിവേദനത്തിൽ'നമസ്കാരത്തിൽ' എന്നുമുണ്ട്.'**
**(മുസ്‌ലിം, ഹദീഥ് 335)**

**ത്വാലിബെ ദുആ:**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala**

**ത്വാലിബെ ദുആ:**
**K.Muhammad Safwan & Family**
**Ahmadiyya Jama-ath Kakkanad, Kerala**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി Weekly **BADAR** Qadian
ഖാദിയാൻ

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-5 Thursday 05 November 2020 Issue-45

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

സ്ഥനാണ്. സൽക്കർമം ചെയ്യുന്നവരെ അനുഗ്രഹിക്കുന്നു. ആദ്യത്തെ സവിശേഷ ഗുണം പരിപാലിക്കുന്നവൻ എന്നതാണ്. എല്ലാ മനുഷ്യരേയും എന്നല്ല ഈ ലോകത്ത് അവൻ സൃഷ്ടിച്ചിട്ടുള്ള എല്ലാ സൃഷ്ടികളേയും പരിപാലിക്കുന്നവനാണെന്നത് ഇതിൽനിന്ന് പ്രകടമാണ്. അവയ്ക്ക് ഭക്ഷണം ലഭ്യമാക്കുന്നവൻ. വിശുദ്ധ ഖുർആനിൽ ഒരു ഉദാഹരണം ഇങ്ങനെയും നല്കപ്പെട്ടിട്ടുണ്ട്, മൃഗങ്ങൾക്കും പക്ഷികൾക്കും അല്ലാഹു ആഹാരം ലഭ്യമാക്കുന്നു; ഇപ്രകാരം നിങ്ങൾക്കും ലഭ്യമാക്കുന്നു. ഒരുവിധ വ്യത്യാസവും കൂടാതെ അല്ലാഹു അതിനുള്ള ഏർപാടു ചെയ്തിരിക്കുന്നു. മുസ്‌ലിമീങ്ങളാവട്ടെ, ക്രിസ്ത്യാനിയാവട്ടെ, യഹൂദിയാവട്ടെ, ഹിന്ദുവാകട്ടെ അല്ലെങ്കിൽ മറ്റാരെങ്കിലും ആവട്ടെ എന്നല്ല അല്ലാഹുവിനെ വിശ്വസിക്കാത്ത നിർമതനാവട്ടെ അവരെയെല്ലാം പരിപാലിക്കുന്നവൻ അല്ലാഹുവാണ്. അവർക്കും ഉപജീവനം നല്കുന്നു. അവർക്കുവേണ്ടിയും അവന്റെ റഹ്മാനിയ്യത്ത് (പരമകാരുണികത)എന്ന് സവിശേഷ ഗുണം പ്രവർത്തിക്കുന്നു. അവൻ കരുണ ചെയ്യുന്നു, എല്ലാ മനുഷ്യരുടെമേലും കരുണ ചെയ്യുന്നു. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കുക എന്നതിന്റെ അടിസ്ഥാനത്തിൽ നമ്മൾ സംസാരിക്കുമ്പോൾ ആ അനുഗ്രഹങ്ങളുടെ പദത്തോടൊപ്പംതന്നെ അല്ലാഹുവിന്റെ അടിസ്ഥാനപരമായ സവിശേഷ ഗുണങ്ങളിൽ ചിന്തിക്കണമെന്നതിലേക്കും ശ്രദ്ധ തിരിയുന്നു. പിന്നീട് ആ സവിശേഷ ഗുണങ്ങളെ മനുഷ്യൻ സ്വായത്തമാക്കണമെന്നും അല്ലാഹു പറയുന്നു. അല്ലാഹുവിൽ വിശ്വസിക്കുന്നവൻ ഇക്കാര്യങ്ങൾ സ്വായത്തമാക്കുമ്പോൾ അവൻ തന്റെ ചുറ്റുവട്ടത്തും മറ്റുള്ളവർക്ക് എളുപ്പങ്ങളുണ്ടാകുന്നതിനുള്ള ഏർപാടും ചെയ്യുന്നതായിരിക്കും. മറ്റുള്ളവരോടു കരുണ ഉണ്ടാകുക. നിർധനരുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുക. അതിനാൽ ഈ ചിന്തയോടുകൂടിയാണ് നമ്മുടെ മസ്ജിദുകൾ ഉണ്ടാകുന്നത്. ഈ ചിന്തയോടെ ഞങ്ങൾ എവിടെയൊക്കെ പോകുന്നുണ്ടോ അവിടെയൊക്കെ താമസിക്കുകയും ചെയ്യുന്നു.(തുടരും)

(പേജ് 8ൽനിന്ന്)

മുയീനുദ്ദീൻ നദ്‌വി വാള്യം 2, പേജ് 128, ദാറുൽ ഇശാഅത്ത് ഉർദുബാസാർ, കറാച്ചി, പാക്കിസ്താൻ)(അശറമുബശ്ശറ, ബശീർ സാജിദ്, പേജ് 809, അൽബദ്ർ പബ്ലിക്കേഷൻസ് ഉർദു ബാസാർ ലാഹോർ, 2000)(മുഅ്ജമുൽ ബുൽദാൻ, വാള്യം 5, പേജ് 6, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്). ബാക്കി ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

പാകിസ്താനിലെ അഹ്മദികൾക്ക് വേണ്ടിയും ഇപ്പോൾ ദുആ ചെയ്യേണ്ടതാണ്. അല്ലാഹു അവരെ മൗലവിമാരുടേയും സർക്കാരുദ്യോഗസ്ഥന്മാരുടേയും ഉപദ്രവങ്ങളിൽനിന്ന് കാക്കുമാറാകട്ടെ. അവിടെ വീണ്ടും എതിർപിന്റെ ശക്തമായ തിര ഉയരുകയാണ്. നിയമത്തിന്റെ സംരക്ഷകർ, നീതിയെപ്പറ്റി ബോധമില്ലാത്തവർ മാത്രമല്ല, അതിനെ ശിഥിലമാക്കുന്നവരുമാണ്. മൗലവി പറയുന്നതിന്റെ പിന്നാലെയാണ് അവർ നടക്കുന്നത്. ഒരു പക്ഷേ, ജീവൻ രക്ഷിക്കാനായിരിക്കും ഇങ്ങനെ ചെയ്യുന്നത്. അങ്ങനെ അവർക്ക് രാഷ്ട്രീയ സ്ഥിരത കിട്ടിയേക്കാമെന്ന് അവർ കരുതുന്നതായാണ് എനിക്കു തോന്നുന്നത്. എന്നാൽ, ഇത് അവരുടെ വ്യാമോഹമാണ്.

ഓർക്കുക! എപ്പോഴും ഇതു തന്നെയാണ് അവരുടെ നാശത്തിനു കാരണമായിത്തീരുക. നമ്മൾ നേരത്തേയും ഈ പ്രയാസങ്ങളിലൂടെ കടന്ന് പോയിട്ടുള്ളവരാണ്. ഇനിയും ഇൻശാ അല്ലാഹ്, അല്ലാഹുവിന്റെ സഹായത്താൽ ഈ കടമ്പ മറികടക്കുന്നതായിരിക്കും. എന്നാൽ, ഇവരുടെ ചെയ്തികൾ, ഇവർ പിന്മാറുന്നില്ലെങ്കിൽ ഇവരുടെ നാശം ഉറപ്പാണ്. അതുകൊണ്ട് അഹ്മദികൾ ഇപ്പോൾ നല്ലതുപോലെ ദുആചെയ്യുക. അല്ലാഹു ഈ പ്രയാസങ്ങൾ അകറ്റുമാറാകട്ടെ. പ്രത്യേകിച്ചും അല്ലാഹുവുമായുള്ള ബന്ധം വർധിപ്പിക്കുക. പാകിസ്താനിലെ അഹ്മദികളും പാകിസ്താനിൽനിന്ന് വന്നിട്ടുള്ള പുറത്തുള്ള അഹ്മദികളും ഇത് ശ്രദ്ധിക്കുക. അങ്ങനെ അല്ലാഹുവിന്റെ സഹായം എത്രയും വേഗം വരികയും അവിടെ താമസിക്കുന്ന അഹ്മദികൾ പ്രയാസങ്ങളിൽനിന്ന് മോചിതരാകുകയുംചെയ്യുമാറാകട്ടെ. (വിവർത്തനം: എച്ച്.ശംസുദ്ദീൻ കാവശ്ശേരി, ടൈപ്പ് സെറ്റിംഗ്:ഹാശിം അശ്റഫ് ആലപ്പുഴ)

(പേജ് 1ൽനിന്ന്)

കയോ ചെയ്യുന്നത് അനുവദനീയമാണ്. പക്ഷേ, ഒരാൾ തന്റെ സ്നേഹിതനോടു മഞ്ഞ നിറത്തിലുള്ള ഉടുപ്പ് വാങ്ങാൻ പറയുമ്പോൾ, അയാൾ പറയുന്നു എനിക്ക് മഞ്ഞ നിറം ഇഷ്ടമല്ലെന്ന്. കാരണം അയാൾക്കിഷ്ടപ്പെട്ട നിറമാണ് അയാൾക്ക് അനുവദനീയമായിട്ടുള്ളത്. അയാളുടെ സ്വഭാവത്തിന് നല്ലതാകണം. ഭക്ഷണത്തെ സംബന്ധിച്ച് അല്ലാഹുവിന്റെ കല്പനയാണ് അനുവദനീയവും നല്ലതുമായത് തിന്നുക എന്നത്. ചിലയാളുകൾ കുമ്പളങ്ങ ഇഷ്ടപ്പെടുകയില്ല. ആരോടെങ്കിലും നിങ്ങളെന്തുകൊണ്ടാണ് വഴുതനങ്ങ തിന്നാത്തതെന്ന് ചോദിച്ചാൽ തനിക്കിഷ്ടമല്ലെന്ന് ഉടനെ പറയുന്നു. താങ്കളെന്താണ് മത്തങ്ങ തിന്നാത്തതെന്ന് ചോദിച്ചാൽ തന്റെ ഭാര്യയ്ക്ക് അതിഷ്ടമല്ലെന്ന് പറയുന്നു. അതുപോലെ വീടു വെക്കുന്നവർ തങ്ങളുടെ താൽപര്യത്തിനും ഇഷ്ടത്തിനുമനുസരിച്ചാണ് വീടു പണിയുന്നത്. ഒരാൾ ഒരു നില കെട്ടിടമാണ് വെക്കുന്നതെങ്കിൽ വേറൊരാൾ രണ്ടു നില. ചിലർ മൂന്നു നില. ചിലർ വീടിന്റെ പരിസരത്ത് പൂന്തോട്ടമുണ്ടാക്കുന്നു. ചിലർ പൂന്തോട്ടമൊന്നുമില്ലാതെ താമസിക്കുന്നു. ഈ എല്ലാ കാര്യങ്ങളും അനുവദനീയമാണ്. പക്ഷേ, അതിലെല്ലാം എല്ലാവരും പ്രവർത്തനം നടത്തുന്നില്ല. ഇതിന്റെ അർഥം എല്ലാ അനുവദനീയമായ കാര്യങ്ങളും ചെയ്യേണ്ടത് നിർബന്ധമല്ലെന്ന് അയാൾ മനസ്സിലാക്കുന്നുവെന്നതാണ്. പക്ഷേ, ഭാര്യയെ മൊഴിചൊല്ലേണ്ട പ്രശ്നം വരുമ്പോൾ മൊഴിചൊല്ലൽ അനുവദനീയമാണെന്ന് പറഞ്ഞ് ചിന്തിക്കാതെയും ആലോചിക്കാതെയും ക്ഷണത്തിൽ മൊഴിചൊല്ലുന്നു. വാസ്തവത്തിൽ അനുവദനീയമായ ചില വസ്തുക്കൾ മനുഷ്യൻ തനിക്കുവേണ്ടിയും ചിലത് തന്റെ സ്നേഹിതന്മാർക്കുവേണ്ടിയും ചിലതു സമൂഹത്തിനുവേണ്ടിയും എന്നെന്നേക്കുമായി ഉപേക്ഷിക്കാറുണ്ട്. യഥാർഥത്തിൽ അത്തരം അവസരത്തിൽ ഒരു മുഅ്മിന്റെ അവസ്ഥ എന്താണെന്നാൽ, അയാൾ ആ അനുവദനീയമായതിനെ അല്ലാഹുവിനുവേണ്ടി ഉപേക്ഷിക്കുകയാണ്. തന്റെ അല്ലാഹുവിന് അതിഷ്ടമല്ലെന്ന് അയാൾ മനസ്സിലാക്കുന്നു; അതുകൊണ്ട് തന്റെ ദൈവം, തന്നെ വെറുക്കാതിരിക്കാൻ അയാൾ അത് ചെയ്യുന്നില്ല. മൊഴിചൊല്ലൽ അഥവാ ത്വലാഖ് സർവസാധാരണമാക്കുക എന്നതല്ല സദാചാരമാർഗവും നേരായ വഴിയും. മറിച്ച് സദാചാരമാർഗവും നേരായ വഴിയുമെന്നത് മൊഴിചൊല്ലലിൽനിന്ന് പിന്തിരിയാൻ ശ്രമിക്കുക എന്നതാണ്. വേണമെങ്കിൽ ചെയ്യാം എന്നതാണ് ഹലാലിന്റെ അർഥം. ഇതു നിയമത്തിന്റെ അടിസ്ഥാനത്തിൽ വിരോധമല്ല. പക്ഷേ, നിങ്ങൾ മറ്റുള്ളവരുടെ ചിന്താഗതികളേയും വികാരങ്ങളേയും സഹതാപത്തേയും സ്നേഹത്തേയും പരിഗണിക്കേണ്ടതാണ്. ഒരു അനുവദനീയമായ കാര്യം ചെയ്യുന്നതുകൊണ്ട് മറ്റുള്ളവരുടെ ചിന്താഗതികൾക്കും വികാരങ്ങൾക്കും സഹതാപത്തിനും സ്നേഹത്തിനും ക്ഷതമേല്ക്കുന്നുവെങ്കിൽ അത് ഹലാലല്ല. മറിച്ച് അത്തരം ഹലാൽ ഒരു ഭാഗത്ത് ഹലാലാകുമ്പോൾ മറുഭാഗത്ത് ഹറാമാകുന്നു. ആളുകൾ തങ്ങളുടെ സ്നേഹിതന്മാരുടെ വെറുപ്പും ജനതയുടെ വെറുപ്പും സഗൗരവം ശ്രദ്ധിക്കുമ്പോൾ മനുഷ്യൻ അല്ലാഹുവിന്റെ വെറുപ്പാണോ ശ്രദ്ധിക്കാതിരിക്കേണ്ടത്. മനുഷ്യന് ചിന്തിക്കാൻ പറ്റുന്നത്ര ദുർബലമാണോ അല്ലാഹുവിന്റെ അസ്തിത്വം. ഭൗതികതരത്തിലും താഴ്ന്നതരത്തിലും സ്നേഹിക്കുന്നവർ തങ്ങളുടെ പ്രേമഭാജനത്തിന്റെ ചെറുതിൽചെറുതായ വെറുപ്പു പോലും ഭയക്കുമ്പോൾ, അവർ വെറുക്കാനുള്ള അവസരം കൊടുക്കാതിരിക്കുമ്പോൾ ഒരു മുഅ്മിൻ ഇന്ന അബ്ഗളൽ ഹലാലി യിൻദല്ലാഹിത്ത്വലാഖു എന്ന നബി(സ)തിരുമേനിയുടെ ഈ ഹദീഥ് കേട്ട് അല്ലെങ്കിൽ വായിച്ച് അതിനെതിരിൽ പ്രവർത്തിക്കാൻ എത്ര എളുപ്പമാണ് തന്റേടം കാണിക്കുന്നത്. അബ്ഗളൽ ഹലാലിയെ സ്വീകരിക്കുന്നതിൽനിന്ന് പിന്മാറാൻ ശരീഅത്ത് പറയുന്നു. അപ്പോൾ എല്ലാ ഓരോ മുഅ്മിന്റേയും നിർബന്ധ കടമയാണ് അത്തരം കാര്യങ്ങളിൽ കുറവു വരുത്താൻ ശ്രമിക്കുക എന്നത്. ഭാര്യാ ഭർത്താക്കന്മാരുടെ വൈമനസ്യത്തിന്റെ നേരത്ത് ഇക്കാര്യം മറക്കാതിരിക്കുക.'(തഫ്സീറെ കബീർ വാള്യം 2, പേജ് 519-520, ഖാദിയാൻ 2010)

# തീവണ്ടിയിലെ യാത്ര

വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് അഹ്മദ്(അ) പറയുന്നു: 'ലോകം ഒരു തീവണ്ടിയാണ്. നമുക്കെല്ലാവർക്കും ആയുസ്സിന്റെ ടിക്കറ്റ് നല്കപ്പെട്ടിരിക്കുന്നു. ഓരോരുത്തരുടേയും സ്റ്റേഷൻ വരുമ്പോൾ അവരെ അവിടെ ഇറക്കുന്നു. അതായത് അവൻ മരിക്കുന്നു. അപ്പോൾപ്പിന്നെ മനുഷ്യൻ ഏതു ജീവിതത്തിന്മേലാണ് ഭാവനാപരമായ ബിരിയാണി ഉണ്ടാക്കുകയും ദീർഘമായ പ്രതീക്ഷകൾ കെട്ടിപ്പടുക്കുകയും ചെയ്യുന്നത്.'**(മൽഫൂദാത്ത് വാള്യം 1, പേജ് 395)**

# മലിനമാക്കാതിരിക്കുക

വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് അഹ്മദ്(അ) പറയുന്നു:'അല്ലാഹു മുത്തഖിയെ സ്നേഹിക്കുന്നു. അല്ലാഹുവിന്റെ മഹത്ത്വത്തെ ഓർമിച്ച് എല്ലാവരും ഭക്തിയോടെ ഇരിക്കുക. ഓർമിച്ചുകൊള്ളുവിൻ! എല്ലാവരും അല്ലാഹുവിന്റെ അടിയാറുകളാണ്. ആരേയും ദ്രോഹിക്കരുത്. ആരോടും കോപിക്കരുത്. നിന്ദാ ദൃഷ്ടിയോടെ നോക്കുകയുമരുത്. ജമാഅത്തിൽ മലിനമായ ഒരാളുണ്ടെങ്കിൽ അയാൾ എല്ലാവരേയും മലിനമാക്കുന്നതായിരിക്കും. കോപത്തിലേക്ക് നിങ്ങളുടെ സ്വഭാവം ചായുന്നുവെങ്കിൽ ആത്മപരിശോധന നടത്തുക. കോപത്തിന്റെ ആ അരുവി എവിടെന്നാണ് ഉത്ഭവിച്ചതെന്ന് കണ്ടെത്തുക. ആ സ്ഥലം വളരെ ഗുരുതരമാണ്.' **(മൽഫൂദാത്ത് വാള്യം 1, പേജ് 9)**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin